ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

# സമകാലിക ജനപഥം

2023 ഏപ്രിൽ ₹ 12 പുസ്തകം 9 ലക്കം 9




www.facebook.com/samakalikajanapadham/



കേരളം സുരക്ഷിതം \ കേരളം അഭിമാനം
നല്ല നാടിന്റെ നന്മകൾ കാണാൻ
സമകാലിക
ജനപഥം
KERALA CALLING
പ്രത്യേക
വരിസംഖ്യാ
ക്യാംപെയ്ൻ
സംസ്ഥാന സർക്കാരിന്റെ മുഖപത്രങ്ങളായ
സമകാലിക ജനപഥത്തിന്റെയും
കേരള കോളിങ്ങിന്റെയും വാർഷിക
വരിക്കാരാവാൻ ഇപ്പോൾ സുവർണാവസരം...
കേരളകോളിങ്ങിനും
ജനപഥത്തിനും
240 രൂപ
മണിയോർഡർ / ഡിമാൻഡ് ഡ്രാഫ്റ്റ്
ഡയറക്ടർ, ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ്
റൂം നമ്പർ 101, അനക്സ്-1
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-1
0471-2517036
iocirculation@gmail.com
www.etreasury.kerala.gov.in

**ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ**

എഡിറ്റർ
**ടി. വി സുഭാഷ് ഐ.എ.എസ്**
അഡീഷണൽ എഡിറ്റർ
**കെ. അബ്ദുൾ റഷീദ്**
ഡപ്യൂട്ടി എഡിറ്റർ
**വി. പി. അശ്വതി**
എഡിറ്റർ - ഇൻ - ചാർജ്
**കെ.എസ്. ഇന്ദുശേഖർ**
അസിസ്റ്റന്റ് എഡിറ്റർ
**ഹേമന്ത് കുമാർ. എൽ**
**പ്രഭാത് നായർ**
സർക്കുലേഷൻ ഓഫീസർ
**എൻ. സതീഷ് കുമാർ**
കവർ & ലേഔട്ട്
**ദീപക് മൗത്താട്ടിൽ**
ടൈപ്പ് സെറ്റിങ്
**വിനിത വി. എസ്**

April 1, 2023, Volume 9, Issue 9
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

പ്രതികരണങ്ങൾ അയക്കേണ്ട വിലാസം

**എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം – 695001**
prdmalayalam@gmail.com
**0471 2518171**

**വരിക്കാരാകാൻ**
**120 രൂപയുടെ മണി ഓർഡർ,
ഡയറക്ടർ,
ഇൻഫർമേഷൻ പബ്ലിക്
റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം,
1–ാം നില, സെക്രട്ടേറിയറ്റ് അനക്സ്–1,
തിരുവനന്തപുരം – 1
എന്ന വിലാസത്തിൽ അയയ്ക്കുക.**

**0471 2517036**
iocirculation@gmail.com

**ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.**

# സുസ്ഥിരമാണ് ഈ മുന്നേറ്റം




അഭിമാനദീപ്തമായ അന്തരീക്ഷത്തിലാണ് രണ്ടാം പിണറായി വിജയൻ സർക്കാറിന്റെ രണ്ടാം വാർഷികാഘോഷങ്ങൾ നടക്കുന്നത്. സുസ്ഥിരവികസനത്തിന്റെയും സാമൂഹികനീതിയുടെയും അടിസ്ഥാനത്തിൽ എല്ലാവരെയും ചേർത്തുപിടിക്കുന്ന ഒരു നവകേരളസൃഷ്ടിയാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. എല്ലാവരും പങ്കാളികളായ അത്തരമൊരു നവകേരളം യാഥാർഥ്യമാക്കാനുള്ള പ്രവർത്തനങ്ങളാണ് വിവിധമേഖലകളിലായി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

ദാരിദ്ര്യനിർമ്മാർജനത്തിൽ സവിശേഷമായ മുന്നേറ്റം കൈവരിക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളമെന്ന് ഈയിടെ കേരളത്തിലെത്തിയ സാമ്പത്തികശാസ്ത്ര നൊബേൽ പുരസ്കാരജേതാവായ ഡോ. അഭിജിത് ബാനർജി പറയുകയുണ്ടായി. അതിദരിദ്രരില്ലാത്ത ഉൽക്കൃഷ്ടമായ സാമൂഹികവ്യവസ്ഥ കേരളത്തിന് കൈയെത്തും ദൂരത്താണെന്നത് ഏറെ അഭിമാനകരമാണെന്ന് അദ്ദേഹം പറഞ്ഞത് ഏറെ ശ്രദ്ധേയമാണ്.

അടിസ്ഥാനസൗകര്യം, വ്യവസായം, നൈപുണ്യം, സംരഭകത്വ മേഖലകളിലെ വികസനത്തിനായുള്ള വിവിധ പദ്ധതികൾക്കൊപ്പം ദാരിദ്ര്യനിർമ്മാർജനം, മാലിന്യമുക്തകേരളം, കാർഷിക സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കൽ, ആരോഗ്യപരിപാലനം തുടങ്ങിയവയ്ക്കും വലിയ പരിഗണനയാണ് കേരളം നൽകുന്നത്. യുവതയുടെ കേരളത്തിന് കരുതൽ നൽകുംവിധം തൊഴിൽസൃഷ്ടി, സംരംഭകത്വം, ഗവേഷണപ്രോത്സാഹനം എന്നീ മേഖലകളിലും മികവുറ്റ പരിപാടികളാണ് പ്രഖ്യാപിക്കുന്നതും നടപ്പിലാക്കുന്നതും. അനവധി ദേശീയ പുരസ്കാരങ്ങൾ ഈ നയസമീപനങ്ങൾക്കുള്ള അംഗീകാരമായി സംസ്ഥാനത്തെ തേടിയെത്തി. വിവിധ വകുപ്പുകളിലായി സർക്കാർ ഇതിനകം കൈവരിച്ച നേട്ടങ്ങളും പദ്ധതികളും അടയാളപ്പെടുത്തുന്ന പ്രത്യേകപതിപ്പാണ് സമകാലിക ജനപഥത്തിന്റെ ഏപ്രിൽ ലക്കം. പ്രിയവായനക്കാർക്ക് ഈ പതിപ്പ് പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

**ടി. വി സുഭാഷ് ഐ.എ.എസ്.**
എഡിറ്റർ





10 യാഥാർഥ്യമാക്കുന്ന സുസ്ഥിരവികസനവും സാമൂഹികനീതിയും
പിണറായി വിജയൻ, മുഖ്യമന്ത്രി

16 ജനങ്ങൾക്കൊപ്പം എല്ലായ്പ്പോഴും സുസജ്ജം

18 കാലികം സേവനോന്മുഖം
കെ. രാജൻ

22 ജലസമൃദ്ധിയിലേക്ക് തെളിനീരൊഴുക്കിലേക്ക്
റോഷി അഗസ്റ്റിൻ

26 ഇടതടവില്ലാതൊഴുകം ഹരിതോർജം
കെ. കൃഷ്ണൻകുട്ടി

30 അരണ്യസമ്പത്തിന് സംരക്ഷണം വനാശ്രിതസമൂഹത്തിന് ക്ഷേമം
എ. കെ. ശശീന്ദ്രൻ

34 തുറമുഖങ്ങൾക്ക് ഗതിവേഗം പുരാരേഖകൾക്ക് വീണ്ടെടുപ്പ്
അഹമ്മദ് ദേവർകോവിൽ

**38** പുതുയാത്രാവഴികൾ
സ്മാർട്ട് സേവനങ്ങൾ
അഡ്വ. ആന്റണി രാജു

**42** മാറുന്ന കായികകേരളം
മികവേറുന്ന കളിക്കളങ്ങൾ
വി. അബ്ദുറഹിമാൻ

**46** തികവോടെ ഭക്ഷ്യസുരക്ഷ
നിറവോടെ പൊതുവിതരണം
ജി. ആർ. അനിൽ

**52** പരിമിതികളില്ലാത്ത പരിരക്ഷ
പദ്ധതികൾക്ക് സത്വരവേഗം
കെ. എൻ. ബാലഗോപാൽ

**56** ജ്ഞാനോന്നതിക്ക് പ്രതിജ്ഞാബദ്ധം
തുല്യനീതിക്ക് കാവൽ
ഡോ. ആർ. ബിന്ദു

**60** പരിപാലനം ആധുനികം
കരുതൽ തണലിൽ കർഷകർ
ജെ. ചിഞ്ചുറാണി

**64** വികസനം ജനകീയമായി
സേവനങ്ങൾ ആധുനികമായി
എം. ബി. രാജേഷ്

**68** സുഗമപാതകൾ സുഖദസഞ്ചാരം
പി. എ. മുഹമ്മദ് റിയാസ്

**72** കാർഷികസമൃദ്ധിക്കായ്
പുതുവഴികളിലേക്ക്
പി. പ്രസാദ്

**76** ഉന്നതിക്ക് ചിറകുകളേകി
പുരോഗതിക്ക് പടവുകൾ പാകി
കെ. രാധാകൃഷ്ണൻ

**80** ഉയരുന്നു നവ വ്യവസായകേരളം
പി. രാജീവ്

**84** കടലോരജനതയ്ക്കൊപ്പം
സജി ചെറിയാൻ

**88** പൊതുവിദ്യാലയങ്ങൾ സജീവമായി
തൊഴിലിടങ്ങൾ മാതൃകയായി
വി. ശിവൻകുട്ടി

**92** കരുതലും സാന്ത്വനവുമേകി
സഹകരണമേഖല
വി. എൻ. വാസവൻ

**96** ആശുപത്രികൾ സുസജ്ജം
സേവനങ്ങളിൽ ആധുനികച്ചുവടുകൾ
വീണാ ജോർജ്




# സാഭിമാനം
# ഒന്നാമതുതന്നെ കേരളം



- നീതി ആയോഗിന്റെ ദേശീയ ആരോഗ്യ സൂചികയിൽ കേരളം ഒന്നാമത്
- ദേശീയ ഊർജകാര്യക്ഷമത സൂചികയിൽ കേരളം മുന്നിൽ
- വൈദ്യുതി വിതരണത്തിലെ കാര്യക്ഷമതയും ഈ മേഖലയിലെ പരിസ്ഥിതി സൗഹൃദ നടപടികളും വിലയിരുത്തി നിതി ആയോഗ് തയ്യാറാക്കിയ സൂചികയിൽ കേരളത്തിന് രണ്ടാംസ്ഥാനം
- രണ്ടുവർഷം കൊണ്ട് ' ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് ' സൂചികയിൽ 44.82 എന്ന സ്കോറിൽ നിന്നും 85.00 സ്കോറിലെത്തി
- വ്യവസായ വളർച്ചയുടെ സൂചകമായ CAGR 1.00 ൽ നിന്നും 7.91 ലെത്തി
- ആരോഗ്യരംഗത്തെ മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനത്തിനുള്ള ഇന്ത്യാ ടുഡേ 2022 അവാർഡ്
- ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള കേന്ദ്രസർക്കാരിന്റെ ആരോഗ്യമന്ഥൻ പുരസ്കാരം
- മാതൃമരണം കുറയ്ക്കുന്നതിൽ ഏറ്റവും മികവോടെ പ്രവർത്തിച്ച സംസ്ഥാനത്തിനുള്ള ദേശീയ പുരസ്കാരം
- ഉന്നതനിലവാരമുള്ള പോഷകാഹാര ലഭ്യത ഉറപ്പാക്കിയ അമൃതം ന്യൂട്രിമിക്സ് പദ്ധതിക്ക് 2022 ലെ യുഎൻ വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ സഹകരണത്തോടെ നൽകുന്ന ഗ്ലെൻമാർക്ക് ന്യൂട്രീഷ്യൻ അവാർഡ്



- ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങളിൽ കേന്ദ്ര സർക്കാരിന്റെ സബ് നാഷണൽ സർട്ടിഫിക്കേഷന്റെ (Sub National certification of progress towards TB free status) ഭാഗമായി വിവിധ വിഭാഗത്തിൽ കേരളത്തിന് പുരസ്കാരം
- കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മാതൃകാപരമായി, സേവനസന്നദ്ധതയോടെ നടപ്പാക്കിയതിന് കൊല്ലം അഷ്ടമുടി സഹകരണ ആശുപത്രി ആന്റ് ട്രോമോ കെയർ സെന്ററിന് ഇംപ്ലിമെന്റേഷൻ ഓഫ് ബെസ്റ്റ് പ്രാക്ടീസസ് കോംപറ്റീഷൻ അവാർഡ്
- ടൂറിസം രംഗത്തെ സമഗ്ര വികസനത്തിനുള്ള 'ഹാൾ ഓഫ് ഫെയിം' ബഹുമതി അടക്കം നാല് ദേശീയ അവാർഡുകൾ
- ബെസ്റ്റ് എമർജിങ്ങ് സ്റ്റേറ്റ് ഇൻ ഇന്നൊവേഷൻ - ഇന്ത്യാടുഡേ പുരസ്കാരം കാരവൻ ടൂറിസത്തിന്
- ലോകത്ത് കണ്ടിരിക്കേണ്ട 50 സ്ഥലങ്ങളിൽ കേരളവും ഉൾപ്പെടുത്തി ടൈംസ് മാഗസിൻ. കാരവൻ ടൂറിസത്തിനും വാഗമണ്ണിലെ കാരവൻ പാർക്കിനും പ്രത്യേകം പരാമർശം
- വേൾഡ് ട്രാവൽ മാർക്കറ്റും മധ്യപ്രദേശ് സർക്കാരും ഐസിആർടി ഇന്റർനാഷണലും ചേർന്ന് നടത്തിയ ഐസിആർടി ഇന്ത്യൻ സബ് കോണ്ടിനന്റ് അവാർഡ്
- 2022 ൽ ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങൾക്ക് കേരളത്തിന് നാല് ഗോൾഡ് അവാർഡുകൾ
- പ്രമുഖ ഓവൽ പ്ലാറ്റ്ഫോമായ ബുക്കിങ്ങ് ഡോട്ട് കോം ആഗോള അടിസ്ഥാനത്തിൽ നടത്തിയ സർവേയിൽ ഇന്ത്യയിലെ മോസ്റ്റ് വെൽക്കമിങ്ങ് റീജിയൻ വിഭാഗത്തിൽ കേരളം ഒന്നാമത്

- അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന ട്രാവൽ ആൻഡ് ലെഷർ വെബ്സൈറ്റിന്റെ ഗ്ലോബൽ വിഷൻ പുരസ്കാരം കേരള ടൂറിസത്തിന്
- ലോകത്തിലെ ഏറ്റവും വലിയ ട്രാവൽ ഷോയായ വേൾഡ് ട്രാവൽ മാർക്കറ്റിന്റെ ജലസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾക്കുള്ള വിഭാഗത്തിൽ കേരളത്തിന്റെ വാട്ടർ സ്ട്രീറ്റ് പദ്ധതി
- നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്ക് (എൻഐ ആർഎഫ്) 2022 ലെ രാജ്യത്തെ ഏറ്റവും മികച്ച കോളേജുകളുടെയും സർവകലാശാലകളുടെയും പട്ടികയിൽ കേരളത്തിലെ സർവകലാശാലകളും ഗവേഷണ സ്ഥാപനങ്ങളും ആദ്യ നൂറിൽ
- കുടുംബശ്രീ -ദേശീയ നഗര ഉപജീവനമിഷൻ സ്പാർക്ക് റാങ്കിങ്ങിൽ കേരളം ഒന്നാമത്. ആദ്യമായാണ് കേരളം സ്പാർക്ക് റാങ്കിങ്ങിൽ ഒന്നാമതെത്തുന്നത്
- പുരപ്പുറ സൗരോർജ്ജ പദ്ധതി നടത്തിപ്പിലെ പ്രവർത്തന മികവിന് ദേശീയതലത്തിൽ നൽകുന്ന "ആർ ഇ - അസറ്റ് ഇന്ത്യ" അവാർഡ് കെഎസ്ഇബിക്ക്
- സ്റ്റാർട്ടപ്പ് മേഖലയിലെ മികച്ച പ്രകടനത്തിനുള്ള കേന്ദ്ര സർക്കാരിന്റെ സ്റ്റാർട്ടപ്പ് പുരസ്കാരം തുടർച്ചയായി മൂന്നാം തവണയും കേരളത്തിന്
- സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പദ്ധതിയുടെ ഭാഗമായി രാജ്യത്ത് ഏറ്റവുമധികം സംരംഭങ്ങൾ ആരംഭിച്ച സംസ്ഥാനമായി കേരളം
- കേന്ദ്ര ഇലക്ട്രോണിക്സ് ആന്റ് ഐടി വകുപ്പിന്റെ 2022 ലെ ഡിജിറ്റൽ ഇന്ത്യ അവാർഡ്. മൂന്ന് പുരസ്കാരങ്ങളാണ് വിവിധ വിഭാഗങ്ങളിലായി കേരളം നേടിയത്
- മികച്ച പ്രകടനം കാഴ്ചവെക്കുന്ന പഞ്ചായത്തുകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ദേശീയ പഞ്ചായത്ത് അവാർഡ് 2023 ൽ അഞ്ച് അവാർഡുകൾ കേരളത്തിന്
- ഗുരുവായൂർ, ആലപ്പുഴ നഗരസഭകൾക്ക് ഇന്ത്യൻ സ്വച്ഛത ലീഗ് അവാർഡ്



- സഹകരണ വകുപ്പിന്റെ കെയർഹോമിന് സ്കോച് പുരസ്കാരം
- ദേശീയ സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കേഴ്സ് ഫെഡറേഷന്റെ മികച്ച പ്രവർത്തനങ്ങൾക്കുള്ള ദേശീയ അവാർഡ് കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്
- പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷന് ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷന്റെ (എൻ.എസ്.എഫ്.ഡി.സി) അംഗീകാരം
- കെ.എസ്.ആർ.ടി.സി സിറ്റിസർക്കുലർ, ഗ്രാമവണ്ടി പദ്ധതികൾക്ക് ഭാരത സർക്കാരിന്റെ ഹൗസിങ്ങ് &അർബൻ അഫയേഴ്സ് മന്ത്രാലയം അവാർഡുകൾ
- ഇന്ത്യൻ സ്മാർട്ട് ഗ്രിഡ് ഫോറം ഡയമണ്ട് പുരസ്ക്കാരം കെഎസ്ഇബിഎൽ-ന്
- വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതിയ്ക്ക് ദേശീയ അംഗീകാരം
- സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിങ്ങ്സ് ലിമിറ്റഡിന് എസ്.ഐ.എ.ടി. ഐ അവാർഡ്
- ട്രാക്കോ കേബിളിന്റെ ഗുണമേൻമയ്ക്ക് പുരസ്കാരം
- ഭക്ഷ്യസുരക്ഷാസൂചികയിൽ ദേശീയതലത്തിൽ രണ്ടാംസ്ഥാനം
- പാലോട് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ വികസിപ്പിച്ചെടുത്ത രണ്ട് ഓർക്കിഡ് ഇനങ്ങൾക്ക് അന്തർദേശീയ അംഗീകാരം
- ഗ്ലോബൽ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റിപ്പോർട്ട് പ്രകാരം അഫോഡബിൾ ടാലന്റ്സ് റാങ്കിങ്ങിൽ കേരളം ഏഷ്യയിൽ ഒന്നാമതും ലോകത്ത് നാലാമതുമാണ്
- കേന്ദ്ര ഭവന-നഗരകാര്യ മന്ത്രാലയം ഏർപ്പെടുത്തിയ ഏറ്റവും മികച്ച സംയോജന മാതൃകയ്ക്കും സാമൂഹ്യാധിഷ്ഠിതമായ പദ്ധതി നിർവഹണത്തിനുമുള്ള രണ്ട് ദേശീയ അവാർഡുകൾ കുടുംബശ്രീക്ക് ലഭിച്ചു





സർക്കാരിന്റെ
രണ്ടാം വാർഷികത്തിന്റെ
സംസ്ഥാനതല ഉദ്ഘാടനം
നിർവഹിച്ച് നടത്തിയ
പ്രസംഗത്തിന്റെ
പ്രസക്തഭാഗങ്ങൾ

# യാഥാർഥ്യമാക്കുന്നു സുസ്ഥിരവികസനവും സാമൂഹികനീതിയും

**പിണറായി വിജയൻ**
മുഖ്യമന്ത്രി

കേരളത്തിൽ മന്ത്രിസഭകൾ പലതുണ്ടായിട്ടുണ്ട്. മന്ത്രിസഭാവാർഷിക ആഘോഷങ്ങളും. അതിനൊന്നിനുമില്ലാത്ത ചില പ്രത്യേകതകളുടെ പശ്ചാത്തലം തുടർഭരണത്തിന്റെ രണ്ടാം വാർഷികത്തിനുണ്ട്. മന്ത്രിസഭാവാർഷികം ജനകീയ ആഘോഷമായി മാറേണ്ടതിന്റെ ആവശ്യകതയാണ് ഈ പശ്ചാത്തലത്തിൽ പ്രധാനം. ഇതു ഒരു മന്ത്രിസഭയുടെയല്ല, മറിച്ച് ഈ സംസ്ഥാനത്തിന്റെയും ഇവിടുത്തെ ജനതയുടെയും നിലനിൽപ്പിനെയും അതിജീവനത്തെയുമാണ് അടയാളപ്പെടുത്തുന്നത്. അങ്ങനെയാണ് ഇതു കേരളത്തിന്റെയാകെ ആഘോഷമായി മാറുന്നത്.

കഴിഞ്ഞ ഏഴ് വർഷം കൊണ്ട് 80,000 കോടിയിലധികം രൂപയുടെ വികസനപ്രവർത്തനങ്ങളാണ് കിഫ്ബി മുഖേന ഏറ്റെടുത്തിരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കിഫ്ബി മുഖേന 50,000 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് ലക്ഷ്യം വെച്ചിരുന്നതെങ്കിൽ 62,500 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സാധിച്ചു. ഈ സർക്കാരിന്റെ കാലത്ത് 60,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ലക്ഷ്യം. ഇതിനോടകം 18,000 കോടിയിലധികം രൂപയുടെ വികസനപ്രവർത്തനങ്ങൾ ഏറ്റെടുക്കാനായി. ഇപ്പോൾ കിഫ്ബി ധനസഹായത്തോടെ സ്ഥലമേറ്റെടുപ്പ് യാഥാർഥ്യമാക്കിയ ദേശീയപാതാവികസനം പൂർണ്ണതയിലേക്കെത്തുന്നു. കേരളത്തിന്റെ വടക്കേ അറ്റം മുതൽ തെക്കേയറ്റം വരെ ആറുവരിപ്പാതയുടെ നിർമ്മാണം അതിവേഗത്തിൽ പുരോഗമിക്കുകയാണ്. ദേശീയപാതാവികസനത്തിന് വേണ്ടിയുള്ള സംസ്ഥാനവിഹിതം നിർബന്ധിത ചട്ടമല്ലെന്ന് കേന്ദ്രസർക്കാർ തന്നെ പാർലമെന്റിൽ വ്യക്തമാക്കിയിട്ടുള്ളപ്പോഴാണ് നാടിന്റെ പൊതുവായ വികസനത്തിനായി കേരളം മാതൃകാപരമായ ഇടപെടൽ നടത്തിയിട്ടുള്ളത്.

രാജ്യത്തെ ഏറ്റവും ഉയർന്ന സാർവത്രിക സാമൂഹികക്ഷേമ പെൻഷൻ നിരക്കായ 1,600 രൂപ, 63 ലക്ഷത്തോളം പേർക്ക് മാസം തോറും വിതരണം ചെയ്യുകയാണ്. ആരും പട്ടിണി കിടക്കുന്നില്ല എന്നുറപ്പുവരുത്താൻ ജനകീയ ഹോട്ടലുകളുണ്ട്. കുറഞ്ഞ ചെലവിലും സൗജന്യമായും എല്ലാവർക്കും ഭക്ഷണം ലഭ്യമാക്കുകയാണ്. 3,25,000 ത്തോളം വീടുകളാണ് ലൈഫ് പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് കൈമാറിയത്. പുനർഗേഹം പോലെയുള്ള പദ്ധതികൾക്കു പുറമെയാണിത്. 2016 മുതൽ ആകെ 2,31,000 ത്തിലധികം പേർക്കാണ് പട്ടയം നൽകിയിട്ടുള്ളത്. രാജ്യത്തെ ആദ്യത്തെ ഭവനരഹിതരില്ലാത്ത, ഭൂരഹിതരില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുന്നതിൽ പ്രതിജ്ഞാബദ്ധമാണ് സർക്കാർ.

രാജ്യത്താകെ 25 ശതമാനത്തിലധികം ആളുകൾ പലവിധത്തിലുള്ള ദാരിദ്ര്യം അനുഭവിക്കുമ്പോൾ കേരളത്തിൽ ഒരു ശതമാനത്തിൽ താഴെ - കേവലം 0.70% - ആളുകൾ മാത്രമാണുള്ളത്. ഒരു ചെറുശതമാനം പോലും ദാരിദ്ര്യം അനുഭവിക്കരുത് എന്ന ലക്ഷ്യത്തോടെയാണ് അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനായുള്ള പ്രത്യേക ഇടപെടൽ നടത്തുന്നത്. രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ ദാരിദ്ര്യരഹിതസംസ്ഥാനമാക്കി കേരളത്തെ മാറ്റുകയുമാണ്. സംസ്ഥാനത്തിന്റെ സുസ്ഥിരവികസനത്തിനായി വികസന പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോഴും പ്രത്യേക ശ്രദ്ധ വിവിധ മേഖലകളിൽ പതിപ്പിക്കുന്നുണ്ട്. ദാരിദ്ര്യനിർമ്മാർജ്ജനം, കാർഷിക നവീകരണം, വ്യവസായ പുനസംഘടന, നൈപുണ്യ വികസനം, സംരംഭകത്വപ്രോത്സാഹനം, മാലിന്യനിർമ്മാർജ്ജനം, നൂതനത്വത്തിൽ ഊന്നിയ അടിസ്ഥാനസൗകര്യവികസനം, തുടങ്ങിയവയാണവ. നവകേരള സൃഷ്ടിക്കായി സർക്കാരിന്റെ വികസന-ക്ഷേമപ്രവർത്തനങ്ങൾ എല്ലായിടങ്ങളിലേക്കും എല്ലാവിഭാഗങ്ങളിലേക്കും എത്തിക്കാനാണ് ശ്രമിക്കുന്നത്.

പ്രതിസന്ധികൾക്കിടയിലും 2021-22 വർഷത്തിൽ 4.64 ശതമാനം വളർച്ചയാണ് കാർഷികമേഖലയിൽ. റബ്ബറിനു വിലസ്ഥിരതാഫണ്ട് ഏർപ്പെടുത്തി. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്ക് ഇന്നാട്ടിലെ കർഷകർ നൽകുന്ന സംഭാവനകളെ വ്യക്തമായി തിരിച്ചറിഞ്ഞുകൊണ്ടാണ് 16 ഇനം പഴങ്ങൾക്കും പച്ചക്കറികൾക്കും തറവില പ്രഖ്യാപിച്ചത്. രാജ്യത്താദ്യമായാണ് ഇങ്ങനെയൊരു കർഷകാനുകൂല നിലപാട്. റബ്ബർ മേഖലയിലെ സർക്കാരിന്റെ സുപ്രധാനമായ ഒരിടപെടലാണ് കോട്ടയത്ത് സ്ഥാപിക്കപ്പെടുന്ന കേരള റബ്ബർ ലിമിറ്റഡ്. 1,050 കോടി രൂപ ചെലവിട്ടാണ് ഈ പൊതുമേഖലാസ്ഥാപനം യാഥാർഥ്യമാക്കുന്നത്. ലാറ്റക്സ് ഉൽപന്നങ്ങളുടെ ഹബ്ബും സ്വാഭാവികറബ്ബറിന്റെ സംഭരണത്തിനായുള്ള സംവിധാനങ്ങളും ഇതോടൊപ്പമുണ്ടാകും. ആദ്യഘട്ടത്തിൽ 200 കോടി രൂപയാണ് മുതൽമുടക്ക് പ്രതീക്ഷിക്കുന്നത്.

രാജ്യത്താകെ വിവിധ സേവനങ്ങൾക്കായി ജനങ്ങൾ സർക്കാർ ഓഫീസുകൾ കയറിയിറങ്ങേണ്ടി വരുമ്പോൾ കേരളത്തിൽ ഓൺലൈൻ - വാതിൽപ്പടി സേവനങ്ങൾ യാഥാർഥ്യമാക്കിയിരിക്കുകയാണ്. അവ എല്ലാവർക്കും പ്രാപ്യമാക്കുന്നതിനായി ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ചു. എല്ലാവർക്കും കുറഞ്ഞ ചെലവിലോ സൗജന്യമായോ ഇന്റർനെറ്റ് ലഭ്യമാക്കുന്നതിനായി കെ-ഫോൺ പദ്ധതി നടപ്പാക്കുകയാണ്. കേരളത്തിലെ പി എസ് സി രാജ്യത്തിനാകെ മാതൃകയാണ്. കേരളത്തിലെ പി എസ് സി രാജ്യത്തിനാകെ മാതൃകയാണ്. 2,03,000 നിയമന ശുപാർശകളാണ് 2016 ജൂൺ മുതൽക്കിങ്ങോട്ടുള്ള കാലയളവിൽ നൽകിയത്. ഇക്കാലയളവിൽ 30,000 ത്തോളം അധിക തസ്തികകൾ സംസ്ഥാനസർക്കാർ സൃഷ്ടിച്ചു. സർക്കാർ സർവീസുകളിൽ പ്രാതിനിധ്യം കുറഞ്ഞ വിഭാഗങ്ങളുടെ പ്രാതിനിധ്യം വർധിപ്പിക്കാനായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഡ്രൈവുകൾ നടത്തി.

നൂതനസാങ്കേതികവിദ്യാരംഗത്ത് കാര്യക്ഷമമായ ഇടപെടലുകൾ നടത്തിക്കൊണ്ട് നൂതന സാങ്കേതികവിദ്യ, ഇലക്ട്രോണിക്സ് വ്യവസായം എന്നീ മേഖലകളിൽ മുന്നേറ്റം കൈവരിക്കാനും ശ്രമിക്കുകയാണ്. ഇതിന്റെ ഭാഗമാണ് എറണാകുളത്തെ ഗ്രഫീൻ ഗവേഷണകേന്ദ്രം. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ടെക്നോപാർക്കിൽ 82 ഉം കൊച്ചി ഇൻഫോപാർക്കിൽ 171 ഉം കോഴിക്കോട് സൈബർ പാർക്കിൽ 28 ഉം ഉൾപ്പെടെ 281 ഐടി കമ്പനികളാണ് പുതുതായി ആരംഭിച്ചിട്ടുള്ളത്. ഐ ടി രംഗത്ത് തൊഴിൽ അന്വേഷിക്കുന്നവർക്കും ഇപ്പോൾ തൊഴിൽ ചെയ്യുന്നവർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന രീതിയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ ഫ്യൂച്ചർ ടെക്നോളജി ആരംഭിക്കുന്നതിനുള്ള നടപടികളായി.

സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാനാണ് സംരംഭക വർഷം പദ്ധതി നടപ്പാക്കിയത്. ഒരു വർഷം കൊണ്ട് ഒരു ലക്ഷം സംരംഭങ്ങളായിരുന്നു ലക്ഷ്യമെങ്കിലും ആദ്യത്തെ എട്ട് മാസം കൊണ്ടുതന്നെ 1,40,000 ത്തോളം സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളത്. 8,300 കോടിയിലധികം രൂപയുടെ നിക്ഷേപങ്ങൾ സമാഹരിക്കാനായി. മൂന്ന് ലക്ഷത്തോളം തൊഴിലവസരങ്ങൾ



സൃഷ്ടിക്കുകയും ചെയ്തു. പരമ്പരാഗത, നൂതന, ചെറുകിട, പൊതുമേഖലാ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം തന്നെ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കും പ്രോത്സാഹനം നൽകുന്ന നയമാണ് സർക്കാരിന്റേത്. തെക്കെ ഏഷ്യയിലെ ഏറ്റവും വലിയ സ്റ്റാർട്ടപ്പ് ആൻഡ് ഇന്നവേഷൻ ഹബ്ബുകളിലൊന്ന് നമ്മുടെ നാട്ടിലാണ്. ഏറ്റവും മികച്ച സ്റ്റാർട്ടപ്പ് സൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന സംസ്ഥാനവും കേരളമാണ്. കേരളത്തിലെ സ്റ്റാർട്ടപ്പ് സംരംഭങ്ങളിൽ നിക്ഷേപം നടത്താൻ തയ്യാറായി വരുന്ന വെഞ്ച്വർ ക്യാപിറ്റലിസ്റ്റുകൾക്ക് ഫണ്ട് ഓഫ് ഫണ്ട്സിൽ നിന്നുള്ള തുക കൂടി ലഭ്യമാക്കി ഒരു കോർപ്പസ് ഫണ്ട് രൂപീകരിച്ച് മൂലധനം ഒരുക്കാനാവും. വ്യാവസായിക രംഗത്തെ പ്രമുഖ കമ്പനികളിൽ നിന്നും എയ്ഞ്ചൽ ഫണ്ടിങ്ങ് സ്വീകരിച്ച് നഗരങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാർട്ടപ്പുകൾ ആരംഭിക്കും. ഇതിന്റെ ഭാഗമായുള്ള ഇഗ്നൈറ്റ് പ്രോഗ്രാമുകൾ എല്ലാ നഗരങ്ങളിലും നടത്തിവരികയാണ്. 2026 ഓടെ കേരളത്തിൽ 15,000 സ്റ്റാർട്ടപ്പുകൾ ആരംഭിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പൂട്ടിക്കിടന്ന പൊതുമേഖലാസ്ഥാപനങ്ങൾ സർക്കാർ ഏറ്റെടുത്ത് പ്രവർത്തനക്ഷമമാക്കുകയാണ്. ഭെൽ - ഇ എം എല്ലും എച്ച് എൻ എല്ലും, കെൽ - ഇ എം എല്ലും കെ പി പി എല്ലുമായി നവീകരിക്കപ്പെട്ടു. കെ പി പി എൽ ഉൽപാദിപ്പിക്കുന്ന ന്യൂസ് പ്രിന്റിൽ ഹിന്ദിയിലും ഇംഗ്ലീഷിലുമുള്ള പത്രങ്ങൾ അച്ചടിക്കപ്പെടുന്നു.

2035 ഓടെ 90 ശതമാനത്തിലധികം നഗരജനസംഖ്യയുള്ള സംസ്ഥാനമായി കേരളം മാറും എന്നാണ് കണക്കാക്കപ്പെടുന്നത്. ഈ സാഹചര്യത്തിലാണ് മാലിന്യനിർമ്മാർജ്ജനമടക്കമുള്ള വിഷയങ്ങളെ സമീപിക്കേണ്ടത്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്താകെ വിട്ടുവീഴ്ചയില്ലാതെ മാലിന്യസംസ്കരണം നടപ്പാക്കണമെന്നതാണ് സർക്കാരിന്റെ നയം. ഖര, ദ്രവ മാലിന്യങ്ങൾ, ബയോമെഡിക്കൽ മാലിന്യങ്ങൾ, ഇ-വേസ്റ്റ് എന്നിവയുടെ ശാസ്ത്രീയമായ സംസ്കരണം നടപ്പാക്കേണ്ടതുണ്ട്. മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കാൻ ഗാർഹിക ജൈവമാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനുള്ള സാങ്കേതിക പിന്തുണ തദ്ദേശ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കും. മാലിന്യ നിർമ്മാർജ്ജനത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് സോഷ്യൽ ഓഡിറ്റിങ്ങും നടപ്പാക്കും. വികേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനം നല്ലൊരു തൊഴിൽമേഖല കൂടിയാണ്. ആ സാധ്യതകൾ കൂടി ഉപയോഗപ്പെടുത്തി അന്താരാഷ്ട്ര സഹകരണത്തോടെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടപ്പാക്കുകയാണ്.

2,03,000 നിയമന ശുപാർശകളാണ് 2016 ജൂൺ മുതൽക്കിങ്ങോട്ടുള്ള കാലയളവിൽ നൽകിയിട്ടുള്ളത്. ഇക്കാലയളവിൽ 30,000 ത്തോളം അധിക തസ്തികകളാണ് സംസ്ഥാന സർക്കാർ സൃഷ്ടിച്ചത്. സർക്കാർ സർവീസുകളിൽ പ്രാതിനിധ്യം കുറഞ്ഞ വിഭാഗങ്ങളുടെ പ്രാതിനിധ്യം വർധിപ്പിക്കാനായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഡ്രൈവുകൾ നടത്തി. പഠനത്തോടൊപ്പം തൊഴിൽ എന്ന സംസ്കാരം വളർത്തിയെടുക്കുന്നതിനായി 'ഏൺ വൈൽ യൂ ലേൺ' പദ്ധതി നടപ്പാക്കിവരികയാണ്. ഗവേഷണം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 3,500 കോടി രൂപയുടെ റിസേർച്ച് ആൻഡ് ഡെവലപ്മെന്റ് ബജറ്റാണ് ഈ സാമ്പത്തിക വർഷം പ്രഖ്യാപിച്ചിരിക്കുന്നത്. ഗവേഷണ രംഗത്തെ അറിവുകളെ സാമൂഹ്യപുരോഗതിക്ക് ഉതകുന്ന വിധത്തിൽ മാറ്റിതീർക്കുന്നതിന് ട്രാൻസ്ലേഷൻ ലാബുകൾ സ്ഥാപിക്കുകയാണ്. 200 കോടി രൂപ മുതൽമുടക്കിൽ 10 സർവകലാശാലകളിലാണ് ഇത്തരം ലാബുകൾ സ്ഥാപിക്കുക.

ഉൽപാദനവും ഉൽപാദക്ഷമതയും വർധിപ്പിക്കാനും അധികവിഭവങ്ങളുടെ നീതിയുക്തമായ വിതരണത്തിലൂടെ സാമൂഹികനീതി ഉറപ്പുവരുത്താനും അങ്ങനെ നവകേരളം യാഥാർഥ്യമാക്കാനുമാണ് ശ്രമിക്കുന്നത്. വിജ്ഞാന സമ്പദ്ഘടനയായ നവകേരളം സുസ്ഥിരവും ഉൾച്ചേർക്കലിൽ അടിസ്ഥാനപ്പെട്ടതുമായിരിക്കും. നവകേരളനിർമ്മിതിയിൽ എല്ലാവരും പങ്കാളികളാകുമെന്നാണ് പ്രതീക്ഷിക്കുന്നതും. ■

## സന്തോഷത്തിന്റെ ഈ വേളയിൽ എല്ലാവർക്കും സംതൃപ്തി നൽകുന്ന ചില പദ്ധതികൾ സർക്കാർ നടപ്പാക്കുകയാണ്

**പിണറായി വിജയൻ**
മുഖ്യമന്ത്രി



- 6,500 കോടി രൂപ ചെലവിലും 625 കിലോമീറ്റർ നീളത്തിലും തിരുവനന്തപുരത്തെ പൂവാർ മുതൽ കാസർഗോട്ടെ കുഞ്ചത്തൂർ വരെ യാഥാർഥ്യമാകുന്ന തീരദേശ ഹൈവേ.

- 3,500 കോടി രൂപ ചെലവിലും 1,251 കിലോമീറ്റർ നീളത്തിലും തിരുവനന്തപുരത്തെ പാറശ്ശാല മുതൽ കാസർഗോട്ടെ നന്ദാരപടവ് വരെ ഒരുങ്ങുന്ന മലയോര ഹൈവേ.

- കേരളത്തെ കാർബൺ ന്യൂട്രലാക്കാൻ ഉപകരിക്കുന്നതും 200 കോടി മുതൽമുടക്ക് പ്രതീക്ഷിക്കുന്നതുമായ കൊച്ചിയിലെയും തിരുവനന്തപുരത്തെയും ഗ്രീൻ ഹൈഡ്രജൻ ഹബ്ബുകൾ.

- അവയവ മാറ്റിവയ്ക്കലിൽ കേരളത്തിന്റെ ശേഷികളെ മെച്ചപ്പെടുത്താനായി കോഴിക്കോട്ട് സ്ഥാപിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ.

- തിരുവനന്തപുരത്തെ ലൈഫ് സയൻസസ് പാർക്കിൽ സ്ഥാപിക്കുന്ന മൈക്രോബയോമ സെന്റർ ഓഫ് എക്സലൻസ്. ആരോഗ്യരംഗത്തെ പുതിയ സാധ്യതകൾ കണ്ടെത്തുന്ന ഈ കേന്ദ്രത്തിനായി 10 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്.

- മെഡിക്കൽ ഉപകരണങ്ങളുടെ ഉൽപ്പാദനം, മെഡിക്കൽ സാങ്കേതികവിദ്യകളുമായി ബന്ധപ്പെട്ട ഗവേഷണം എന്നിവയുടെ കേന്ദ്രമായി കേരളത്തെ മാറ്റാൻ കഴിയുന്ന കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം.

- തിരുവനന്തപുരത്തെ ലൈഫ് സയൻസസ് പാർക്കിൽ സ്ഥാപിക്കുന്ന ന്യൂട്രാസ്യൂട്ടിക്കൽസിലെ മികവിന്റെ കേന്ദ്രം. ആദ്യഘട്ടത്തിനായി അഞ്ച് കോടി രൂപ വകയിരുത്തി.

- വൈദ്യുതവാഹനങ്ങളിലെ ഘടകങ്ങളുടെ വികസനത്തിനും നിർമ്മാണത്തിനുമായി ഒരു ഇ. വി. കൺസോർഷ്യം. 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- കാസർഗോട്ടെ ബേക്കലിനെയും തിരുവനന്തപുരത്തെ കോവളത്തെയും ബന്ധിപ്പിക്കുന്ന 616 കിലോമീറ്റർ ദൈർഘ്യമുള്ള വെസ്റ്റ്കോസ്റ്റ് കനാൽ. ജലപാതയുടെ വശങ്ങളിലായി സാമ്പത്തിക വികസന സാധ്യതകളുള്ള ഭൂമി ഏറ്റെടുക്കലിനായി 300 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്.

- ഇടുക്കി, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ എയർസ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനുള്ള ഡി പി ആർ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഓരോ എയർസ്ട്രിപ്പിനും 125 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

- എയ്റോസ്പേസ് ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും പ്രധാന കേന്ദ്രമായി കേരളത്തെ മാറ്റുന്നതിനുള്ള കേരള സ്പേസ് പാർക്ക് പദ്ധതി.

- ആലപ്പുഴ, കുട്ടനാട്, കുമരകം, ബേപ്പൂർ, ബേക്കൽ തുടങ്ങിയ സ്ഥലങ്ങളെ അടുത്ത മൂന്നുവർഷംകൊണ്ട് ലോകോത്തര ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി.

- അതിവേഗം നഗരവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കേരളത്തിലെ നഗരങ്ങളുടെ പുനരുജ്ജീവനത്തിനും സൗന്ദര്യവൽക്കരണത്തിനും വേണ്ടി 300 കോടി രൂപയുടെ പദ്ധതി.

- ശാസ്ത്രസാങ്കേതിക മേഖലയിലെ മുന്നേറ്റങ്ങളെ വ്യവസായ മേഖലയുടെ വളർച്ചയ്ക്കായി ഉപയോഗിക്കാൻ കഴിയുന്ന നാല് സയൻസ് പാർക്കുകൾ 1,000 കോടി രൂപ മുതൽമുടക്കിൽ സ്ഥാപിക്കുകയാണ്.

# ജനങ്ങൾക്കൊപ്പം എല്ലായ്പ്പോഴും സുസജ്ജം

കുറ്റാന്വേഷണത്തിലും ക്രമസമാധാന പാലനത്തിലും ഏറെ മുന്നിലാണ് കേരള പോലീസ്. പൊതുജനസുരക്ഷ ഉറപ്പാക്കുന്ന പോലീസ് സേനയുടെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിൽ സർക്കാർ അതീവ പ്രാധാന്യമാണ് നൽകുന്നത്.

തിരുവനന്തപുരത്ത് സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ചിന്റെ പുതിയ ആസ്ഥാന മന്ദിരം 2022 മെയ്‌ലാണ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തത്. 8.41 കോടി രൂപ മുടക്കി 38,120 ചതുരശ്ര അടിയിൽ നാലുനിലകളിലായാണ് കെട്ടിടം. 45 മുറികൾക്ക് പുറമെ കോൺഫറൻസ് ഹാൾ, ഓഡിറ്റോറിയം തുടങ്ങിയ വിപുലമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

ജനമൈത്രി പോലീസ് ഡയറക്ടറേറ്റ്, സോഷ്യൽ പോലീസിങ്ങ് വിഭാഗം എന്നിവയ്ക്ക് തിരുവനന്തപുരത്ത് നാലുനിലകളിലായി ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ മന്ദിരവും കൊല്ലം റൂറൽ ജില്ലാ പോലീസ് ആസ്ഥാനത്തിന് പുതിയ ബഹുനിലമന്ദിരവും ലഭിച്ചു. കൂടാതെ സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലായി പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളും നിർമ്മിച്ചു.

## സൈബർ, സാമ്പത്തിക തട്ടിപ്പുകൾക്കെതിരെ

സംസ്ഥാനത്ത് വർധിച്ചുവരുന്ന സാമ്പത്തികതട്ടിപ്പുകൾ അന്വേഷിക്കുന്നതിന് പ്രത്യേകം രൂപം നൽകിയ എക്കണോമിക് ഒഫെൻസസ് വിങ്ങ് പ്രവർത്തനം ആരംഭിച്ചു. മികച്ച സാങ്കേതികപരിജ്ഞാനവും സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിച്ച് മുൻപരിചയവുമുള്ള പോലീസ് ഉദ്യോഗസ്ഥരാണ് ഈ വിഭാഗത്തിൽ. 226 എക്സിക്യൂട്ടീവ് തസ്തികകളും ഏഴ് മിനിസ്റ്റീരിയൽ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. സൈബർ സാമ്പത്തിക തട്ടിപ്പുകൾ തടയാൻ പോലീസ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾസെന്ററും ഉണ്ട്. 1930 ടോൾഫ്രീ നമ്പറിൽ പരാതികൾ അറിയിക്കാം. കേന്ദ്രസർക്കാരിന്റെ സിറ്റിസൺ ഫിനാൻഷ്യൽ സൈബർ ഫ്രോഡ് റിപ്പോർട്ടിങ്ങ് ആന്റ് മാനേജ്മെന്റ് സിസ്റ്റത്തിന് കീഴിലുള്ള കേന്ദ്രീകൃത കോൾസെന്ററാണിത്. ഡാർക്ക് വെബ്ബിലെ നിഗൂഢതകൾ നീക്കുന്നതിനും കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യുന്നതിനും കേരളാപോലീസ് വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറാണ് Grapenel 1.0. ഡാർക്ക് വെബ്ബിലൂടെ നടക്കുന്ന കുറ്റകൃത്യങ്ങളായ ലൈംഗിക വ്യാപാരം, മയക്കുമരുന്ന് കച്ചവടം, ആയുധവ്യാപാരം, സാമ്പത്തിക തട്ടിപ്പുകൾ എന്നിവ ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കണ്ടെത്താം.

തൃശ്ശൂരിലെ കേരള പോലീസ് അക്കാദമിയിൽ പോലീസ്



റിസർച്ച് സെന്റർ നിലവിൽ വന്നു. പോലീസു മായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിൽ ഗവേഷണം നടത്താൻ പോലീസ് ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് റിസർച്ച് സെന്ററിന്റെ പ്രവർത്തനം. രാജ്യത്തെ പ്രമുഖ വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കും. പോലീസ് അക്കാദമിയിൽ ആധുനിക ഫിസിക്കൽ ട്രെയിനിങ്ങ് നഴ്സറിയും പ്രവർത്തനം ആരംഭിച്ചു.

തിരുവനന്തപുരം സിറ്റി, പത്തനംതിട്ട, പാലക്കാട്, കോഴിക്കോട് സിറ്റി, കണ്ണൂർ സിറ്റി, വയനാട് എന്നിവിടങ്ങളിലാണ് പുതിയ ജില്ലാ ഫോറൻസിക് സയൻസ് ലാബുകൾ നിലവിൽ വന്നത്.

## ആധുനികവൽക്കരണത്തിന് പ്രാധാന്യം

സംസ്ഥാനത്തെ 20 പോലീസ് ജില്ലകൾക്കും പ്രത്യേകം വെബ്സൈറ്റുകൾ എന്ന ആശയവും യാഥാർഥ്യമായി. വെബ്സൈറ്റിൽ പൊതുജനങ്ങൾക്കും പോലീസ് ഉദ്യോഗസ്ഥർക്കും പ്രത്യേകമായി വിഭാഗങ്ങൾ ഉണ്ട്.

പേപ്പർരഹിത പോലീസ് ഓഫീസുകൾ എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ മി-കോപ്സ് മൊബൈൽ ആപ്ലിക്കേഷൻ പ്രവർത്തനക്ഷമമായി. പോലീസ് ഉദ്യോഗസ്ഥരുടെ ദൈനംദിന ജോലികൾ സമയബന്ധിതവും കാര്യക്ഷമവുമായി നിർവഹിക്കുന്നതിന് ഇതിലൂടെ കഴിയും. 53 മോഡ്യൂളുകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർക്ക് മാത്രമായുള്ള ഇന്ത്യയിലെ ഏറ്റവും ആധുനിക മൊബൈൽ ആപ്പ് ആണ് മി-കോപ്സ്.


പോലീസിന്റെ ആധുനികവൽക്കരണത്തിന് അതീവപ്രാധാന്യം നൽകിയ സർക്കാർ 361 പുതിയ വാഹനങ്ങളാണ് പോലീസ് സേനയ്ക്ക് അടുത്തിടെ അനുവദിച്ചത്. അതിനൂതന വാഹനങ്ങൾ സേനയുടെ ഭാഗമായി. ദുർഘടപ്രദേശങ്ങളിൽ യാത്ര ചെയ്യുന്നതിന് 46 ഗൂർഖ വാഹനങ്ങൾ, നക്സൽ ബാധിത പ്രദേശങ്ങളിലെയും ഉയർന്ന പ്രദേശങ്ങളിലെയും പോലീസ് സ്റ്റേഷനുകൾക്ക് ഫോർവീൽ ഡ്രൈവ് വാഹനങ്ങൾ എന്നിവയും അനുവദിച്ചു. പോലീസ് സേനയുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പുതിയതരം ഡ്രോണുകൾ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ ഡ്രോൺ ഫോറൻസിക് ലാബ്, ഗവേഷണകേന്ദ്രം എന്നിവയും തിരുവനന്തപുരം കേന്ദ്രീകരിച്ച് നിലവിൽ വന്നു.

മയക്കുമരുന്നിന്റെ വിതരണവും ഉപയോഗവും വ്യാപനവും തടയുന്നതിന് പോലീസ് നടപ്പിലാക്കിയ പദ്ധതിയാണ് യോദ്ധാവ്. മയക്കുമരുന്നിന്റെ ഉപയോഗവും കടത്തും സംബന്ധിച്ച വിവരങ്ങൾ 999 59 66666 എന്ന വാട്സാപ്പ് നമ്പരിൽ സ്വകാര്യമായി പങ്കു വയ്ക്കാം.

സ്ത്രീസുരക്ഷ മുൻനിർത്തി നടപ്പിലാക്കിയ പിങ്ക് പട്രോൾ പ്രോജക്റ്റ് സംവിധാനം ശക്തമായി മുന്നേറുന്നു. സ്ത്രീകൾക്കെതിരെ വീടുകളിൽ നടക്കുന്ന അതിക്രമങ്ങൾ മനസ്സിലാക്കുന്നതിന് പിങ്ക് ജനമൈത്രി ബീറ്റ് സംവിധാനവും നിലവിലുണ്ട്.

സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം പുതുതായി 165 സ്കൂളുകളിൽ കൂടി വ്യാപിപ്പിച്ചു. ഇതോടെ സംസ്ഥാനത്തെ 1001 സ്കൂളുകളിൽ സ്റ്റുഡൻറ് പോലീസ് കേഡറ്റ് സംവിധാനം ഏർപ്പാടാക്കി. ■






കെ. രാജൻ

റവന്യൂ വകുപ്പ് മന്ത്രി


**സാധാരണക്കാർ വ്യത്യസ്ത ആവശ്യങ്ങൾക്കായി വിവിധ റവന്യൂ ഓഫീസുകളെ നിത്യവും ആശ്രയിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് സേവനങ്ങൾ വേഗത്തിലാക്കുന്നതിനായി സംസ്ഥാന സർക്കാർ തീരുമാനമെടുത്തതും നടപ്പിലാക്കിയതും. ആധുനിക സാങ്കേതികവിദ്യയുടെ വേഗവഴിയിലേക്ക് വകുപ്പിനെ നയിക്കുകയാണ് സർക്കാർ**

# കാലികം സേവനോന്മുഖം



ഒരു വർഷത്തിൽ 27,000 പട്ടയങ്ങളാണ് വിതരണം ചെയ്യാൻ ലക്ഷ്യമിട്ടിരുന്നതെങ്കിലും ഇക്കാലയള വിൽ 54,535 പേർക്ക് പട്ടയം നൽകി ചരിത്രം കുറിച്ചു.

റവന്യൂ വകുപ്പ് ഏറ്റവും വെല്ലുവിളിയോടു കൂടി ഏറ്റെടുത്ത പ്രവർത്തനമായിരുന്നു തരംമാറ്റ അപേക്ഷ കൾ. രണ്ട് ലക്ഷത്തിലധികം വരുന്ന ഭൂമി തരംമാറ്റ അപേക്ഷകൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കുന്ന തിനായി ആറ് മാസത്തേക്ക് താൽക്കാലികാടിസ്ഥാന ത്തിൽ ജീവനക്കാരെ നിയമിച്ചു. വാഹനങ്ങളും മറ്റ അനുബന്ധ സൗകര്യങ്ങളും ഉൾപ്പെടെ നൽകി പരിപാടി വിജയകരമായി ലക്ഷ്യത്തിലെത്തിച്ചു. കെട്ടിക്കിടന്ന 2,12,169 അപേക്ഷകളിൽ 2,06,162 തരംമാറ്റ അപേക്ഷകൾ തീർപ്പാക്കി.



## ഡിജിറ്റൽ റീസർവെ

കേരളത്തിലെ 1666 വില്ലേജുകളും ഡിജിറ്റലായി അളക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന ഡിജിറ്റൽ റീസർവെ പദ്ധതിക്ക് 858.42 കോടി രൂപയുടെ ബൃഹത്പദ്ധതി ആരംഭിച്ചു. ആദ്യഘട്ടത്തിൽ 200 വില്ലേജുകളിൽ റീസർവെ നടപടികൾ തുടങ്ങി.

## യൂണിക് തണ്ടപ്പേർ സംവിധാനം

ഒരു പൗരന് ഒരു തണ്ടപ്പേർ എന്ന ലക്ഷ്യത്തോടെ ആധാറിനെ തണ്ടപ്പേരുമായി ബന്ധിപ്പിക്കുന്ന യൂണിക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കി.

## പട്ടയങ്ങളും സ്മാർട്ട്

സംസ്ഥാനത്ത് ഇനി മുതൽ ഇ-പട്ടയങ്ങൾ വിതരണം ചെയ്യും. പേപ്പറിൽ അച്ചടിച്ച പട്ടയങ്ങൾ നഷ്ടപ്പെട്ടാൽ അതിന് പകർപ്പുകൾ എടുക്കുവാൻ ബുദ്ധിമുട്ടുള്ള സാഹചര്യമുണ്ടായിരുന്നു. ഇതിനൊരു പരിഹാരമാണ് ഇ-പട്ടയം.

## കോൾ സെന്റർ

റവന്യൂ സംബന്ധമായ സംശയ നിവാരണത്തി നും പരാതികൾ അറിയിക്കുന്നതിനുമായി ഐഎൽഡി എം കേന്ദ്രീകരിച്ച് റവന്യൂ കോൾ സെന്റർ ആരംഭിച്ചു. 1800 425 5255 ടോൾ ഫ്രീ നമ്പറിൽ വിളിക്കാം.

## വില്ലേജ് ജനകീയ സമിതികൾ

വില്ലേജ് ഓഫീസുകളെ ജനാധിപത്യവൽക്കരിക്കു ന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വില്ലേജ് ജനകീയ സമിതികൾ ആരംഭിച്ചു. എല്ലാ മാസവും മൂന്നാമത്തെ വെള്ളിയാഴ്ചയാണ് യോഗം ചേരുന്നത്. നിയമസഭ യിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയകക്ഷിപ്രതിനിധികൾ ഉൾപ്പെടുന്നതാണ് സമിതികൾ.

## ഇ - വില്ലേജ് ഓഫീസുകൾ

വില്ലേജ് ഓഫീസുകൾ ഇ-ഓഫീസുകളാക്കി കംപ്യൂട്ടർവത്ക്കരിക്കുന്നതിന് എംഎൽഎ മാരുടെ പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് നടപടി കൈക്കൊണ്ടു.

## നവീകരിച്ച ഇ-പേയ്മെന്റ് പോർട്ടൽ

ഭൂനികുതി, കെട്ടിട നികുതി, റവന്യൂ റിക്കവറി തുടങ്ങിയ തുകകൾ ഇ-പോസ് മെഷീൻ വഴിയോ യുപിഐ പേയ്മെന്റ് മുഖേനയോ ഒടുക്കുന്നതിന് സഹായകരമായ നവീകരിച്ച ഇ- പേയ്മെന്റ് പോർട്ടൽ നടപ്പിലാക്കി.

## ആർ.എം. സെൽ (റവന്യൂ മിനിസ്റ്റേഴ്സ് സെൽ)

പൊതുജനങ്ങൾ റവന്യൂ മന്ത്രിക്ക് നേരിട്ടും "മിത്രം" ഓൺലൈൻ പോർട്ടൽ മുഖേനയും സമർപ്പിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുന്നതിനും അപേക്ഷകർക്ക് സമയബന്ധിതമായി മറുപടി നൽകു ന്നതിനുമായി എല്ലാ കളക്ടേറ്റുകളിലും ആർ.ആർ ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ ആർ.എം സെൽ സംവിധാനം രൂപീകരിച്ചു.

## ഇരട്ടവീടുകളെ ഒറ്റവീടുകളാക്കുന്ന പദ്ധതി

എം.എൻ ലക്ഷം വീടുപദ്ധതിയിലെ ഇരട്ടവീടുകളുടെ അസൗകര്യങ്ങൾ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ യാണ് എം. എൻ ലക്ഷം വീടുകളിലെ ഇരട്ടവീടുകളെ ഒറ്റവീടുകളാക്കുന്ന പദ്ധതിയ്ക്ക് തുടക്കമിട്ടത്.

## പുതിയ ഓഫീസുകൾ, തസ്തികകൾ

ഉടുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലൈൻ

# വിജയമുദ്രകൾ ഭാവിരേഖകൾ

- 92 വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി. 82 വില്ലേജ് ഓഫീസുകൾക്ക് പുതുതായി അനുമതി.
- അടിയന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് 25,000 രൂപ വരെ വില്ലേജ് ഓഫീസർമാർക്ക് ചെലവഴിക്കാം.
- ലാൻഡ് ട്രിബ്യൂണൽ വഴി വിതരണം ചെയ്യുന്ന ക്രയസർട്ടിഫിക്കറ്റുകൾ വേഗത്തിൽ തീർപ്പാക്കാനായി അദാലത്തുകൾ സംഘടിപ്പിച്ചു.
- ഭൂനികുതി ഒടുക്കുന്നതിന് മൊബൈൽ ആപ്ലിക്കേഷൻ.
- ലൊക്കേഷൻ സ്കെച്ച് തണ്ടപ്പേർ അക്കൗണ്ട് എന്നിവ ഓൺലൈനിൽ.
- ഭൂമി തരംമാറ്റുന്നതിന് ഓൺലൈൻ മൊഡ്യൂൾ വഴി അപേക്ഷിക്കാം.
- കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് എക്സ്ഗ്രേഷ്യ പേയ്മെന്റ് അനുവദിക്കുന്നതിനും അപേക്ഷിക്കുന്നതിനും ഓൺലൈൻ സംവിധാനം.
- റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പരാതികളും ആവശ്യങ്ങളും ജില്ലാതലത്തിൽ വേഗത്തിൽ തീർപ്പാക്കുന്നതിനാണ് ജില്ലാ റവന്യൂ അസംബ്ലി.
- ജില്ലാറവന്യൂ അസംബ്ലിയിൽ നിയമസഭ സാമാജികർ ഉന്നയിക്കുന്ന ആവശ്യങ്ങളും പരാതികളും രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും അവയ്ക്ക് സമയബന്ധിതമായി പരിഹാരം കാണുന്നതിനും ഓരോ എം.എൽ.എയ്ക്കും ഡാഷ്ബോർഡ്.
- റവന്യൂ-സർവെ-ഭവനനിർമ്മാണ-ദുരന്തനിവാരണ വകുപ്പുകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും പുതിയ ആശയങ്ങൾ സ്വരൂപിക്കുന്നതിനുമായി എല്ലാ ബുധനാഴ്ചയും റവന്യൂ സെക്രട്ടേറിയറ്റ് യോഗം.
- കെട്ടിടനിർമ്മാണമേഖലയിലുള്ള നൂതന സാങ്കേതികവിദ്യകൾ സാധാരണക്കാരിലേക്ക് എത്തിക്കുന്നതിനായി തിരുവനന്തപുരത്ത് ഫിനിഷിങ്ങ് സ്കൂൾ.
- 10 ജില്ലകളിലെ 16 നദികളിലെ മണൽ ഓഡിറ്റിങ്ങ് പൂർത്തീകരിച്ചു.
- പ്രളയജലനിരപ്പിന്റെ ശാസ്ത്രീയപഠനത്തിന് സംസ്ഥാനത്തെ ഏഴ് നദികളിൽ ഫ്ളഡ്ലെവൽ മാർക്കിങ്ങ് പൂർത്തീകരിച്ചു.
- റവന്യൂവകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ഐഎൽഡിഎം കേന്ദ്രീകരിച്ച് റവന്യൂ ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനം ആരംഭിച്ചു.
- വില്ലേജ് ഓഫീസുകൾക്കും വെബ്സൈറ്റ്.
- റവന്യൂ വകുപ്പിന്റെ വിദ്യാഭ്യാസകേന്ദ്രമായ ILDM കേന്ദ്രീകരിച്ച് എംബിഎ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

സ്പെഷ്യൽ തഹസിൽദാർ LA യൂണിറ്റിനായി ഒരു സ്പെഷ്യൽ തഹസിൽദാർ തസ്തികയും നേമം-നെയ്യാറ്റിൻകര, നെയ്യാറ്റിൻകര-പാറശ്ശാല എന്നീ റെയിൽവേ ലാൻഡ് അക്വിസിഷൻ യൂണിറ്റുകൾക്കായി 42 തസ്തികയും സൃഷ്ടിച്ചു.

## പട്ടയ വിതരണം- ഡാഷ്ബോർഡ്

പട്ടയവിതരണത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ഓരോ വില്ലേജിലേയും ഭൂരഹിതരുടെ എണ്ണം, ഭൂമിയുടെ ലഭ്യത, പട്ടയ വിതരണത്തിനുള്ള തടസ്സം എന്നിവ കണ്ടെത്തി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള ഡാഷ്ബോർഡ് സജ്ജമായി വരുന്നു. ഇത് പൂർത്തിയാകുന്നതോടെ ഓരോ പ്രദേശത്തെയും പട്ടയവിതരണത്തിനുള്ള തടസ്സങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും എല്ലാ ഭൂമിക്കും രേഖ എന്ന ലക്ഷ്യസാക്ഷാത്ക്കാരത്തിലേക്ക് എത്തിക്കുന്നതിനും സാധിക്കും.

## ആശ്വാസ് വാടക വീടുകൾ

കേരളത്തിലെ മെഡിക്കൽ കോളജുകളിൽ ചികിത്സക്കായി വരുന്ന രോഗികളുടെ കൂട്ടിരിപ്പുകാർക്ക് കുറഞ്ഞ ചെലവിൽ താമസിക്കാൻ കഴിയുന്ന "ആശ്വാസ്" വാടകവീടുകൾ ഭവനനിർമ്മാണ വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കുകയാണ്. 100 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലെ മെഡിക്കൽ കോളജിനോടനുബന്ധിച്ചുള്ള വീടുകൾക്ക് തറക്കല്ലിട്ടു. അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ മെഡിക്കൽകോളജിനോടനുബന്ധിച്ചും ആശ്വാസ് ഭവനങ്ങൾ നിർമ്മിക്കാനുള്ള പദ്ധതിയും രൂപപ്പെടുത്തി.

## ഫ്ലാറ്റ് സമുച്ചയം

ഹൗസിങ്ങ് ബോർഡിന്റെ മേൽനോട്ടത്തിൽ തിരുവനന്തപുരം ജില്ലയിൽ അമ്പലനഗറിൽ 80 യൂണിറ്റുകളോടുകൂടിയ ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## ഹൗസിങ്ങ് പാർക്ക്

വിവിധ കെട്ടിടനിർമ്മാണ സാങ്കേതികവിദ്യകൾ ഒറ്റകുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ഇന്ത്യയിലാദ്യമായി ഒരു ഹൗസിങ്ങ് പാർക്ക് നിർമ്മിക്കുന്നു. ■



റോഷി അഗസ്റ്റിൻ
ജലവിഭവ വകുപ്പ് മന്ത്രി



# ജലസമൃദ്ധിയിലേക്ക് തെളിനീരൊഴുക്കിലേക്ക്



ജലസമൃദ്ധിയുടെ കേരളത്തിനായാണ് സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾ. ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും കുറ്റമറ്റ രീതിയിലാണ് നിർവഹിച്ചുപോരുന്നത്. ഇതോടൊപ്പം ജലവിതരണ സംവിധാനവും കൃത്യതയോടെ പ്രവർത്തിക്കുന്നു. പൊതുജനത്തിന് കുടിവെള്ളം അനസ്യൂതം ലഭ്യമാക്കുന്നതിനുള്ള പരിശ്രമങ്ങൾ ലക്ഷ്യം കാണുന്നതായാണ് അനുഭവം



ജലസേചന വകുപ്പിന്റെ പരിധിയിൽ 16 പ്രധാന ജലസംഭരണികളും നാല് ബാരേജുകളും ഉണ്ട്. അവയിൽ അടിഞ്ഞു കൂടിയ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. റഗുലേറ്ററുകൾക്കും ചെക്ക്ഡാമുകൾക്കും സമീപം അടിഞ്ഞുകൂടിയ ചെളിയും, മണലും മറ്റ് അവശിഷ്ടങ്ങളും നീക്കംചെയ്യുന്നതിനുള്ള ആറ് പദ്ധതികളിലെ മൂന്ന് എണ്ണം പൂർത്തീകരിച്ചു.
ആകെയുള്ള 44 നദികളിലെ മണൽവാരൽ ജോലികൾ പൂർത്തീകരിച്ചു.
ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ആകെയുള്ള 941 പഞ്ചായത്തുകളിൽ 914 പഞ്ചായത്തുകളുടെ നീർത്തട പ്ലാനുകൾ പൂർത്തീകരിച്ചു.

## ചെറുകിട പദ്ധതികൾ

വിവിധ ചെറുകിട ജലസേചന പദ്ധതികളിലൂടെ 3.78 ലക്ഷം ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തി വരുന്നു. 3200 ഹെക്ടർ പുതുതായി സൃഷ്ടിച്ചതാണ്.

നിലവിൽ 442 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പ്രവർത്തിച്ചു വരുന്നു. 24 പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ വിവിധ നിർമ്മാണ ഘട്ടങ്ങളിലാണ്.

## കുടിവെള്ളവിതരണം കാര്യക്ഷമം

കേരള ജലഅതോറിറ്റി നിലവിൽ 932 ശുദ്ധജലവിതരണ പദ്ധതികളിലൂടെയും 38.77 ലക്ഷം കണക്ഷനുകളിലൂടെയും 1.86 ലക്ഷം പൊതുടാപ്പുകളിലൂടെയും ഏകദേശം 2.50 കോടി ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നു. വിവിധ ധനകാര്യസ്ഥാപനങ്ങളുടെ

സഹായത്തോടു കൂടി നിലവിൽ 48,500 കോടി രൂപയുടെ 2600 ഓളം പദ്ധതികൾ വിവിധഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്.

## ഗ്രാമീണ മേഖലയിൽ

സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലുള്ള എല്ലാ വീടുകളിലും 2024 ഓടെ കുടിവെള്ളം ലഭ്യമാക്കുന്നതിനായാണ് ജലജീവൻ മിഷൻ പ്രവർത്തനം. 2020-2021 ൽ 4.04 ലക്ഷം പുതിയ കണക്ഷനുകളും 2021-2022 ൽ 6.64 ലക്ഷം പുതിയ കണക്ഷനുകളും നൽകി.

2022-23 ൽ (20/12/2022 വരെ) 3.95 ലക്ഷം കുടിവെള്ള കണക്ഷനുകൾ പുതുതായി നൽകാനായി. എല്ലാ ഗ്രാമീണസ്കൂളുകളിലും അംഗനവാടികളിലും ശുദ്ധജലലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.

ജല അതോറിറ്റിയുടെ കീഴിലുള്ള 85 ജല ഗുണനിലവാര പരിശോധന ലാബുകളിൽ ജലജീവൻ പദ്ധതി മുഖേന 82 ലാബുകൾക്ക് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിങ്ങ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്.

നബാർഡ് ധനസഹായത്തോടെ 12.25 ലക്ഷം ആളുകൾക്ക് പ്രയോജനം ലഭിക്കുന്ന 444.51 കോടി രൂപയുടെ 13 ഗ്രാമീണ ശുദ്ധജല കുടിവെള്ള പദ്ധതികളുടെ പ്രവൃത്തികൾ നടന്നുവരുന്നു.

## കിഫ്ബി ധനസഹായം

കിഫ്ബി ധനസഹായത്തോടെ നാളിതുവരെ 4498.981 കോടി രൂപയുടെ 72 കുടിവെള്ള പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

335.65 കോടി രൂപയുടെ 14 കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ പദ്ധതികൾ വഴി 118.5 എംഎൽഡി ശുദ്ധജലം അധികമായി ഉൽപാദിപ്പിക്കുന്നു. പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന 121 പ്രവൃത്തികളിൽ 115.92 കോടി രൂപയുടെ 43 പ്രവൃത്തികൾ നാളിതുവരെ പൂർത്തികരിച്ചിട്ടുണ്ട്. 3987.9 കോടി രൂപയുടെ കുടിവെള്ളപദ്ധതികളും പൈപ്പ് മാറ്റിയിടൽ പ്രവൃത്തികളും 190 പാക്കേജുകളിലായി നടപ്പിലാക്കി വരുന്നു.

## അമൃത് പദ്ധതി

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്തപദ്ധതിയായ അമൃത് പദ്ധതിയിലുൾപ്പെടുത്തി 859.592 കോടിരൂപയുടെ 21458 പദ്ധതികൾ പൂർത്തീകരിച്ചു. 41 പ്രവൃത്തികൾ പുരോഗമിക്കുന്നു.

## അമൃത് 2.0

രാജ്യത്തെ അംഗീകൃത നഗരങ്ങളിലെ എല്ലാ വീടുകളിലും 2026 ഓടെ പൈപ്പിലൂടെ കുടിവെള്ളമെത്തിക്കുന്നതിന് ആരംഭിച്ച പദ്ധതിയാണ് അമൃത് 2.0. ആദ്യഘട്ടം എന്നനിലയിൽ 616.829 കോടി രൂപയുടെ 77 പദ്ധതികൾക്ക് ഭരണാനുമതി നൽകി.

## റീബിൽഡ് കേരള ഇനീഷ്യേറ്റീവ്

റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ (RKI) ഒൻപത് ജലവിതരണ പദ്ധതികൾ ഉൾപ്പെടെ ആകെ 16 പ്രവൃത്തികൾക്ക് 238.84 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 913.48 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിൽ 2022-23 സാമ്പത്തിക വർഷത്തിൽ മാത്രം 151 കോടി രൂപയുടെ 342 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 762.86 കോടി രൂപയുടെ 82 പ്രവൃത്തികൾ (ഭരണാനുമതി തുക ഒരു കോടിക്ക് മുകളിൽ) വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

## പ്രളയഭീഷണി ചെറുക്കാൻ

ഭാവിയിലെ വെള്ളപ്പൊക്കത്തിൽ നിന്ന് മനുഷ്യജീവനും, സ്വത്തുക്കൾക്കും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും വേണ്ട ജോലികൾ പൂർത്തിയാക്കി. പ്രളയാനന്തര അറ്റകുറ്റപ്പണികൾ, റിവർബേസിൻ കൺസർവേഷൻ ആൻഡ് മാനേജ്മെന്റ് അതോറിറ്റിയുടെ പ്രാരംഭ പ്രവർത്തനം/ കൺസൾട്ടിങ്ങ് ചെലവുകൾ, മൈക്രോ ഇറിഗേഷൻ, റൂം ഫോർ റിവർ ഡി.പി.ആർ തയ്യാറാക്കൽ, കേരള ജലവിഭവ വിവര സംവിധാനം ( K-WRIS) മുതലായവയുടെ പ്രവർത്തനങ്ങളും നടന്നുവരുന്നു. ഇവയുടെ ചെലവ് 150.53 കോടി രൂപ. ■



ചെല്ലാനം

# വിജയമുദ്രകൾ ഭാവിരേഖകൾ

- സംസ്ഥാന ജലനയം 2008 പരിഷ്കരിച്ചു. അന്തിമകരട് അംഗീകാരത്തിനായി സമർപ്പിച്ചു.
- നബാർഡ് ധനസഹായത്തിൽ 2022-23 വർഷത്തിൽ 43.28 കോടി രൂപയുടെ രണ്ട് പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചു.
- കടൽക്ഷോഭത്തിൽ നിന്നുള്ള തീരസംരക്ഷണം- നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് NCCR ചെന്നൈയുടെ സഹായത്തോടെ പഠനം നടത്തി, ശംഖുമുഖം, കൊല്ലങ്കോട്, ആലപ്പാട്, ഒറ്റമശ്ശേരി, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ എന്നീ 10 ഹോട്ട്സ്പോട്ടുകളിൽ തീരസംരക്ഷണ പ്രവർത്തനങ്ങൾ നടത്തും.
- തദ്ദേശീയമായി വികസിപ്പിച്ച ഫ്ളോ ഫെയിലർ അലേർട്ട് സിസ്റ്റം 29 ഇടങ്ങളിൽ നടപ്പാക്കി.
- തടസ്സമില്ലാത്ത 24x7 അണുനശീകരണം ഉറപ്പാക്കുന്ന, തദ്ദേശീയമായി വികസിപ്പിച്ച ക്ലോറിൻ ഡോസേജ് അലേർട്ട് സിസ്റ്റം പൈലറ്റ് പ്രോജക്ടായി അരുവിക്കരയിൽ നടപ്പാക്കി.
- 685 പമ്പ് ഹൗസുകളിലെ പമ്പുകളുടെ (42 ശതമാനം) ഓട്ടോമേഷൻ പൂർത്തിയായി.
- പ്രധാന പമ്പ് ഹൗസുകളുടെ 24 x 7 നിരീക്ഷണ ത്തിനായി സി.സി.ടി.വി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം 154 പമ്പിങ്ങ് സ്റ്റേഷനുകളിൽ നടന്നുവരുന്നു.
- കുടിവെള്ളത്തിന് കടൽജലം ഡീസലൈനേഷൻ ചെയ്തു ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
- സോളാർ പവർപ്ലാന്റുകളിൽ നിന്ന് ആവശ്യമായ വൈദ്യുതിയുടെ 10% കണ്ടെത്തും.
- വാട്ടർ മീറ്റർ റീഡിങ്ങ് സ്വയം നൽകുന്നതിനുള്ള സ്വയം റീഡിങ്ങ് സോഫ്റ്റ്‌വെയർ ഏർപ്പെടുത്തി.
- പുതിയ വാട്ടർ കണക്ഷനും സീവറേജ് കണക്ഷനും മറ്റു ഉപഭോക്തൃ സേവനങ്ങളും ഓൺലൈനാക്കി.
- 1916 ടോൾ ഫ്രീ നമ്പറും 'AQUALOOM' എന്ന പരാതി പരിഹാര പോർട്ടലും ഏർപ്പെടുത്തി. 98.5 ശതമാനം പരാതികൾ പരിഹരിച്ചു.
- ഉപഭോക്താക്കൾക്ക് നൽകുന്ന എല്ലാ സേവനങ്ങളും ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. ബില്ലുകൾ, പേയ്മെന്റുകൾ, സേവന തടസ്സം തുടങ്ങിയവയുള്ള എസ്.എം.എസ് അലേർട്ട് നടപ്പിലാക്കി.
- കേരള വാട്ടർ അതോറിറ്റിയിലെ 82 ലാബുകളെ നവീകരിച്ചു.
- കോൺട്രാക്ടർ ലൈസൻസ് മാനേജ്മെന്റ് സോഫ്റ്റ് വെയർ വികസിപ്പിച്ചു.
- 273 ഊർജ ഓഡിറ്റ് പൂർത്തിയായി.
- ജലശുദ്ധീകരണ ശാലകളുടെ ശുദ്ധീകരണശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് തീരുമാനമായി.
- ജലസ്രോതസ്സുകളിൽ സ്ഥിരമായ തടയണകൾ / റെഗുലേറ്ററുകൾ എന്നിവ സാങ്കേതികമായും പ്രായോഗികമായും സാധ്യമായ സ്ഥലങ്ങളിൽ നിർമ്മിക്കുന്നതിന് ജലഅതോറിറ്റി പ്രാമുഖ്യം നൽകും.
- വർധിച്ചുവരുന്ന വൈദ്യുതിച്ചെലവ് കുറയ്ക്കുന്നതിന് സൗരോർജം പോലുള്ള പുനരുല്പാദിപ്പിക്കാവുന്ന ഊർജസ്രോതസ്സുകൾ പരമാവധി പ്രയോജന പ്പെടുത്തും.
- പ്രീപെയ്ഡ് വാട്ടർ മീറ്റർ സാധ്യത വിശദമായി പരിശോധിക്കുന്നു.
- സ്മാർട്ട് വാട്ടർ സപ്ലൈ മാനേജ്മെന്റിന്റെ ഭാഗമായി റിമോട്ട് സർവീസ് റിസർവോയർ ലെവൽ നിരീക്ഷണവും പരിസ്ഥിതി സൗഹൃദമായ രീതിയിൽ മലിനജലം/സെപ്റ്റേജ് മാനേജ്മെന്റി നുള്ള സംവിധാനവും.





**കെ.കൃഷ്ണൻകുട്ടി**
വൈദ്യുതി വകുപ്പ് മന്ത്രി

**വൈദ്യുതിരംഗത്ത് ഊർജിതമായ മുന്നേറ്റങ്ങളുടെ കാലമാണിത്. ഇടതടവില്ലാതെ വൈദ്യുതി വിതരണം, സ്ഥിരതയാർന്ന വോൾട്ടേജ്, പരിസ്ഥിതിസൗഹൃദമായ ഊർജോൽപാദനത്തിന് സബ്സിഡി നൽകിയുള്ള സോളാർ പ്ലാന്റുകൾ, ഗാർഹികമേഖലയിലും ജലവൈദ്യുത പദ്ധതികൾക്ക് കൂടുതൽ ഉണർവ് തുടങ്ങി ഗുണപരമായ മാറ്റത്തിലാണ് മേഖല. വികസന പ്രവർത്തനങ്ങൾക്ക് കരുത്ത് പകരുന്ന രീതിയിലാണ് പദ്ധതികൾ**

# ഇടതടവില്ലാതൊഴുകും ഹരിതോർജം

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അപ്പർ കല്ലാർ (2 മെ.വാ) പെരിങ്ങൽ കുത്ത് (24 മെ.വാ) സ്വകാര്യസംരംഭകർ മുഖേനയുള്ള ആനക്കാംപൊയിൽ (8 മെ.വാ) അരിപ്പാറ (4.5മെ.വാ) ചെറുകിട ജലവൈദ്യുതപദ്ധതികൾ പൂർത്തിയാക്കി. 50.16 ദശലക്ഷം യൂണിറ്റ് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിച്ചു. മാങ്കുളം ജലവൈദ്യുത പദ്ധതി തുടങ്ങി. ഓലിക്കൽ ചെറുകിട ജലവൈദ്യുത പദ്ധതി, പൂവാരംതോട് ചെറുകിട ജലവൈദ്യുത പദ്ധതി എന്നിവയുടെ നിർമ്മാണം തുടങ്ങി.

ചിന്നാർ ജലവൈദ്യുത പദ്ധതിയുടെ രണ്ടാം ഘട്ടം മരിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

## പുനരുപയോഗ ഊർജപദ്ധതികൾ

കുറഞ്ഞ ചിലവിൽ ഇടതടവില്ലാതെ വൈദ്യുതി എല്ലാവരിലും എത്തിക്കുന്നു എന്നതാണ് പുനരുപയോഗ ഊർജപദ്ധതികളുടെ പ്രാധാന്യം. ഇത്തരം ഊർജസ്രോതസ്സുകൾ പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതുമാണ്.

## സൗര പദ്ധതി

സൗര പദ്ധതിയുടെ ഭാഗമായി 500 മെഗാവാട്ട് പുരപ്പുറ സൗര നിലയങ്ങളിൽ നിന്നും ശേഷിക്കുന്ന 500 മെഗാവാട്ട് സോളാർ പാർക്ക്, സ്വകാര്യ സംരംഭകർ, ഫ്ളോട്ടിങ്ങ് സോളാർ എന്നിങ്ങനെ 1000 മെഗാവാട്ട് സൗരോർജം വൈദ്യുതിശൃംഖലയിൽ കൂട്ടിച്ചേർക്കാനാണ് ലക്ഷ്യം.

സൗരോർജനിലയങ്ങളിൽ നിന്നും ആകെ 443 മെഗാവാട്ട് ശേഷിയാണ് കൂട്ടിച്ചേർത്തത്.

108.45 മെഗാവാട്ട് ശേഷിയുടെ 25240 നിലയങ്ങൾ പൂർത്തീകരിച്ചു. 162 ദശലക്ഷം യൂണിറ്റ് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിച്ചു. ഈ വർഷം സൗരോർജപദ്ധതികളിൽ നിന്നായി 495 മെഗാവാട്ട് കൂടിച്ചേർക്കാനാണ് ലക്ഷ്യം.

## പ്രസരണനഷ്ടം കുറച്ചു വ്യവസായങ്ങൾക്കും മെച്ചം

എല്ലാഭാഗങ്ങളിലും പ്രസരണനഷ്ടം കുറച്ചും ഗുണമേന്മ ഉറപ്പുവരുത്തിയും വൈദ്യുതി എത്തിക്കുന്നു. ട്രാൻസ്ഗ്രിഡ് പദ്ധതി, മറ്റു പ്രസരണ ശൃംഖല വികസന/നവീകരണ പദ്ധതികൾ വഴിയും 2025 ഓടുകൂടി പ്രസരണ ശൃംഖലയുടെ ലഭ്യത 99 ശതമാനമായി ഉയർത്താനാകും. ട്രാൻസ്ഗ്രിഡ് പദ്ധതി പൂർത്തിയാകുന്നതോടെ കേരളത്തിന് പൂർണ്ണമായ രീതിയിൽ 400 കെ.വി. യുടെയും 220 കെ.വി. യുടെയും പവർഹൈവേ നിലവിൽവരും.

വ്യവസായ മേഖലയിലും വൈദ്യുതി ശൃംഖലയുടെ പ്രവർത്തനത്തിൽ കാതലായ മാറ്റമുണ്ടാക്കാൻ കഴിഞ്ഞു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ട്രാൻസ്ഗ്രിഡിൽ 220 കെ.വിയുടെ അഞ്ച് സബ്സ്റ്റേഷനുകളും തനതുപദ്ധതിയായി 110 കെവിയുടെ മൂന്നും 33 കെവി ഒന്നും 66 കെവി 110 കെവിയായി ശേഷി വർധിപ്പിച്ച് ഒന്നും സബ്സ്റ്റേഷനുകൾ പൂർത്തീകരിച്ചു.

- 6.52 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചു.
- 568198 സർവീസ് കണക്ഷനുകൾ നൽകി.
- വിവിധ ജില്ലകളിലായി കോളനികളിലെ വൈദ്യുതീകരണം പൂർത്തീകരിച്ചു.

## ദ്യുതി 2.0.

നവീകരിച്ചതും സാങ്കേതികമായി സജ്ജീകരിച്ചതും സ്മാർട്ടുമായ ശൃംഖല, ഇലക്ട്രിക് മൊബിലിറ്റിയുടെ വളർച്ച, എല്ലാ വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെയും ജിയോ-മാപ്പിങ്ങ് തുടങ്ങിയവയാണ് ലക്ഷ്യം. ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന എസ്ടി കോളനികളിൽ വൈദ്യുതി എത്തിക്കുന്ന പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. 37.75 കോടി രൂപ ചെലവഴിച്ച് 34218 ബി.പി.എൽ വൈദ്യുതി കണക്ഷനുകൾ നൽകി. മെച്ചപ്പെട്ട ഉപഭോക്തൃ സേവനം ഉറപ്പുവരുത്തുന്നതിനായി, ഓഫീസിൽ എത്താതെ സേവനങ്ങൾ നൽകുന്നതിന് 'സേവനങ്ങൾ വാതിൽ പടിയിൽ' തുടങ്ങി ഈ പദ്ധതി മുഖാന്തരം

ലഭിച്ച 1,72,427 അപേക്ഷകൾ തീർപ്പാക്കി.

ദ്യുതി 2.0 ൽ 4016.10 കോടി രൂപയുടെ പ്രവൃത്തികളാണ് 2022 -23 മുതൽ 2026 -27 വരെ നടപ്പിലാക്കുന്നത്. വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുന്നതിനും വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിനും മൂന്നുലക്ഷത്തോളം കിലോമീറ്റർ ലോ ടെൻഷൻ വിതരണ ലൈനുകളിൽ സ്പേസറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. 86.95 ലക്ഷം സ്പേസറുകൾ സ്ഥാപിച്ചിട്ടുണ്ട്.

8205.71 കോടി രൂപയുടെപ്രീപെയ്ഡ് സ്മാർട്ട് മീറ്ററിങ്ങിനുള്ള അനുമതി നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ വ്യാവസായിക വാണിജ്യ ഉപഭോക്താക്കൾ കൂടുതലുള്ള 14 ഇലക്ട്രിക്കൽ ഡിവിഷനുകളിലെ എല്ലാ ഉപഭോക്താക്കൾക്കും (തിരുവനന്തപുരം, കഴക്കൂട്ടം, പള്ളം, എറണാകുളം, തൃപ്പൂണിത്തുറ, ആലുവ, മൂവാറ്റുപുഴ, പെരുമ്പാവൂർ, പാലക്കാട് , ഫറൂക്ക്, തിരൂരങ്ങാടി, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ) സിസ്റ്റം മീറ്ററുകൾ, എച്ച്ടി, ഗവൺമെന്റ് എന്നിവ ഉൾപ്പെടുന്ന ഏകദേശം 37 ലക്ഷം മീറ്ററുകൾ സ്ഥാപിക്കും.

## ഇ-മൊബിലിറ്റി ചാർജിങ്ങ് സ്റ്റേഷൻ

ഫോർവീലറുകൾക്കുള്ള 63 ഫാസ്റ്റ് ചാർജിങ്ങ് സ്റ്റേഷനുകളും ടൂവീലറുകൾക്കും ഓട്ടോറിക്ഷകൾക്കുമായി എല്ലാ നിയോജക മണ്ഡലങ്ങളിലും ആയി 1166 പോൾ മൗണ്ട് ചാർജിങ്ങ് സ്റ്റേഷനുകളും ചേർന്ന ശൃംഖല സ്ഥാപിച്ചു.

## നിലാവ്

കേരളത്തിലുടനീളം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പരമ്പരാഗത തെരുവുവിളക്കുകൾ പൂർണ്ണമായും മാറ്റി കൂടുതൽ കാര്യക്ഷമതയും ഊർജക്ഷമതയും ഏഴുവർഷം വാറന്റി ഉള്ളതുമായ പരിസ്ഥിതി സൗഹൃദ എൽ.ഇ.ഡി തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ളതാണ് നിലാവ് പദ്ധതി. സംസ്ഥാനത്തുടനീളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 3.72 ലക്ഷം എൽ.ഇ.ഡി തെരുവുവിളക്കുകൾ സ്ഥാപിച്ചു. ■

## വിജയമുദ്രകൾ ഭാവിരേഖകൾ

- പെരിങ്ങൽ കുത്ത് ചെറുകിട ജലവൈദ്യുത പദ്ധതി കമ്മീഷൻ ചെയ്തു.
- മാങ്കുളം ജല വൈദ്യുത പദ്ധതി ( 40 MW , 82.08 Mu) യുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു
- 108.45 MW സ്ഥാപിത ശേഷിയുള്ള സൗരോർജ പദ്ധതികൾ പ്രവർത്തന സജ്ജമാക്കാൻ കഴിഞ്ഞു.
- ട്രാൻസ്ഗ്രിഡ് പദ്ധതി പൂർത്തിയാകുന്നതോടെ കേരളത്തിന് പൂർണ്ണമായ രീതിയിൽ 400 കെ.വി. യുടെയും 220 കെ.വി. യുടെയും പവർ ഹൈവേ നിലവിൽ വരും.
- ഇതുവരെ 568198 സർവീസ് കണക്ഷനുകൾ നൽകി.
- 8205.71 കോടി രൂപയുടെ പ്രീപെയ്ഡ് സ്മാർട്ട് മീറ്ററിങ്ങിനുള്ള അനുമതി നൽകി
- സ്വയംഭരണ സ്ഥാപനങ്ങളിൽ 10.5 ലക്ഷം തെരുവ് വിളക്കുകൾ LED യിലേക്ക് മാറ്റുന്നതിനുള്ള നിലാവ് പദ്ധതി രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു.
- 37.75 കോടി രൂപ ചെലവഴിച്ച് 34218 ബി പി എൽ വൈദ്യുതി കണക്ഷനുകൾ നൽകി.



## ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൂർത്തിയാക്കിയ പ്രധാന പദ്ധതികൾ

| ജലവൈദ്യുത പദ്ധതി | പദ്ധതി ആരംഭിച്ച വർഷം | മുൻ സർക്കാറിന്റെ കാലത്തെ ആകെ പുരോഗതി (30.04.2021) | ഈ സർക്കാറിന്റെ കാലത്തെ ആകെ പുരോഗതി |
|---|---|---|---|
| പെരിങ്ങൽകുത്ത് (24 MW45.02 Mu) | 2014 | 95.12 % | 04.05.2022ൽ കമ്മീഷൻ ചെയ്തു. |
| പള്ളിവാസൽ വിപുലീകരണം പദ്ധതി (60 MW 153.90 Mu) | 2007 | 88.40 % | 89.30 % |
| ചിന്നാർ (ഒന്നാം ഘട്ടം) (24 MW 76.45 Mu) | 2018 | 67.84 % | 99.5 % |
| ഭൂതത്താൻകെട്ട് (24 MW 83.5 Mu) | 2014 | 93.67 % | 94.06 % |
| തൊട്ടിയാർ (40 MW 99 Mu) | 2009 | 66 % | 85.5 % |
| ചെങ്കുളം ഓഗ്മെന്റേഷൻ (85 Mu) | 2009 | 74.10 % | 76.77 % |
| പെരുവണ്ണാമൂഴി (6MW24.70 Mu) | 2018 | 50.94 % | 92.20 % |
| അപ്പർ കല്ലാർ ( 2 MW5.14 Mu) | 2016 | 89% | 30.09.2021-ൽ കമ്മീഷൻ ചെയ്തു. |
| പഴശ്ശിസാഗർ (7.5MW25.16 Mu) | 2017 | 30.67 % | 34.37 % |
| മാങ്കുളം( 40 MW , 82.08 Mu) | 21.05.2022 | | |
| ഓലിക്കൽ (5 MW, 10.26 Mu) | 19.09.2022 | | |
| പൂവാരംതോട് (3 MW, 5.88 Mu) | 19.09.2022 | | |





എ. കെ. ശശീന്ദ്രൻ
വനം, വന്യജീവി വകുപ്പ് മന്ത്രി

# അരണ്യസമ്പത്തിന് സംരക്ഷണം
# വനാശ്രിതസമൂഹത്തിന് ക്ഷേമം

**കേരളത്തിലെ അനന്യവും സങ്കീർണ്ണവുമായ സ്വാഭാവികവനങ്ങളുടെ സംരക്ഷണം, ജൈവവൈവിധ്യസംരക്ഷണം, വന്യജീവികളുടെ പരിരക്ഷ, വനങ്ങളുടെ അഭിവൃദ്ധി, മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണം, ഗോത്രവർഗങ്ങളുടെ ക്ഷേമം എന്നിവ മുൻനിർത്തി വനം വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിയ ഭരണവർഷമാണ് കടന്നുപോയത്**

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പരിഹാരമാർഗങ്ങൾ  അടങ്ങിയ 620 കോടി രൂപ ചെലവ് വരുന്ന അഞ്ചുവർഷകാലയളവിലേക്കുള്ള പദ്ധതി കേന്ദ്രസർക്കാർ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. എട്ട് സ്ഥിരം റാപ്പിഡ് റെസ്പോൺസ് ടീമുകൾ നിലമ്പൂർ നോർത്ത്, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ എന്നിവിടങ്ങളിലും ഏഴ് താൽക്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിലും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും തടയുന്നതിനും രൂപീകരിച്ചു.

കൂടാതെ പൊതുജനപങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 261 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് രൂപീകരിച്ചു.

മനുഷ്യ വന്യജീവിസംഘർഷം രൂക്ഷമായ വയനാട്, കാസർഗോഡ്, പാലക്കാട് തുടങ്ങിയ ജില്ലകളിൽ വന്യമൃഗങ്ങൾ ജനവാസകേന്ദ്രങ്ങളിൽ പ്രവേശിക്കുന്നത് തടയാൻ കഴിഞ്ഞു.  രണ്ടുവർഷ കാലയളവിനുള്ളിൽ 921.03 ലക്ഷം രൂപ ചെലവിട്ട് 609.12 കി.മീറ്റർ സൗരോർജവേലി സ്ഥാപിച്ചു. ഇതിനു പുറമെ ആന പ്രതിരോധമതിലുകൾ, ആന പ്രതിരോധ കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിങ്ങ്, റെയിൽ ഫെൻസിങ്ങ് സ്ഥാപിച്ചു. വന്യമൃഗങ്ങളുടെ സാന്നിധ്യം മുൻകൂറായി അറിയിക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമുകളെ അടിസ്ഥാനമാക്കി ഏർളി വാണിങ്ങ് സിസ്റ്റം മൂന്നാർ വനത്തിനോട് ചേർന്നുള്ള ജനവാസമേഖലകളിൽ നടപ്പാക്കി.

## പരിസ്ഥിതി സംവേദകമേഖല സംബന്ധിച്ച നടപടികൾ

വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയ്ക്ക് ചുറ്റും പരിസ്ഥിതി സംവേദകമേഖല നിശ്ചയിക്കുമ്പോൾ ജനസാന്ദ്രത കൂടിയ പ്രദേശങ്ങളും സർക്കാർ/ അർദ്ധസർക്കാർ/ പൊതുസ്ഥാപനങ്ങളും ഒഴിവാക്കണമെന്ന സംസ്ഥാന സർക്കാർ നിലപാട് സംരക്ഷിക്കുന്നതിനായി ഭരണപരവും നിയമപരവുമായ നടപടികൾ സ്വീകരിച്ചു. ഇതിന്റെ ഭാഗമായി ഒരു കി.മീ. ചുറ്റളവിൽ പരിസ്ഥിതി സംവേദക മേഖലകൾ നിശ്ചയിച്ചാൽ ആയതിൽ  ഉൾപ്പെടുന്ന വീടുകൾ, സ്ഥാപനങ്ങൾ, മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ഉപഗ്രഹ ചിത്രങ്ങളുടെ

സഹായത്തോടെയുള്ള വിവര ശേഖരണം സംസ്ഥാന റിമോട്ട് സെൻസിങ്ങ് & എൻവയോൺമെന്റ് സെന്റർ മുഖേന നടത്തി.

പരിസ്ഥിതി സംവേദക മേഖലയിൽ ഉൾപ്പെടുന്ന പ്രദേശത്തെ ഉപഗ്രഹ സർവെക്ക് പുറമെ ഭൗതിക സ്ഥലപരിശോധനകൂടി നടത്താൻ സർക്കാർ തീരുമാനിച്ചു. ജനങ്ങളുടെ പരാതികൾ/വിവരങ്ങൾ എന്നിവ സമർപ്പിക്കുന്നതിന് ജനുവരി ഏഴ് വരെ സമയം അനുവദിക്കുകയും നിശ്ചിത തീയതിക്കകം ലഭിച്ച 63,615 പരാതികൾ പരിഹരിക്കുകയും ചെയ്തു.

സുപ്രീം കോടതിയുടെ 03.06.2022 ലെ ഉത്തരവിൽ നിർദേശിക്കുന്ന ദൂരപരിധിയിൽ ഇളവ് ലഭിക്കുന്നതിനായി കേന്ദ്ര സർക്കാർ സമർപ്പിച്ച മോഡിഫിക്കേഷൻ ഹർജിയിൽ കക്ഷിചേരാൻ സംസ്ഥാനസർക്കാർ അപേക്ഷ സമർപ്പിച്ചു.

## ആദിവാസിസമൂഹത്തിന് മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ

വനാന്തരങ്ങളിൽ താമസിക്കുന്ന ആദിവാസി, ഇതരസമൂഹത്തിൽപ്പെട്ട 453 കുടുംബങ്ങൾക്ക് സർക്കാരിന്റെ കഴിഞ്ഞ രണ്ടുവർഷഭരണകാലയളവിൽ റീബിൽഡ് കേരള പദ്ധതി മുഖേന 34.725 കോടി രൂപയും കിഫ്ബി ഫെയ്സ് രണ്ട് പദ്ധതി മുഖേന 16.05 കോടി രൂപയും അനുവദിച്ച് പുനരധിവാസത്തിന് സാഹചര്യം ഒരുക്കി.

## അധിനിവേശ സസ്യങ്ങൾ/ആവാസ വ്യവസ്ഥ സംരക്ഷണം

വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ 12300 ഹെക്ടർ വനഭൂമിയിൽ വ്യാപിച്ചുകിടക്കുന്നതും വയനാട് വന്യജീവി സങ്കേതത്തിലെ സ്വാഭാവികവനത്തിന് ദോഷം ഉണ്ടാക്കുന്നതുമായ അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്യുന്നതിന്റെ ഭാഗമായി മഞ്ഞക്കൊന്ന നശിപ്പിക്കാനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു. ആദ്യഘട്ടമെന്ന നിലയിൽ 1672 ഹെക്ടർ പ്രദേശത്താണ് ഇത് നടപ്പിലാക്കുന്നത്. 5.31 കോടി രൂപയുടെ പദ്ധതി നബാർഡിന്റെ സഹായത്തോടെ മുത്തങ്ങ, കുറിച്യാട് ഫോറസ്റ്റ് റേഞ്ചുകളിലാണ് നടപ്പിലാക്കുന്നത്.

## കോട്ടൂർ ആന പുനരധിവാസകേന്ദ്രം അന്തർദേശീയ നിലവാരത്തിലേക്ക്

തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിനടുത്ത് കാപ്പുകാട് റിസർവ് വനമേഖലയിൽ നിലവിലുള്ള ആന പുനരധിവാസകേന്ദ്രം അന്തർദേശീയ നിലവാരത്തിലേക്ക് ഉയർന്നത് വകുപ്പിന്റെ നേട്ടമാണ്.

എൻട്രൻസ് പ്ലാസ, കുട്ടിയാനകൾക്കുള്ള കേന്ദ്രം, ക്വാറന്റൈൻ കേന്ദ്രം, ആറ് ആനക്കൊട്ടിലുകൾ, വെറ്ററിനറി ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ ബ്ലോക്ക്, കഫെറ്റീരിയ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. 46 കോടി രൂപയാണ് ചെലവ്. ■



# വിജയമുദ്രകൾ ഭാവിരേഖകൾ

- വന്യമൃഗ ആക്രമണങ്ങളിൽ നഷ്ടം സംഭവിച്ച വർക്ക് നഷ്ടപരിഹാരമായി ഈ സർക്കാരിന്റെ കാലയളവിൽ 2354.91 ലക്ഷം രൂപ നൽകി.
- തേനിച്ച/കടന്നൽ കുത്തേറ്റ് മരണപ്പെടുന്ന വ്യക്തികൾക്ക് 10 ലക്ഷം രൂപവരെ നഷ്ടപരിഹാരം നൽകുന്നതിന് ഉത്തരവായി.
- വയനാട് വന്യജീവി സങ്കേതത്തിലെ കുറിച്യാട് റെയിഞ്ചിൽ കേരളത്തിലെ ആദ്യത്തെ ആനിമൽ ഹോസ്പൈസ് ആൻഡ് പാലിയേറ്റീവ് കെയർ യൂണിറ്റ് സ്ഥാപിച്ചു.
- ജനവാസ മേഖലയിൽ പാമ്പുകളെ കണ്ടാൽ അവയെ സുരക്ഷിതമായി പിടികൂടി ആവാസ വ്യവസ്ഥയിലേക്ക് വിടുന്നതിന് വനം വകുപ്പ് സർപ്പ ആപ്പ് സംവിധാനം.
- പൂത്തൂർ റിസർവ് വനമേഖലയിൽ 136.28 ഹെക്ടറിൽ അന്തർദേശീയ നിലവാരത്തിലുള്ള സുവോളജിക്കൽ പാർക്ക് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- സംസ്ഥാനത്ത് ആദ്യമായി ചെക്പോസ്റ്റുകളെ സംയോജിത ഫോറസ്റ്റ് ചെക്പോസ്റ്റ് സമുച്ചയങ്ങളാക്കി മാറ്റുന്ന പദ്ധതിക്ക് തുടക്കം കുറിച്ചു.
- പുനലൂർ, മൂന്നാർ, പാലക്കാട്, നിലമ്പൂർ നോർത്ത്, കണ്ണൂർ, വയനാട് (വൈൽഡ്ലൈഫ് സാങ്ച്വറി) എന്നീ ഫോറസ്റ്റ് ഡിവിഷനുകളിൽ RRT രൂപീകരിക്കുന്നതിനായി 1,809.32 ലക്ഷം രൂപ ചെലവഴിച്ചു.
- തേക്ക് തോട്ടങ്ങളുടെപരിപാലനം, ചന്ദനക്കാടുകളുടെ സംരക്ഷണം എന്നിവയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു.
- അഗ്നിപ്രതിരോധപ്രവർത്തനങ്ങൾക്കായി നൂതന മാർഗങ്ങൾ വകുപ്പിൽ കൊണ്ട് വന്നു
- കേരളത്തിന്റെ ഹരിതാവരണം വർധിപ്പിക്കുക, അന്തരീക്ഷ താപം കുറയ്ക്കുന്നതിനുള്ള കാർബൺ ന്യൂട്രൽ കേരളം എന്നീ ലക്ഷ്യങ്ങളോടെ നല്ലയിനം തൈകൾ ഉൽപാദിപ്പിച്ച് വനേതര പ്രദേശങ്ങളിൽ വച്ചുപിടിപ്പിക്കുന്നതിനും അവയുടെ പരിപാലന പ്രവർത്തനങ്ങൾക്കുമായി വനംവകുപ്പും തദ്ദേശ സ്വയംഭരണവകുപ്പും സംയുക്തമായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 'വൃക്ഷസമൃദ്ധി' പദ്ധതി നടപ്പിലാക്കി വരുന്നു.
- ഈ സർക്കാരിന്റെ കാലയളവിൽ 38 ലക്ഷം രൂപ ചെലവാക്കി 15 നഗരവനങ്ങളാണ് നട്ടുപിടിപ്പിച്ചത്.
- സംസ്ഥാനത്തൊട്ടാകെ ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ 75 വിദ്യാവനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പദ്ധതിക്കായി 215 ലക്ഷം രൂപ ചെലവഴിച്ചു.
- 2022-23 വർഷത്തിൽ 54 കാവുകൾക്കും ധനസഹായം നൽകി
- ഫോറസ്റ്റ് പ്ലസ് 2.0 പ്രോജക്ടിന്റെ ഭാഗമായി, USAI D ന്റെ സാങ്കേതികപിന്തുണയോടെ തിരുവനന്തപുരം ലാൻഡ്സ്കേപ്പ് തിരഞ്ഞെടുക്കുകയും ecosystem approach of Forest Plus management based Working Plan ഡിവിഷനു വേണ്ടി തയ്യാറാക്കുകയും ചെയ്തു.
- നാശോന്മുഖമായ വനങ്ങളും ആവാസ വ്യവസ്ഥയും പുനസ്ഥാപിക്കുവാനും, വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുവാനും PFM മുഖാന്തരം സാധിച്ചു.
- സംസ്ഥാനത്തെ 60 ഇക്കോടൂറിസം കേന്ദ്രങ്ങളിലായി 213 പാക്കേജുകൾ പൊതുജനങ്ങൾക്കായി വനംവകുപ്പ് നടത്തിവരുന്നു.
- വിവിധ ഇക്കോടൂറിസം പദ്ധതികൾക്കായി 1353.3 ലക്ഷം രൂപ അനുവദിച്ചു
- ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം (Vanasree.in) വഴി വനശ്രീ ഉൽപ്പന്നങ്ങളുടെ വിപണനം വനം വകുപ്പ് ആരംഭിച്ചു.
- സർക്കാരിന്റെ ലക്കി ബിൽ സമ്മാന പദ്ധതിയിൽ വിജയികൾക്ക് വനശ്രീ ഉൽപ്പന്നങ്ങൾ സമ്മാനമായി നൽകുന്ന സംവിധാനം ആരംഭിച്ചു.
- നാളിതുവരെ 201.125 ലക്ഷം രൂപ എല്ലാ VDVK യൂണിറ്റുകൾക്കും വിതരണം ചെയ്തു. VDVK യുടെ കീഴിൽ 617 സ്വയം സഹായ സംഘങ്ങൾ രൂപവൽക്കരിച്ചു. ഇതിന്റെ പ്രയോജനം സംസ്ഥാനത്തെ 12,038 ൽപരം ആദിവാസി സമൂഹങ്ങൾക്ക് ലഭിക്കുന്നു.
- തിരഞ്ഞെടുത്ത വനാശ്രിത ഗ്രാമങ്ങളിൽ ഔഷധസസ്യക്കൃഷി പദ്ധതി നടപ്പിലാക്കിവരുന്നു.
- തട്ടേക്കാട് വന്യജീവിസങ്കേതത്തിൽ സന്ദർശകരായ ഭിന്നശേഷി ഉള്ളവർക്കും വയോജനങ്ങൾക്കുമായി ഇലക്ട്രിക് ബഗ്ഗി വാഹനസൗകര്യം ഏർപ്പെടുത്തി.
- സംസ്ഥാനത്തെ 150 ഓളം ആദിവാസി ഗ്രാമങ്ങളെ സാംസ്കാരിക പഠനകേന്ദ്രങ്ങളാക്കി മാറ്റുന്ന കതിർ പദ്ധതി നടപ്പിലാക്കി വരുന്നു.





**അഹമ്മദ് ദേവർകോവിൽ**
തുറമുഖം, മ്യൂസിയം, വകുപ്പ് മന്ത്രി

**വ്യവസായ, വാണിജ്യമേഖല യിലുൾപ്പെടെ അവസരങ്ങളുടെ പുതിയ ജാലകങ്ങൾ തുറക്കാൻ തുറമുഖങ്ങളുടെ വികസനവും പ്രധാനമാണെന്നു കണ്ടുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നത്. സ്വപ്നപദ്ധതിയായ വിഴിഞ്ഞം തുറമുഖം നിർമ്മാണം പൂർത്തിയായി വരുന്നു**



# തുറമുഖങ്ങൾക്ക് ഗതിവേഗം പുരാരേഖകൾക്ക് വീണ്ടെടുപ്പ്

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം 7700 കോടി രൂപ മുതൽമുടക്കിൽ പൊതുസ്വകാര്യപങ്കാളിത്തത്തോടെയാണ്. 3100 മീറ്റർ പുലിമുട്ടിന്റെ 2000 മീറ്റർ പൂർത്തിയാക്കി. ബർത്ത് ഡ്രഡ്ജിങ്ങ് റിക്ലമേഷൻ, ഇലക്ട്രിക് സബ് സ്റ്റേഷനുകൾ, യന്ത്രോപകരണങ്ങൾ തുടങ്ങിയ വിവിധ ഘടകങ്ങളുടെ നിർമ്മാണവും സ്ഥാപനവും പൂർത്തിയായി വരുന്നു. സെപ്റ്റംബറിൽ ആദ്യ കപ്പൽ തുറമുഖത്തെത്തിക്കുകയാണ് ലക്ഷ്യം.

## കൊല്ലം തുറമുഖം

ചെറുകിട തുറമുഖങ്ങളിൽ ബേപ്പൂർ കഴിഞ്ഞാൽ ഏറ്റവും പ്രാധാന്യമുള്ള കൊല്ലം തുറമുഖത്ത് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കി. തുറമുഖത്തെ ഇമിഗ്രേഷൻ ചെക്പോയിന്റായി പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി.

തീരദേശപര്യവേക്ഷണ പ്രവർത്തനങ്ങൾക്കായി വിഴിഞ്ഞത്ത് ഹൈഡ്രോഗ്രാഫിക് സർവെ വിങ്ങിന്റെ അസിസ്റ്റന്റ് മറൈൻ സർവെയർ ഓഫീസ് പ്രവർത്തനം ആരംഭിച്ചു.

പൊന്നാനി കേന്ദ്രമായി ഹൈഡ്രോഗ്രാഫിക് സർവെ വിങ്ങിന്റെ കീഴിലുള്ള കേരള ഹൈഡ്രോഗ്രാഫിക് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിച്ചു. ഇവിടെ കേരള ഇൻലൻഡ് വെസൽസ് റൂൾസ് അടിസ്ഥാനമാക്കിയുള്ള വിവിധ കോഴ്സുകൾ നടത്തി ലൈസൻസുകൾ നൽകിവരുന്നു.

ചരിത്രത്തിന്റെ ശേഷിപ്പുകളെ തലമുറകൾക്കായി കരുതിവയ്ക്കുന്നതിന് മുമ്പെങ്ങുമില്ലാത്ത പ്രാധാന്യമാണ് ഈ സർക്കാർ നൽകുന്നത്. മ്യൂസിയങ്ങളുടെ നവീകരണവും പുതിയവയുടെ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തുന്നു. പുരാരേഖകളുടെ വീണ്ടെടുപ്പിലും പുരാവസ്തുസംരക്ഷണത്തിലും കാര്യമായ പുരോഗതി കൈവരിക്കാനുമായി.

## താളിയോല മ്യൂസിയം

പുരാരേഖവകുപ്പിന്റെ കൈവശം 13-ാം നൂറ്റാണ്ട് മുതലുള്ള താളിയോലരേഖകളുടെയും, ചെപ്പേടുകളുടെയും, മുളക്കരണങ്ങളുടെയും ശേഖരമുണ്ട്. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ വളരെ നിർണായകമായ സ്വാധീനം ചെലുത്തിയ ഈ രേഖകളിൽ തിരഞ്ഞെടുത്തവ വിദ്യാർഥികൾ ഉൾപ്പെടെ പൊതുജനങ്ങൾക്കു ലഭ്യമാകുന്ന തരത്തിൽ തിരുവനന്തപുരം ഫോർട്ടിലുള്ള പുരാരേഖവകുപ്പിന്റെ സെൻട്രൽ ആർക്കൈവ്സിൽ മ്യൂസിയം ആരംഭിച്ചു.



## അന്താരാഷ്ട്ര ഹെറിറ്റേജ് സെന്റർ

പുരാരേഖവകുപ്പിലെ താളിയോല രേഖകളും, ചെപ്പേടുകളും, മുളക്കരണങ്ങളും നിലവിൽ സെൻട്രൽ ആർക്കൈവ്സിലാണ് സൂക്ഷിച്ചിരിക്കുന്നത്. അമൂല്യമായ ഈ രേഖകൾ ശാസ്ത്രീയമായ സംരക്ഷണത്തിന് വിധേയമാക്കി കേരള യൂണിവേഴ്സിറ്റിയുടെ കാര്യവട്ടം ക്യാമ്പസിൽ പുതിയ കെട്ടിടം നിർമ്മിച്ച് ഗവേഷകർക്കും വിദ്യാർഥികൾക്കും ലഭ്യമാക്കും. ആറ് കോടി രൂപ ചെലവിൽ ഹെറിറ്റേജ് സെന്റർ കെട്ടിടനിർമ്മാണം പുരോഗമിക്കുന്നു.

## ഇടുക്കി ഹെറിറ്റേജ് സെന്റർ

ജില്ലകളുമായി ബന്ധപ്പെട്ട പുരാരേഖകൾ അതതു ജില്ലകളിൽ സംരക്ഷിക്കുന്നതിനാണ് സർക്കാർ തീരുമാനം. ഇടുക്കി ജില്ലയുമായി ബന്ധപ്പെട്ട പുരാരേഖാമൂല്യമുള്ള രേഖകളുടെ സംരക്ഷണവും പ്രദർശനവും നടത്തുന്നതിന് ഇടുക്കിയിൽ 175 ലക്ഷം രൂപ ചെലവിൽ ഹെറിറ്റേജ് സെന്റർ പ്രവർത്തനം ആരംഭിച്ചു.

## ഡിജിറ്റൽ പേയ്മെന്റ് സംവിധാനം

പുരാരേഖ വകുപ്പിലെ സുപ്രധാന രേഖകളെല്ലാം ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഗവേഷകർക്ക് പുരാരേഖ ആസ്ഥാനത്ത് എത്താതെ തന്നെ പുരാരേഖകൾ ലഭിക്കുന്നതിനുള്ള പേയ്മെന്റ് നടത്തുന്നതിന് ഡിജിറ്റൽ പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തി.

## കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം പുനഃസജ്ജീകരണം

കോഴിക്കോടിന്റെ പൈതൃകത്തെ വരച്ചുകാട്ടുന്ന ചരിത്ര നിർമ്മിതിയായി പഴശ്ശിരാജാ മ്യൂസിയത്തെ മാറ്റി. പൊതുജനങ്ങൾക്കും വിദ്യാർഥികൾക്കും ആകർഷകമായ തരത്തിൽ നാല് കോടി രൂപ ചെലവിലാണ് രൂപകല്പന.

## പത്മനാഭപുരം കൊട്ടാരം സംരക്ഷണം

തക്കലയിലെ പത്മനാഭപുരം കൊട്ടാരത്തിൽ കൊട്ടാരത്തിന്റെ ഘടനാപരമായ സംരക്ഷണപ്രവർത്തനങ്ങൾക്കൊപ്പം ഒരു മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. സന്ദർശകർക്ക് കാത്തിരിപ്പുകേന്ദ്രത്തിന്റെയും കഫറ്റേരിയയുടെയും നിർമ്മാണവും പൂർത്തിയാക്കി.

## തിരൂരങ്ങാടി പൈതൃക മ്യൂസിയം

മലബാർ കലാപവുമായി ബന്ധപ്പെട്ട സ്മാരകം എന്ന നിലയിൽ ബ്രിട്ടീഷ് ഭരണകാലത്തെ ജയിലും കോടതിയും ഉൾപ്പെട്ട തിരൂരങ്ങാടിയിലെ പഴയ താലൂക്ക് ഓഫീസ് കെട്ടിടത്തിന്റെ സംരക്ഷണപ്രവർത്തനങ്ങൾ പൂർത്തിയാക്കി. 3.88 കോടി രൂപ ചെലവിൽ ജില്ലാപൈതൃകമ്യൂസിയമാക്കി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. മ്യൂസിയം 2023 അവസാനത്തോടെ തുറന്നുകൊടുക്കും.

സംരക്ഷിതസ്മാരകമായി പ്രഖ്യാപിച്ച ആറ്റിങ്ങൽകൊട്ടാരത്തിന്റെ മുഖമണ്ഡപത്തിന്റെ സമഗ്രസംരക്ഷണ പ്രവൃത്തികൾ ഒരുകോടി രൂപ ചെലവിൽ പൂർത്തിയാക്കി. അകക്കെട്ടുകളും നവീകരിച്ചുവരികയാണ്.



## പുരാതനകോവിലകങ്ങളുടെ സംരക്ഷണം

തൃശ്ശൂർ തെക്കേമഠം, ഇരിട്ടി തെക്കേ കോവിലകം, ആലുവ യൂണിയൻ ക്രിസ്റ്റ്യൻ കോളേജിലെ കച്ചേരി മാളിക, പാലക്കാട് തിരുമറ്റക്കോട് അഞ്ച് മൂർത്തി ക്ഷേത്രം, തളി നെടുമ്പ്രയൂർ ശിവക്ഷേത്രം, കണ്ണൂർ അറക്കൽ കൊട്ടാരം തുടങ്ങിയ പൈതൃക നിർമ്മിതികളുടെ സംരക്ഷണം പൂർത്തിയാക്കി.

## എ.കെ.ജി മ്യൂസിയം

കണ്ണൂർ ജില്ലയിലെ പെരളശ്ശേരിയിൽ സ്ഥാപിക്കുന്ന മ്യൂസിയത്തിനായി 3.21 ഏക്കർ ഭൂമി ഏറ്റെടുത്തു. കെട്ടിടനിർമ്മാണം നടത്തി വരുന്നു. പൂർത്തിയാകുന്ന മുറയ്ക്ക് മ്യൂസിയം സജ്ജീകരിക്കുന്നതിന് 2023-24 ലെ ബജറ്റിൽ ആറ് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## ശ്രീചിത്തിര ആർട്ട് ഗാലറിയിൽ കൺസർവേഷൻ ലാബ്

ശ്രീചിത്തിര ആർട്ട് ഗാലറിയിൽ രാജാ രവിവർമ്മയുടെ ചിത്രങ്ങൾക്ക് പുറമെ ചൈനീസ് ടിബറ്റൻ പെയിന്റിങ്ങുകളുടെയും ജാപ്പനീസ് വുഡ്കട്ടുകളുടെയും വലിയ ശേഖരം ഉണ്ട്. ബംഗാൾ സ്കൂൾ ഓഫ് ആർട്സ് ചിത്രങ്ങളും തഞ്ചാവൂർ മിനിയേച്ചറുകളും ശേഖരത്തിൽ ഉൾപ്പെടുന്നു. ഇവയുടെ രാസസംരക്ഷണത്തിന് കൺസർവേഷൻ ലാബ് സ്ഥാപിച്ചു. ■

## വിജയമുദ്രകൾ ഭാവിരേഖകൾ

- വയനാട് പഴശ്ശികുടീരത്തിൽ ജില്ലാപൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിന് പ്രവർത്തനം തുടങ്ങി.
- കോഴിക്കോട് മേഖലാ ആർക്കൈവ്സ് ഓഫീസിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി മിനി സിവിൽ സ്റ്റേഷനിൽ സബ് സെന്റർ ആരംഭിച്ചു.
- സാഹിത്യകാരൻ പി. കേശവദേവുമായും നിരണം സെന്റ് മേരീസ് ഓർത്തഡോക്സ് സിറിയൻ പള്ളിയുമായും ബന്ധപ്പെട്ട പുരാരേഖകളുടെയും വസ്തുക്കളുടെയും ശാസ്ത്രീയമായ സംരക്ഷണം പൂർത്തിയാക്കി.
- സ്വാതന്ത്ര്യസമരസേനാനികളുടെ തിരഞ്ഞെടുത്ത പ്രസംഗങ്ങളും, തിരുവിതാംകൂറിലെ മാനസികരോഗ ചികിത്സാസമ്പ്രദായത്തിന്റെ ആവിർഭാവത്തെക്കുറിച്ചുമുള്ള പ്രസിദ്ധീകരണങ്ങൾ നടത്തി. പുരാരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നു.
- വയനാട് ജില്ലയുടെ കാർഷിക, സാംസ്കാരിക പൈതൃകം വിളിച്ചോതുന്ന മ്യൂസിയം കുങ്കിച്ചിറയിൽ സ്ഥാപിക്കുന്നതിന് കെട്ടിടനിർമ്മാണവും അനുബന്ധ വികസന പ്രവർത്തനങ്ങളും പൂർത്തിയാക്കി.
- കണ്ണൂർ ടൗണിലെ 200 വർഷം പഴക്കമുള്ള കേരള സംസ്ഥാന ഹാൻഡ്ലൂം ഡവലപ്മെന്റ് കോർപ്പറേഷന്റെ പഴയ ആസ്ഥാന മന്ദിരത്തിൽ കൈത്തറി മ്യൂസിയത്തിന്റെ പ്രദർശന സംവിധാനം 90% പൂർത്തീകരിച്ചു.










അഡ്വ. ആന്റണി രാജു
ഗതാഗത വകുപ്പ് മന്ത്രി

സംസ്ഥാനത്തെ പൊതുഗതാഗത മേഖലയ്ക്ക് ഉണർവേകിയ കാലയളവാണ് ഇത്. പൊതുഗതാഗതമേഖലയുടെ സർവതോമുഖമായ പുരോഗതിക്ക് ക്രിയാത്മകമായ നിരവധി പദ്ധതികളാണ് ഗതാഗതവകുപ്പ് ആവിഷ്കരിച്ചിരിക്കുന്നത്. പൊതുയാത്രാ സംവിധാനത്തെ കാലികമായി പരിഷ്കരിച്ച് പുത്തൻ സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് സംസ്ഥാന സർക്കാർ



# പുതുയാത്രാവഴികൾ സ്മാർട്ട് സേവനങ്ങൾ

ഒരു വർഷം മുമ്പ് രൂപീകരിച്ച കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് അതിവേഗം വളർച്ചയുടെ പടവുകൾ കയറുകയാണ്. ദീർഘദൂര സർവീസുകൾ ലക്ഷ്യം വച്ച് ആരംഭിച്ച "കെ.എസ്. ആർ.ടി.സി– സ്വിഫ്റ്റ്" ആദ്യഘട്ടത്തിൽ 116 ബസ്സുകളും പിന്നീട് 50 ഇ- ബസ്സുകളുംഇപ്പോൾ 131 ബസ്സുകളും നിരത്തിലിറക്കി.

കെ.എസ്.ആർ.ടി.സി യുടെ പുനരുദ്ധാരണം ലക്ഷ്യമാക്കി സർക്കാർ ഉടമസ്ഥതയിൽ രൂപവൽക്കരിച്ച കമ്പനിയാണ് കെഎസ്ആർടിസി സ്വിഫ്റ്റ്. യാത്രികർക്ക് മികച്ച സേവനങ്ങളും പുതിയ യാത്രാനുഭവവും നൽകുന്നതിന് ഏറ്റവും പുതിയ സാങ്കേതിക വിദ്യയോടുകൂടിയ മികച്ച സൗകര്യങ്ങളുള്ള ബസ്സുകളാണ് സർവീസ് നടത്തുന്നത്. പ്രത്യേകം പരിശീലനം നൽകിയ ഡ്രൈവർ കം കണ്ടക്ടർമാരാണ് ഈ സർവീസുകൾ നിയന്ത്രിക്കുന്നത്. ഓൺലൈൻ റിസർവേഷൻ സേവനം എല്ലാസമയവും ഉറപ്പാക്കുന്ന കെഎസ്ആർടിസി – സ്വിഫ്റ്റ് സർവ്വീസുകളിൽ സുരക്ഷയ്ക്കും വൃത്തിയ്ക്കും കൂടുതൽ മുൻതൂക്കം നൽകുന്നു.

## വരുമാനവർധന

പ്രതിസന്ധികളിലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ നൂതനമായ ആശയങ്ങൾ കൊണ്ട് കെ എസ് ആർ ടി സി വരുമാനം വർധിപ്പിക്കുവാനുള്ള ശ്രമത്തിലാണ് സർക്കാർ. ടിക്കറ്റിതര വരുമാനം വർധിപ്പിച്ച് നഷ്ടത്തിന്റെ തോത് കുറക്കാൻ കഴിയുമെന്ന വിശ്വാസമാണ് സർക്കാരിനുള്ളത്. ജി.പി.ആർ.എസ്, ബ്ലൂടൂത്ത്, ആർ.എഫ്.ഐ.ഡി. സംവിധാനങ്ങളുള്ള ഇലക്ട്രോണിക് ടിക്കറ്റിങ്ങ് മെഷീനുകൾ കോർപ്പറേഷന്റെ എല്ലാ യൂണിറ്റുകളിലും നടപ്പിലാക്കുകയാണ്. ഓരോ ബസ്സിന്റെയും വരുമാനം, യാത്രക്കാരുടെ എണ്ണം എന്നിവ അറിയാനും, വിശകലനം ചെയ്യാനും സംവിധാനമുണ്ട്.

സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന്റെയും, ആധുനികവൽക്കരണത്തിന്റെയും ഭാഗമായി വിവിധ ആപ്ലിക്കേഷനുകൾ സുരക്ഷിതമായും ഉയർന്നവേഗത്തിലും പ്രവർത്തിപ്പിക്കുന്നതിനായി പുതിയ ഹൈ എൻഡ് ക്ലൗഡ് സർവർ സംവിധാനം കൊണ്ടുവന്നു. കിഫ്ബി ഫണ്ട് ഉപയോഗിച്ച്



# വിജയമുദ്രകൾ ഭാവിരേഖകൾ

- കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ഓഫീസുകളിലെയും ജീവനക്കാരുടെ ഹാജർ ആധാർ അധിഷ്ഠിത വിരലടയാള സംവിധാനത്തിലൂടെ നടപ്പിലാക്കും.
- സ്മാർട്ട് ട്രാവൽ കാർഡ്

  യാത്രക്കാർക്ക് മുൻകൂറായി പണം നൽകി റീചാർജ് ചെയ്യാനും കൂടുതൽ വേഗത്തിൽ ടിക്കറ്റുകൾ ലഭ്യമാക്കാനുമാണ് സംവിധാനം.
- ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ (സി.സി.ടി.വി.)

  യാത്രക്കാരുടെ സുരക്ഷയ്ക്കായി സി.സി.ടി.വി. ക്യാമറകളും, കൺട്രോൾ റൂമും സജ്ജമാക്കുന്ന പദ്ധതിയാണിത്.
- സോളാർ ഇലക്ട്രിക് ക്രൂയിസ് നിർമ്മാണം

  യാത്രക്കാർക്കും, ടൂറിസ്റ്റുകൾക്കും ഒരേപോലെ പ്രയോജനപ്രദമായ പരിസ്ഥിതി സൗഹൃദവും, ചെലവു കുറഞ്ഞതുമായ സർവീസ്.
- പ്രകൃതിസൗഹൃദ സോളാർ ബോട്ടുകൾ
- സേഫ് കേരള പദ്ധതിയുടെ ഭാഗമായി റോഡപകടങ്ങളും അതുവഴിയുള്ള ജീവഹാനിയും പരമാവധി കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തുടനീളം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), ഓട്ടോമേറ്റഡ് നമ്പർപ്ലേറ്റ് റെക്കഗ്നിഷൻ (ANPR) എന്നീ അത്യാധുനിക സാങ്കേതിക വിദ്യകളോടു കൂടിയ ക്യാമറകൾ, സ്പീഡ് റഡാറുകൾ, വെഹിക്കിൾ മൗണ്ടഡ് സ്പീഡ് റഡാറുകൾ എന്നിവ സ്ഥാപിച്ച് സുതാര്യവും കാര്യക്ഷമവുമായ രീതിയിൽ എൻഫോഴ്സ്മെന്റ് ശക്തമാക്കുന്നതിനായി 14 ജില്ലകളിലും കൺട്രോൾ റൂമുകൾ.
- വാഹനങ്ങളുടെ ഫിറ്റ്നസ് ഉറപ്പു വരുത്തുന്നതിനും ഡ്രൈവിങ്ങ് പരിശോധനയ്ക്കുമായി തിരുവനന്തപുരത്തെ മുട്ടത്തറ (350 ലക്ഷം രൂപ), പാറശ്ശാല (295 ലക്ഷം രൂപ), കോട്ടയത്തെ ഉഴവൂർ (350 ലക്ഷം രൂപ), എറണാകുളത്തെ മൂവാറ്റുപുഴ (350 ലക്ഷം രൂപ), കണ്ണൂരിലെ തളിപ്പറമ്പ് (450 ലക്ഷം രൂപ), കാസർഗോഡ് (450 ലക്ഷം രൂപ) എന്നിവിടങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിങ്ങ് സ്റ്റേഷനുകൾ, ഡ്രൈവർ ടെസ്റ്റിങ്ങ് ട്രാക്കുകൾ.
- നിലവിലെ പേപ്പർ ലാമിനേറ്റഡ് ഡ്രൈവിങ്ങ് ലൈസൻസ് ഫോമുകൾ മാറ്റി PVC അധിഷ്ഠിത ഡ്രൈവിങ്ങ് ലൈസൻസ് കാർഡുകൾ
- രണ്ട് 75 PAX കാറ്റമറാൻ ബോട്ടുകളിൽ രണ്ടാമത്തെ ബോട്ടിന്റെ നിർമ്മാണം - 50 % പൂർത്തീകരിച്ചു. നാല് 100 PAX കാറ്റമറനുകളിൽ നാലാമത്തെ ബോട്ടിന്റെ നിർമ്മാണം 60% പൂർത്തീകരിച്ചു.

പരിസ്ഥിതി സൗഹൃദ ഇലക്ട്രിക് ബസ്സുകൾ 40 എണ്ണം ലഭ്യമായിട്ടുണ്ട്. ഇതിനു പുറമെ 125 ഇലക്ട്രിക് ബസ്സുകൾ കൂടി വാങ്ങും.

കൽപ്പിത ആനുകൂല്യത്തോടൊപ്പം ശമ്പള പരിഷ്ക്കരണം നടപ്പിലാക്കി സേവന-വേതന കരാർ സർക്കാർ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കോർപ്പറേഷനിലെ ഉന്നതതല മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി യോഗ്യതയും, പരിചയവുമുള്ള ഉദ്യോഗസ്ഥരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

കേരളത്തിൽ ഗതാഗതസൗകര്യവികസന ചരിത്രത്തിലെ പുതിയ ആശയമായ ഗ്രാമവണ്ടിക്ക് നല്ല വരവേൽപാണ് ലഭിച്ചത്. ഒരു പഞ്ചായത്തിലെ സഞ്ചാരയോഗ്യമായ എല്ലാ റോഡുകളിലും എത്തുന്ന രീതിയിലാണ് ഗ്രാമവണ്ടികൾ സർവീസ് നടത്തുന്നത്. ഇന്ധനച്ചെലവ് മാത്രം പഞ്ചായത്ത് വഹിക്കുന്ന ഗ്രാമവണ്ടി പദ്ധതിക്ക് വാഹനവും ഡ്രൈവറും കണ്ടക്ടറും കെ.എസ്.ആർ.ടി.സി നല്കും. കേരളത്തിലെ ഉൾനാടൻ മേഖലയിലെ പൊതുഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ സഹായകരമായ രീതിയിലാണ് ഗ്രാമവണ്ടി പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

ഗ്രാമ വണ്ടി കൂടാതെ, ഇടറോഡുകൾ, റസിഡൻഷ്യൽ ഏരിയ എന്നിവിടങ്ങളിൽ നിന്നും ജനങ്ങളെ പ്രധാന ബസ് സ്റ്റോപ്പുകളിൽ എത്തിക്കുന്നതിനായി ഫസ്റ്റ് മൈൽ, ലാസ്റ്റ് മൈൽ കണക്ടിവിറ്റി - ഫീഡർ സർവീസും നടത്തുന്നു.

കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി പൊതുമേഖല എണ്ണക്കമ്പനികളുമായി ചേർന്ന് നിലവിലെ പമ്പുകളിൽ നിന്നും പൊതുജനങ്ങൾക്ക് കൂടി ഇന്ധനം ലഭ്യമാക്കുന്നതിനായും അതുവഴി ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിനുമായാണ് പദ്ധതി.

മത്സ്യവിപണനത്തിനായി യാത്രചെയ്യുന്ന പ്രത്യേകസംവിധാനങ്ങളോടു കൂടിയ മൂന്ന് സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി നിരത്തിലിറക്കി.

- സമർപ്പിത ക്ലൗഡ് സെർവർ സജ്ജീകരണം. 2021-22-ലെ പദ്ധതി വിഹിതമായ 10.64 കോടി രൂപയിൽ നിന്നും പദ്ധതിക്കായി 15 ലക്ഷം രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.
- ചങ്ങനാശ്ശേരി യൂണിറ്റിൽ പുതിയ ബസ് ടെർമിനലിന്റെ നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു.
- സംസ്ഥാനത്തു ഏഴു സ്ഥലങ്ങളിൽ വെയ്-ഇൻ-മോഷൻ ബ്രിഡ്ജുകൾ സ്ഥാപിക്കാനായി അഞ്ച് കോടി രൂപയുള്ള ഭരണാനുമതി നൽകി.
- നിർഭയ ചട്ടക്കൂടിന് കീഴിൽ സ്ത്രീകളുടെയും പൊതുജനങ്ങളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി സംസ്ഥാനവ്യാപകമായി വാഹന ട്രാക്കിങ്ങ് പ്ലാറ്റ്ഫോം വികസിപ്പിക്കാൻ പദ്ധതി.
- ആരോഗ്യ വകുപ്പുമായി ചേർന്ന് ആംബുലൻസുകളിൽ വി.എൽ.ടി.ഡി.എസ് സംവിധാനം സ്ഥാപിക്കാനും (120 ലക്ഷം രൂപ ). ക്ഷേമനിധി വകുപ്പുമായി ചേർന്ന് ഓട്ടോറിക്ഷകളിൽ വി.എൽ.ടി.ഡി.എസ് സംവിധാനം സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു (198 ലക്ഷം രൂപ).
- റോഡ് സുരക്ഷ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി. റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പാലക്കാട്, തിരുവനന്തപുരം, കണ്ണൂർ, കാസർഗോഡ് എന്നീ അതിർത്തി ജില്ലകളിൽ വയർലസ് കമ്മ്യൂണിക്കേഷൻ സംവിധാനം കൊണ്ടു വരാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- സൗരോർജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന കൂടുതൽ ബോട്ടുകൾ നിർമ്മിച്ച് സർവീസ് നടത്തുക വഴി ചെലവു കുറഞ്ഞതും, മലിനീകരണ വിമുക്തവുമായ യാത്രാസംവിധാനം ലക്ഷ്യം വയ്ക്കുന്നു.
- കെ.എസ്.ആർ.ടി.സി.യുടെ ഫ്ളീറ്റ് നവീകരണത്തിന്റെ ഭാഗമായി 131 പൂർണ്ണ നിർമ്മിത ഡീസൽ ബി.എസ്. VI ബസ്സുകൾ വാങ്ങുന്നതിനായുള്ള വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്.
- കിഫ്ബി ഫണ്ട് ഉപയോഗിച്ച് 50 പരിസ്ഥിതി സൗഹൃദ നോൺ എ.സി. ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നു. 40 ബസ്സുകൾ ലഭ്യമായിട്ടുണ്ട്. ബസ്സുകൾ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖാന്തിരം തിരുവനന്തപുരം സിറ്റിയിൽ സിറ്റി സർക്കലർ സർവീസുകൾ ആരംഭിച്ചിട്ടുണ്ട്. 125 ഇലക്ട്രിക് ബസ്സുകൾ കൂടി വാങ്ങുന്നതിനായുള്ള ഇ-ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.
- വിവിധ ഡിപ്പോകളിലെ ബസ് ടെർമിനൽ, യാർഡ്, ബസ് സ്റ്റേഷൻ , വർക്ക്ഷോപ്പ്, ഡ്രെയിനേജ് എന്നിവയുടെ നിർമ്മാണപ്രവൃത്തികൾ പുരോഗമിക്കുന്നു.
- DBFOT, PPP മോഡലുകളിൽ തിരുവനന്തപുരം ജില്ലയിലെ വിവിധ യൂണിറ്റുകളിൽ ടിക്കറ്റിതര വരുമാനം വർധിപ്പിക്കത്തക്ക രീതിയിൽ കൊമേഴ്സ്യൽ ഡെവലപ്മെന്റ് കെട്ടിടങ്ങൾ.
- മൂന്നാർ യൂണിറ്റിൽ പബ്ലിക് ഡോർമെറ്ററി സംവിധാനമുൾപ്പെടെയുള്ള ഹോളിഡേ ഹോം.
- DIMTS, IFC സഹകരണത്തോടെ കൊമേഴ്സ്യൽ ഡെവലപ്മെന്റ് കെട്ടിടങ്ങൾ.

## ജലഗതാഗതം

വിനോദസഞ്ചാര മേഖലയ്ക്കും പൊതുജനയാത്രയ്ക്കും കൂടുതൽ ഉപകാരപ്രദമായ രീതിയിൽ ഉൾനാടൻ ജലഗതാഗതത്തെ നവീകരിച്ചു. ജലഗതാഗതത്തിൽ പുതിയ കാലഘട്ടത്തിലെ വെല്ലുവിളികൾക്ക് അനുസരണമായി നൂതനാശയങ്ങൾ പ്രാവർത്തികമാക്കുവാനും കഴിഞ്ഞു.

യാത്രക്കാർക്കും വിനോദസഞ്ചാരികൾക്കും ഒരേപോലെ കായൽസൗന്ദര്യം ആസ്വദിക്കാൻ രൂപകല്പന ചെയ്തിട്ടുള്ള "സീ അഷ്ടമുടി" ബോട്ടുകൾക്കു നല്ല സ്വീകാര്യത ലഭിച്ചു.

## ഇ-മൊബിലിറ്റി

പൊതുജനങ്ങളെ ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുവാൻ പ്രോത്സാഹിപ്പിക്കൽ, ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ചാർജിങ്ങ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, ഹരിത ഇന്ധനങ്ങളെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കൽ തുടങ്ങിയവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന പദ്ധതിയാണ് ഇ- മൊബിലിറ്റി.

നിലവിലെ പെട്രോൾ/ ഡീസൽ ഓട്ടോറിക്ഷകൾ ഇലക്ട്രിക്ക് ഓട്ടോറിക്ഷയായി മാറ്റുന്നതിനുള്ള റിട്രോഫിറ്റ്മെന്റ് സബ്സിഡി നൽകുവാനുള്ള പദ്ധതിക്ക് രൂപം നൽകും. ഇലക്ട്രിക്ക് ബാറ്ററി സ്വാപ്പ് ചെയ്യുന്നതിനായുള്ള പദ്ധതിയും റിട്രോഫിറ്റ്മെന്റ് സെന്ററുകൾക്ക് ലൈസൻസ് നൽകുന്നതിന് നടപടിയും സ്വീകരിച്ചുവരുന്നു.

നിലവിലെ പെട്രോൾ/ ഡീസൽ ഓട്ടോറിക്ഷകൾ ഇലക്ട്രിക്ക് ഓട്ടോറിക്ഷയായി മാറ്റുന്നതിനു 300 വാഹനങ്ങൾക്ക് 30,000/ രൂപ നിരക്കിൽ സബ്സിഡി നല്കുന്നതിനായി 90 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. എഴുപതോളം വിവിധതരം ഇലക്ട്രിക്ക് ചാർജിങ്ങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി 44 ലക്ഷം രൂപ, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടി വരുന്ന ചെലവിനായി സബ്സിഡി നൽകുന്നതിനു 20 ലക്ഷം രൂപ ഉൾപ്പെടെ ആകെ 64 ലക്ഷം രൂപ സബ്സിഡി ഇനത്തിൽ അനുവദിക്കുന്നതിനായും ഭരണാനുമതി നൽകിയിട്ടുണ്ട്. ■



വി. അബ്ദുറഹിമാൻ
കായിക വകുപ്പ് മന്ത്രി

**ഒരു നാടിന്റെ സാമൂഹികവും സാമ്പത്തികവുമായ വളർച്ചയിൽ കായികപ്രവർത്തനങ്ങൾക്ക് വലിയ സ്വാധീനമുണ്ട്. പല വികസിത രാജ്യങ്ങളും ഇതു നേരത്തേ തന്നെ തിരിച്ചറിഞ്ഞിട്ടുണ്ട്. എന്നാൽ, നമ്മൾ ഇക്കാര്യത്തിൽ ഏറെ പിന്നിലാണ്. കായികമേഖലയിൽ നമ്മുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞും കാലത്തിന് അനുസരിച്ച മാറ്റങ്ങൾ ഉൾക്കൊള്ളുന്നതുമായ പ്രവർത്തനങ്ങൾക്കാണ് സർക്കാർ മുൻകൈ എടുത്തത്**

# മാറുന്ന കായികകേരളം മികവേറുന്ന കളിക്കളങ്ങൾ

കിഫ്ബി ഫണ്ടും കായികവകുപ്പിന്റെ തനത് ഫണ്ടും ഉൾപ്പെടെ 1600 കോടി രൂപയുടെ അടിസ്ഥാന സൗകര്യവികസനം കായികമേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കാസർഗോഡ്, വയനാട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ ഇടുക്കി എന്നിവിടങ്ങളിൽ കിഫ്ബി ഫണ്ടുപയോഗിച്ചുള്ള ജില്ലാ കായികസമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. കൊടുമൺ, നീലേശ്വരം, മട്ടന്നൂർ, പറളി, തിരുമിറ്റക്കോട്, ചിറ്റൂർ, പ്രീതികുളങ്ങര, കൽപ്പറ്റ, താനൂർ, പുനലൂർ, വടകര, മേപ്പയ്യൂർ, നടുവണ്ണൂർ എന്നിവിടങ്ങളിൽ കായിക സമുച്ചയങ്ങൾ പൂർത്തിയായി. പത്തനംതിട്ട കൊടുമൺ ഇ എം എസ് സ്റ്റേഡിയത്തിന് കിഫ്ബി 16 കോടി രൂപയാണ് അനുവദിച്ചത്. വയനാട് കൽപ്പറ്റയിൽ ജിനചന്ദ്ര സ്റ്റേഡിയം 18.67 കോടി രൂപ ചെലവിലും കാസർഗോഡ് നീലേശ്വരം ഇ എം എസ് സ്റ്റേഡിയം 17.04 കോടി മുടക്കിയുമാണ് നിർമ്മിച്ചത്. പരിയാരം മെഡിക്കൽ കോളേജ്, കുന്നംകുളം ജി എച്ച് എസ് എസ് എന്നിവിടങ്ങളിൽ 7 കോടി രൂപ വീതം മുടക്കി സിന്തറ്റിക് ട്രാക്ക് ഒരുക്കി. ജി. വി. രാജ സ്കൂളിൽ 25 കോടി രൂപയുടെയും കണ്ണൂർ സ്പോട്സ് ഡിവിഷനിൽ 10 കോടിയുടെയും വികസനം നടപ്പാക്കി.

തിരുവനന്തപുരം ജില്ലയിലെ ആനാവൂർ, അരുവിക്കര, പരുത്തിയൂർ, ആലപ്പുഴയിലെ താമരക്കുളം, ആര്യാട്, കണിച്ചുകുളങ്ങര, ഭരണിക്കാവ്, കണ്ടല്ലൂർ, പത്തനംതിട്ടയിലെ ജണ്ടായിക്കൽ, അയിരൂർ, മലപ്പുറത്തെ മുക്കുതല, പാലക്കാട്ടെ എരുമയൂർ, തേൻകുറിശ്ശി, കുനിശ്ശേരി, കാട്ടിശ്ശേരി, കിഴക്കാഞ്ചേരി, മേലാർക്കോട്, കുഴൽമന്ദം, കണ്ണൂരിലെ കല്ല്യാശ്ശേരി, ചേലോറ എന്നിവിടങ്ങളിൽ കളിക്കളങ്ങൾ പൂർത്തിയായി. അന്താരാഷ്ട്ര യോഗ പഠന കേന്ദ്രത്തിന് കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ ഭൂമി ഏറ്റെടുക്കാൻ 2.80 കോടി രൂപ അനുവദിച്ചു.

## കായികനയം

കേരള കായികമേഖലയ്ക്ക് പുതിയ ദിശാബോധം നൽകുന്നതാണ് നയം. എല്ലാവർക്കും സ്പോർട്സ്, സ്കൂൾതലം മുതലുള്ള കായികവികസനം, വിദഗ്ധ പരിശീലനവും ശാസ്ത്രീയമാർഗങ്ങളും അവലംബിച്ച് ഉന്നതനിലവാരമുള്ള കായികതാരങ്ങളെ വളർത്തുക എന്നീ ലക്ഷ്യങ്ങൾ അടിസ്ഥാനമാക്കിയാണ് നയം രൂപീകരിച്ചിട്ടുള്ളത്. സ്പോർട്സ് ഇക്കോണമി മിഷൻ എന്ന പുരോഗമനപരമായ കാഴ്ചപ്പാടും നയം മുന്നോട്ടുവയ്ക്കുന്നു.

## കായികപഠനം

കായികവിദ്യാഭ്യാസം സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കാനുള്ള നടപടി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ആരംഭിച്ചു. പ്രൈമറി വിദ്യാർഥികളുടെ ശാരീരിക-മാനസിക കഴിവുകൾ വർധിപ്പിക്കാൻ ലക്ഷ്യമിട്ട് 25 സ്കൂളിൽ പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി തുടങ്ങി. പദ്ധതി 30 സ്കൂളുകളിലേക്ക് കൂടി വ്യാപിപ്പിക്കുന്ന നടപടി പൂർത്തിയായി.

## എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം

മുഴവൻ പഞ്ചായത്തിലും കളിക്കളം എന്ന വാഗ്ദാനം യാഥാർഥ്യമാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടം 113 പഞ്ചായത്തിലാണ് കളിക്കളം ഒരുക്കുന്നത്. നാല് സ്ഥലങ്ങളിൽ പ്രവൃത്തി തുടങ്ങി.

കൂടാതെ സംസ്ഥാനത്ത് ആദ്യമായി കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുതല സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചത് വലിയ മാറ്റത്തിനിടയാക്കും.

## കായികപരിശീലന പദ്ധതികൾ

അഞ്ച് ലക്ഷം കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകുന്നതിനുള്ള വിപുലമായ ഗോൾ പരിശീലന പദ്ധതിക്കു തുടക്കമായി. ആദ്യഘട്ടത്തിൽ 1000 കേന്ദ്രങ്ങളിലായി ഒരു ലക്ഷം

പേർക്ക്  പരിശീലനം നൽകി. കൂടുതൽ വിദഗ്ധ പരിശീലനത്തിന് 140 നിയോജകമണ്ഡലങ്ങളിൽ ഓരോ കേന്ദ്രം തുടങ്ങി. അത്‌ലറ്റിക്സ് പരിശീലനത്തിന് സ്കൂളുകളിൽ സ്പ്രിന്റ് എന്ന പരിശീലന പദ്ധതി ഈ അധ്യയന വർഷം ആരംഭിച്ചു. ജൂഡോ പരിശീലനത്തിന് 'ജൂഡോക്കോ' എന്ന പദ്ധതിയും ബോക്സിങ്ങ് പരിശീലനത്തിന് 'പഞ്ച്' എന്ന പദ്ധതിയും സ്കൂൾ തലത്തിൽ ആരംഭിച്ചിട്ടുണ്ട്.

## സ്പോർട്സ് അക്കാദമികൾ

സ്പോർട്സ് അക്കാദമികളുടെ നിലവാരം ഉയർത്തുവാൻ കഴിഞ്ഞത് വലിയ നേട്ടമാണ്. കായിക ഡയറക്ടറേറ്റിന്റെയും സ്പോർട്സ് കൗൺസിലിന്റെയും നേതൃത്വത്തിൽ ആരംഭിച്ച മൂന്ന് ഫുട്ബോൾ അക്കാഡമികളിൽ രണ്ടെണ്ണം പെൺകുട്ടികൾക്കു മാത്രമാണ്. 14 ജില്ലകളിലും സ്പോർട്സ് കൗൺസിലിന്റെ  ഹൈ പെർഫോമൻസ് അക്കാദമികൾ ആരംഭിക്കും.

കണ്ണൂർ സ്പോർട്സ് ഡിവിഷൻ മാതൃകയിൽ കുന്ദംകുളത്ത് സ്പോർട്സ് ഡിവിഷൻ ആരംഭിച്ചു. കാഞ്ഞിരപ്പള്ളി നിയമസഭാ മണ്ഡലത്തിലെ കുന്നുംഭാഗം ഗവൺമെന്റ് സ്കൂൾ സ്പോർട്സ് സ്കൂളായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയോധനകലകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി  മലയാള സർവകലാശാലയുമായി ചേർന്ന് കളരിപ്പയറ്റിനു പുതിയ പദ്ധതി തയ്യാറാക്കി വരുന്നു. കൂടാതെ 14 ജില്ലകളിലും കോമ്പാറ്റ് സ്പോർട്സ് സെന്ററുകൾ ആരംഭിക്കും. കരാട്ടെ, ജൂഡോ, തൈക്വാണ്ടോ, കളരി തുടങ്ങിയവ ഇവിടങ്ങളിൽ അഭ്യസിപ്പിക്കും. ■





## വിജയമുദ്രകൾ

- എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ണർഷിപ്പ്- കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് വിദേശ സർക്കാരുകളുമായി സഹകരണം ശക്തമാക്കുകയാണ് സംസ്ഥാനം. നെതർലൻഡ്സ് ഫുട്ബോൾ അസോസി യേഷനും നെതർലൻഡ്സിലെ ബൊറ്റ്ലാൻ ഡർ ഫൗണ്ടേഷനുമായി ചേർന്ന് ഫുട്ബോൾ, ഹോക്കി പരിശീലന പദ്ധതി ആരംഭിച്ചു.
- വിവിധ ദേശീയ അന്തർദേശിയ തലങ്ങളിൽ കഴിവ് തെളിയിച്ച കായികതാര ങ്ങൾക്ക് സർക്കാരിന്റെ അംഗീകാരം.
- കായികമേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിനും കളിക്കളങ്ങളുടെയും സ്റ്റേഡിയങ്ങളുടെയും പരിപാലനത്തിനും കായികവകുപ്പിന് കീഴിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ രൂപികരിച്ചു.
- കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ യും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ യും പ്രവർത്തനങ്ങൾ പൂർണ്ണമായും ഡിജിറ്റ ലൈസ് ചെയ്യാനുള്ള നടപടികൾ പൂർത്തിയായികൊണ്ടിരിക്കുന്നു.
- തിരുവനന്തപുരം വെള്ളയമ്പലത്ത് പ്രവർത്തിക്കുന്ന സ്പോർട്സ് മെഡിസിൻ സെന്റർ മാതൃകയിൽ കണ്ണൂരും കുന്നംകുളത്തും സ്പോർട്സ് മെഡിസിൻ കേന്ദ്രങ്ങൾ.
- വിവിധ സ്കൂളുകളിലെ വിദ്യാർഥികളുടെ ആരോഗ്യവും കായികക്ഷമതയും നിർണയി ക്കുന്ന ഫിറ്റ്നസ് അസസ്മെന്റ് ക്യാംപെയ്ൻ തുടങ്ങി.

## ഭാവിരേഖകൾ

- കോവിഡാനന്തരം, സംസ്ഥാനത്ത് കൂടുതൽ ദേശീയതല മത്സരങ്ങൾ സംഘടിപ്പിച്ചു.
- ദേശീയ സീനിയർ വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ആദ്യമായി കേരളത്തിൽ സംഘടിപ്പിച്ചു.
- സന്തോഷ്ട്രോഫി ഫൈനൽ റൗണ്ട് മത്സരങ്ങൾ 2022 ൽ മലപ്പുറം ജില്ലയിൽ നടന്നു.
- ഫെഡറേഷൻ കപ്പ് ദേശീയ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് കേരളം ആദ്യമായി വേദിയായി.
- അത്‌ലറ്റിക്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ സംഘടിപ്പിച്ച രണ്ട് ഇന്ത്യ ഗ്രാൻപ്രി അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പുകൾ തിരുവനന്തപുരത്ത് നടന്നു.
- സൂപ്പർകപ്പ് ഫുട്ബോൾ മത്സരങ്ങൾക്കും ആദ്യമായി സംസ്ഥാനം വേദിയായി.
- ദേശീയ ഷൂട്ടിങ്ങ് ചാമ്പ്യൻഷിപ്പ് വട്ടിയൂർക്കാവ് റേഞ്ചിൽ നടന്നു.
- സിൽവർലൈൻ (അർദ്ധ അതിവേഗ റെയിൽപാത), തലശ്ശേരി - മൈസൂർ -നിലമ്പൂർ നഞ്ചൻകോട് റെയിൽപാത, അങ്കമാലി - ശബരിറെയിൽപാത എന്നിവ യാണ് റെയിൽവേ മേഖലയിൽ സർക്കാർ നടപ്പിലാക്കുന്ന പ്രധാനപദ്ധതികൾ.
- വനിതാ ഹജ്ജ് തീർഥാടകരുടെ എണ്ണം വർഷം തോറും വർധിച്ചുവരുന്ന സാഹചര്യ ത്തിൽ അവർക്കു പ്രത്യേകമായി ഒരു ബിൽഡിങ്ങ് ഹജ്ജ് ഹൗസിനോട് ചേർന്ന് നിർമ്മിച്ചു വരുന്നു.







ജി. ആർ. അനിൽ
ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി

# തികവോടെ ഭക്ഷ്യസുരക്ഷ നിറവോടെ പൊതുവിതരണം

ഭക്ഷ്യസുരക്ഷയെന്ന സുപ്രധാനദൗത്യം ഏറ്റെടുത്ത് വിജയകരമാക്കുകയാണ് സംസ്ഥാന സർക്കാർ. പൊതുവിതരണ സമ്പ്രദായത്തിൽ പുലർത്തുന്ന കൃത്യതയും കാര്യക്ഷമതയും ഭക്ഷ്യ-പൊതുവിതരണ വകുപ്പിനെ മുൻപന്തിയിൽ നിർത്തുന്നു. മുൻഗണനാകാർഡുകൾ അർഹരായവർക്ക് മാത്രം ലഭ്യമാക്കാൻ വകുപ്പ് നടത്തിയത് ഊർജിതപ്രവർത്തനങ്ങൾ

## മുൻഗണനാകാർഡുകളുടെ ശുദ്ധീകരണം

പിഴയോ ശിക്ഷയോ, കൂടാതെ മുൻഗണനാ കാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് സ്വമേധയാ കാർഡുകൾ സറണ്ടർ ചെയ്യുന്നതിന് അവസരം നൽകി. 1,72,312 കാർഡുകളാണ് സറണ്ടർ ചെയ്തത്. 2,86,087 മുൻഗണനാ കാർഡുകൾ തരം മാറ്റി വിതരണം ചെയ്തു. അർഹരായ ജനവിഭാഗങ്ങളിലേക്ക മുൻഗണനാ കാർഡുകൾ എത്തിക്കുക എന്ന ലക്ഷ്യമാണ് സർക്കാർ കൈവരിച്ചത്.

## ഓപ്പറേഷൻ യെല്ലോ

മുൻഗണനാകാർഡുകൾ സറണ്ടർ ചെയ്യാത്തവരെ ലക്ഷ്യമിട്ടാണ് 'ഓപ്പറേഷൻ യെല്ലോ" പദ്ധതിക്ക് തുടക്കമിട്ടത്. 17,596 കാർഡുകൾ പിടിച്ചെടുത്ത് തരം മാറ്റി; 4,19,19,486 രൂപ പിഴ ഈടാക്കി.

## പുതിയ കാർഡുകളുടെ വിതരണം

എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡ് നൽകുകയാണ് സർക്കാർ നയം. തെരുവോര-വാടക താമസക്കാർക്ക് ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ കാർഡുകൾ നൽകി. 2,79,834 പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തു. ഭിന്നശേഷിക്കാരായ കുട്ടികൾ ഉൾപ്പെടെ താമസിക്കുന്ന വെൽഫെയർ




## വിജയമുദ്രകൾ ഭാവിരേഖകൾ

- അടിയന്തരഘട്ടങ്ങളിൽ ഫലപ്രദമായ വിപണിയിടപെടൽ നടത്തുന്നതിനുമായി പ്രൈസ് റിസർച്ച് സെന്റർ കേരള സ്ഥാപിക്കും.
- ERP (Enterpruner Resource Planning) സംവിധാനം പൂർണ്ണതോതിൽ നടപ്പിലാക്കും. സ്റ്റോക്ക്, പർച്ചേസ്, സെയിൽസ് എന്നിവ സംബന്ധിച്ച ഏറ്റവും പുതിയ വിവരങ്ങൾ ഡാഷ്ബോർഡിലൂടെ ലഭ്യമാക്കി ഓഡിറ്റ് നടപടികൾ വേഗത്തിലാക്കുന്ന സംവിധാനമാണിത്.
- ആന്ധ്ര, ചത്തീസ്ഗഡ് ഉൾപ്പെടെയുള്ള മറ്റ് ഉൽപാദക സംസ്ഥാനങ്ങളിൽ ഉൽപന്നങ്ങളുടെ വില കുറഞ്ഞു നിൽക്കുന്ന കാലയളവിൽ സപ്ലൈകോ മുഖേന ഉൽപ്പന്നങ്ങളുടെ സംഭരണം നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് വരുന്നു.
- കുട്ടനാട് മേഖലയിൽ ഒഴുകുന്ന മാവേലി സ്റ്റോർ പദ്ധതി നടപ്പിലാക്കും.
- പുതുക്കിയതും നവീകരിച്ചതുമായ 81 സപ്ലൈകോ വില്പനശാലകൾ ആരംഭിച്ചിട്ടുണ്ട്. സപ്ലൈകോയുടെ ബ്രാൻഡായ 'ശബരി തേയില' കയറ്റുമതി ഗൾഫ് രാജ്യങ്ങളിലേക്ക് വ്യാപിപ്പിച്ചു.
- മുടങ്ങിക്കിടക്കുന്ന അളവുതൂക്ക ഉപകരണങ്ങളുടെ പുനപരിശോധനയും മുദ്രവയ്പ്പും
- വ്യാപാരസ്ഥാപനങ്ങൾ പരിശോധിക്കുന്നതിനായി ഓപ്പറേഷൻ ജാഗ്രത, ഓപ്പറേഷൻ ക്ഷമത. ലീഗൽ മെട്രോളജി സേവനങ്ങൾക്കായുള്ള നവീകരിച്ച മൊബൈൽ ആപ്ലിക്കേഷൻ.
- ഓൺലൈൻ കേസ് ഫയലിങ്ങ് സംവിധാനമായ ഇ-ദാഖിൽ നടപ്പിലാക്കി.

ഇൻസ്റ്റിറ്റ്യൂഷനുകൾക്കായി 6560 പുതിയ കാർഡുകളും.

## മുഴുവൻ അതിദരിദ്രർക്കും കാർഡ്

അതിദരിദ്ര നിർണ്ണയപ്രക്രിയയുടെ ഭാഗമായി കണ്ടെത്തിയവരിൽ 867 പേർക്ക് പുതിയ കാർഡ് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്നവർക്ക് റേഷൻ കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ തുടരുന്നു. ആധാർകാർഡും റേഷൻ കാർഡും ഇല്ലാതിരുന്ന 4770 പേരിൽ 191 പേർക്ക് ആധാർ ലഭ്യമാക്കി റേഷൻ കാർഡ് വിതരണം ചെയ്തു.

## ആധാർ സീഡിങ്ങ്

ദേശീയ ഭക്ഷ്യഭദ്രതാനിയമം അനുശാസിക്കുന്ന പ്രകാരം ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് ഭക്ഷ്യധാന്യ വിതരണം നടത്തുന്നതിന് എല്ലാ വിഭാഗത്തിലുള്ള റേഷൻ കാർഡുകളുടെയും ആധാർ സീഡിങ്ങ് 100 ശതമാനത്തിലെത്തിച്ചു. പൊതുവിതരണവകുപ്പ് നടത്തിയ വലിയ ഇടപെടലിലൂടെ നേട്ടം കൈവരിക്കുന്ന ആദ്യ സംസ്ഥാനമായി കേരളം.

## ഗോഡൗൺ നിർമ്മാണം

സംസ്ഥാനത്തെ 83 റേഷനിങ്ങ് താലൂക്കിലും ഉചിതമായ സ്ഥലം കണ്ടെത്തി മാനദണ്ഡങ്ങൾ പാലിച്ച് ശാസ്ത്രീയമായ ഗോഡൗണുകൾ നിർമ്മിക്കും. മൂന്ന് ജില്ലകളിൽ ഗോഡൗണുകളുടെ നിർമ്മാണ നടപടികൾ ആരംഭിച്ചു. കാസർഗോഡ് - വെള്ളരിക്കുണ്ട്, കണ്ണൂർ -പയ്യന്നൂർ, പത്തനംതിട്ട - കോന്നി.

## കെ-സ്റ്റോർ

ജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിനായി റേഷൻ കടകളെ വൈവിധ്യവത്കരിക്കേണ്ടതുണ്ട്. ആദ്യഘട്ടമായി ആവശ്യമായ പശ്ചാത്തലസൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തിയാണ് കെ-സ്റ്റോർ പദ്ധതി. 73 റേഷൻ കടകളെയാണ് പദ്ധതിക്കായി തിരഞ്ഞെടുത്തിട്ടുള്ളത്. കൂടുതൽ സേവനങ്ങളും ഉൽപന്നങ്ങളും ലഭ്യമാക്കുന്നതിലൂടെ റേഷൻകടയുടമകൾക്ക് അധികവരുമാനവും സർക്കാർ ലക്ഷ്യമിടുന്നു. ഐഒസിയും മിൽമയുമായി ധാരണപത്രം ഒപ്പുവെച്ചിട്ടുണ്ട്.

## വിപണി ഇടപെടൽ

കേന്ദ്ര സർക്കാരിന്റെ റിപ്പോർട്ട് പ്രകാരം വിലക്കയറ്റം ഏറ്റവും കുറവുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. സർക്കാരിന്റെ വിപണി ഇടപെടൽ കാര്യക്ഷമമായി നടക്കുന്നതാണ് ഇതിനു കാരണം. രാജ്യത്ത് വലിയ തോതിലുള്ള വിലക്കയറ്റം ഉണ്ടെങ്കിലും സർക്കാരിന്റെ ശക്തമായ വിപണി ഇടപെടൽ വഴിയാണ് സംസ്ഥാനത്ത് വിലക്കയറ്റം ഒരുപരിധിവരെ പിടിച്ചു നിർത്താൻ കഴിഞ്ഞത്. 13 ഇനം അവശ്യസാധനങ്ങൾ സപ്ലൈകോ വിൽപന ശാലകൾ വഴി 2016 മെയ് - ലെ വിലയ്ക്കാണ് നൽകിവരുന്നത്.

2022 ഓണക്കാലത്തും മുഴുവൻ റേഷൻ കാർഡുടമകൾക്കും സ്പെഷ്യൽ ഓണക്കിറ്റ് വിതരണം ചെയ്തു. അരിവില വർധിച്ചപ്പോൾ അരിവിഹിതം കുറവായ നീല, വെള്ള കാർഡുകാർക്ക് അധികമായി എട്ട് കിലോ അരി നൽകി.

## അരിവണ്ടിയും മൊബൈൽ മാവേലിയും

വർഷം ശരാശരി 350 കോടിരൂപ സപ്ലൈകോ വഴിയുള്ള വിപണി ഇടപെടലിനായി സർക്കാർ ചെലവഴിക്കുന്നു. സപ്ലൈകോയുടെ സഞ്ചരിക്കുന്ന അരിവണ്ടി സംസ്ഥാനത്തെ 500 കേന്ദ്രങ്ങളിൽ എത്തി. കാർഡൊന്നിന് 10 കിലോ അരി സൗജന്യനിരക്കിൽ നൽകി. (23,24,25 രൂപയ്ക്ക്).

വിലക്കയറ്റം പ്രതിരോധിക്കാനായി എല്ലാ ജില്ലകളിലുമായി 700 കേന്ദ്രങ്ങളിൽ മൊബൈൽ



മാവേലി സബ്സിഡി സാധനങ്ങൾ വിതരണം ചെയ്തു.

## എഫ്.സി.ഐ-യിൽ നിന്നുള്ള അരി വിതരണം

സംസ്ഥാനത്ത് ഒരു വർഷത്തെ ആഭ്യന്തര ഉപഭോഗത്തിന് 35-40 മെട്രിക് ടൺ അരി വേണമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ആവശ്യമുള്ള അരിയുടെ 15% മാത്രമേ സംസ്ഥാനത്ത് ഉൽപാദിപ്പിക്കപ്പെടുന്നുള്ളൂ. സംസ്ഥാനത്തെ പൊതു വിതരണ ശൃംഖലയിലൂടെ ഒരു വർഷം വിതരണം നടത്തുന്നതിന് ഏകദേശം 13 മെട്രിക് ടൺ അരി ആവശ്യമാണ്. എഫ് .സി .ഐ യിൽ നിന്നും വർഷം ശരാശരി 8.40 മെട്രിക് ടൺ അരി പൊതുവിതരണ ത്തിനായി എടുക്കുന്നുണ്ട്. ആന്ധ്ര, തെലുങ്കാന സംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന അരിയാണ് കേരളീയർ പൊതുവെ ഇഷ്ടപ്പെടുന്നത്. കേന്ദ്ര ഭക്ഷ്യമന്ത്രിയുമായി ഇക്കാര്യത്തിൽ നിരന്തരം ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ മാർച്ച് മുതൽ ഈ സംസ്ഥാനങ്ങളിൽ നിന്നുള്ള ഗുണനിലവാരമുള്ള അരി റേഷൻകടകളിലൂടെ വിതരണം നടത്താൻ കഴിഞ്ഞു. എഫ്.സി.ഐ -ൽ നിന്നും എടുക്കുന്ന അരിയുടെ ഇനം, അളവ്, ഗുണനിലവാരം എന്നിവ പരിശോധിക്കുന്നതിന് പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർക്ക് കൂടുതൽ ഇടപെടൽ നടത്തുവാൻ കഴിയുന്നതരത്തിൽ എഫ്സിഐയുമായി ഉടമ്പടി ഉണ്ടാക്കാനുമായി.

## വിശപ്പുരഹിത കേരളം

"വിശപ്പുരഹിത കേരളം" പദ്ധതിയുടെ ഭാഗമായി 45 സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചു.

## സോഷ്യൽ ഓഡിറ്റ്

ഭക്ഷ്യഭദ്രതാനിയമം 2016 അനുശാസിക്കുന്ന സോഷ്യൽ ഓഡിറ്റ് സംവിധാനം കേരളത്തിൽ പ്രാവർത്തികമാക്കി. സംസ്ഥാന- ജില്ലാ-താലൂക്ക്തല വിജിലൻസ് സമിതികൾ പുനസംഘടിപ്പിച്ചു.

## സഞ്ചരിക്കുന്ന റേഷൻകടകൾ

80 ആദിവാസി ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻകടകളുടെ സേവനം ലഭ്യമാക്കി. നിലവിൽ സംസ്ഥാനത്തെ 132 കേന്ദ്രങ്ങളിൽ സഞ്ചരിക്കുന്ന റേഷൻകടകൾ പ്രവർത്തിക്കുന്നു.

## തെളിമ പദ്ധതി

പിശകുകൾ തിരുത്തുന്നതിന് എല്ലാ വർഷവും നവംബർ 15 മുതൽ ഡിസംബർ 15 വരെ റേഷൻ കാർഡ് ഉടമകൾക്ക് അവസരം നൽകും.

## റേഷൻ വ്യാപാരികൾക്കായി പ്രത്യേക പദ്ധതി

എഫ്.പി.എസ് ഡീലർമാർക്കും സെയിൽസ്മാന്മാർക്കും 2021- 22 കാലയളവിൽ ആളൊന്നിന് 1060 രൂപ പ്രീമിയം നിരക്കിൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന 7.5 ലക്ഷം രൂപയുടെ സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ. 2022 ഓണത്തോടനുബന്ധിച്ച് റേഷൻ വ്യാപാരികൾക്ക് 1000 രൂപ ഉത്സവബത്ത അനുവദിച്ചു.

## നെല്ല് സംഭരണം

കേരളത്തിലെ കർഷകരിൽനിന്നും വർഷം ശരാശരി ഏഴ് ലക്ഷം മെട്രിക് ടൺ നെല്ല് സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സംഭരിച്ചു വരുന്നു. ഇതുവരെ (2022-23) 74084 കർഷകരിൽ നിന്നും 1.98 ലക്ഷം മെട്രിക്ക് ടൺ നെല്ല് സംഭരിച്ചു. നെല്ലിന്റെ വിലയായി 46269 കർഷകർക്ക് 369.25 കോടി രൂപ വിതരണം ചെയ്തു. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കർഷകർക്ക് മികച്ച വില നൽകിയാണ് നെല്ല് സംഭരണം. ■






രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ 2-ാം വാർഷികാഘോഷത്തിന്റെയും
എന്റെ കേരളം 2023 പ്രദർശന വിപണനമേളയുടെയും എറണാകുളത്ത് നടന്ന
ഉദ്ഘാടനച്ചടങ്ങിൽ നിന്ന്




കൈകൾ
കോർത്ത്
കരുത്തോടെ





കെ.എൻ. ബാലഗോപാൽ
ധനകാര്യ വകുപ്പ് മന്ത്രി

# പരിമിതികളില്ലാത്ത പരിരക്ഷ പദ്ധതികൾക്ക് സത്വരവേഗം




> നിരന്തരപുരോഗതി ഉറപ്പ് വരുത്തുന്ന ധനാഗമ-വിനിയോഗ നടപടികളാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നത്. വികസനത്തിന് നൈരന്തര്യം അനിവാര്യമാണെന്ന തിരിച്ചറിവോടെ യാണ്  പദ്ധതികളുടെ നിർവഹണം. അടിസ്ഥാന ജനവിഭാഗത്തിന്റെ ഉന്നമനമാണ് സാധ്യമാക്കുന്നതും

സംസ്ഥാനത്തെ 60 ലക്ഷത്തോളം ആളുകൾക്ക് പ്രതിമാസം 1600 രൂപ നിരക്കിൽ സാമൂഹികക്ഷേമപെൻഷൻ നൽകിവരുന്നു. ഇതിനായി പ്രതിവർഷം 11,000 കോടി രൂപ സർക്കാർ ചെലവഴിക്കുന്നു. രാജ്യത്ത് മറ്റൊരു സംസ്ഥാനത്തും ഇത്രയും ബൃഹത്തായ സാമൂഹിക സുരക്ഷാപെൻഷൻ പദ്ധതിയില്ല. സാമൂഹികക്ഷേമ പെൻഷൻ 600 രൂപയിൽനിന്നും 1600 രൂപയായി സംസ്ഥാനസർക്കാർ ഉയർത്തുകയുണ്ടായി മുൻപ് 24 ലക്ഷം ആളുകൾക്കാണ് ക്ഷേമപെൻഷൻ ലഭിച്ചിരുന്നതെങ്കിൽ ഇപ്പോൾ 60 ലക്ഷത്തോളം ആളുകളിലേക്കാണ് ഇതെത്തുന്നത്.

## മെഡിസെപ്

പൊതുജനസേവനത്തിന്റെ  പാലമായി നിലകൊള്ളുന്ന സർക്കാർജീവനക്കാർക്കും പെൻഷൻകാർക്കും സമാശ്വാസത്തിന്റെ പരിരക്ഷ യാണ് മെഡിസെപ് പദ്ധതിയിലൂടെ ഒരുക്കിയത്. ഇൻഷ്വറൻസ് പരിരക്ഷ ഒരുക്കി രോഗബാധിതദി നങ്ങളിലെ സാമ്പത്തികഭാരം ലഘൂകരിക്കാൻ വഴിയൊരുങ്ങിയത് സംസ്ഥാനത്തിന്റെ ചരിത്ര ത്തിൽ ആദ്യമായാണ്. 11 ലക്ഷത്തിലധികം പേർ അംഗങ്ങളായിട്ടുള്ള മെഡിസെപിൽ സംസ്ഥാന ത്തിനകത്തും പുറത്തുമുള്ള 479 സർക്കാർ/ സ്വകാര്യആശുപത്രികളുടെ സേവനം ലഭ്യമാകുന്നുണ്ട്.

ഗുരുതരരോഗങ്ങളുടെ ചികിത്സയ്ക്കും അവയവ മാറ്റമുൾപ്പടെയുള്ള ശസ്ത്രക്രിയയ്ക്കുമായി 30കോടി രൂപയുടെ കോർപ്പസ് ഫണ്ടും മെഡിസെപിന്റെ ഭാഗമായി രൂപവൽക്കരിച്ചിട്ടുണ്ട്. 90 വയസ്സുള്ള വ്യക്തിക്കുപോലും യാതൊരു പ്രീമെഡിക്കൽ പരിശോധനകളുമില്ലാതെ അംഗമാകാൻ കഴിയുന്ന

മെഡിസെപ്പിലൂടെ 577 കോടി രൂപയുടെ 2.2 ലക്ഷം ക്ലെയിമുകൾ ഇതിനകം അംഗീകരിച്ചുകഴിഞ്ഞു.

## വരുമാനം വർധിപ്പിച്ച് സർക്കാർ

സംസ്ഥാന സർക്കാരിന്റെ നികുതി /നികുതിയിതര വരുമാനം നടപ്പുസാമ്പത്തികവർഷം വർധിപ്പിക്കാൻ കഴിഞ്ഞു. ചരക്കുസേവനനികുതി വരുമാനത്തിൽ മാത്രം 12,843 കോടി രൂപയുടെ വർധനവുണ്ടായി. 2023- ലെ സാമ്പത്തിക വർഷാന്ത്യ കണക്കുകൾ പ്രകാരം മാർച്ചിൽ മാത്രം 22,000 കോടി രൂപയാണ് സംസ്ഥാന ട്രഷറിയിൽ നിന്നും  നൽകിയത് ആകെ പദ്ധതിച്ചെലവ് 90 ശതമാനമാണ്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ് 96 ശതമാനത്തിന് മുകളിലാണ്. മുൻവർഷങ്ങളുടേതിന് സമാനമായോ അതിനേക്കാൾ മെച്ചപ്പെട്ട രീതിയിലോ പണം വിവിധ മേഖലകളിൽ വിതരണം ചെയ്യാൻ സർക്കാരിന് കഴിഞ്ഞു. ഏകദേശം 40,000 കോടി രൂപയുടെ അർഹമായ വരുമാനം വിവിധയിനങ്ങളിലായി സംസ്ഥാനത്തിന് നിഷേധിക്കപ്പെട്ട പശ്ചാത്തലത്തിലും തനത് വരുമാനം വർധിപ്പിച്ചും മെച്ചപ്പെട്ട ധനമാനേജ്മെന്റിലൂടെയും പ്രതിസന്ധികളെ ധീരമായി നേരിടാൻ സർക്കാർ ശ്രമിക്കുകയാണ്.

## കിഫ്ബി

എല്ലാ മേഖലകളിലും ക്ഷേമവും സമൃദ്ധിയും ഉറപ്പാക്കുന്ന വികസനപ്രവർത്തനങ്ങൾക്ക് സാമ്പത്തികതടസ്സം ഒഴിവാക്കുന്നതിനായി സംസ്ഥാന സർക്കാർ രൂപം കൊടുത്ത കിഫ്ബി സംസ്ഥാനത്തിന്റെ മുഖച്ഛായ തന്നെ മാറ്റുകയാണ്. രാജ്യത്തിന് മാതൃകയാക്കാവുന്ന വൻകിടപദ്ധതികളുടെ സുഗമപുരോഗതിക്ക് സത്വരവേഗമേകുകയാണ് കിഫ്ബി. കിഫ്ബിയുടെ ഇടപെടലുകളോടെ ചുരുങ്ങിയ സമയത്തിനുള്ളിൽ സംസ്ഥാനത്തെ പൊതു അടിസ്ഥാനസൗകര്യവികസന ആവാസവ്യവസ്ഥ സാക്ഷ്യം വഹിച്ച വേഗം, കവറേജ്, കഴിവ്, ഗുണനിലവാരം എന്നിവയിലെ കുത്തനെയുള്ള കുതിച്ചുചാട്ടം അത് പ്രകടിപ്പിക്കുന്ന ഉയർന്ന പ്രതിജ്ഞാബദ്ധതയുടെ എക്കാലത്തെയും സാക്ഷ്യമായി നിലനിൽക്കും.



20,000 കോടി രൂപയുടെ ലാൻഡ് അക്വിസിഷൻ പൂളിൽ ഉൾപ്പെടുത്തി ഏഴ് വൻകിട ഭൂമി ഏറ്റെടുക്കൽ പദ്ധതികൾക്കും അംഗീകാരം നൽകി. ഇതിൽ സുപ്രധാനമായത് നാഷണൽ ഹൈവേ വികസനത്തിന്റെ ഭാഗമായി സംസ്ഥാനം നൽകുന്ന 6,769.01 കോടി രൂപയുടെ പദ്ധതിയാണ്. മൂന്ന് വ്യാവസായിക പാർക്കുകൾക്കായുള്ള 13,988.63 കോടി രൂപയുടെ പദ്ധതി, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട 200.60 കോടി രൂപയുടെ പദ്ധതി, കൊച്ചി- ബംഗലൂരു ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതി, ഗിഫ്റ്റ് സിറ്റി പദ്ധതി എന്നിവയാണ് മറ്റ് പദ്ധതികൾ.

## കിഫ്ബി
## പ്രധാനപദ്ധതികളുടെ പുരോഗതി

| | അംഗീകരിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| • കെ- ഫോൺ | 1061കോടി രൂപ | 356 കോടി രൂപ |
| • ട്രാൻസ്ഗ്രിഡ് 2.0 | 5200 കോടി രൂപ | 1469 കോടി രൂപ |
| • നിലാവ് | 298 കോടി രൂപ | 75 കോടി രൂപ |
| • കടൽഭിത്തി നവീകരണവും പുലിമുട്ട് നിർമ്മാണവും | 344 കോടി രൂപ | 236കോടി രൂപ |
| • തീരദേശ ഹൈവേ | 2506 കോടി രൂപ | 48 കോടി രൂപ |
| • കെ.സ്വിഫ്റ്റ് ഇലക്ട്രിക് ബസുകൾ | 57.50 കോടി രൂപ | 23.11 കോടി രൂപ |

- ഡയാലിസിസ് യൂണിറ്റ് കാത്ത്ലാബ്
  കാത്ത്ലാബുകളും സി.സി.യുവും സ്ഥാപിക്കാൻ 10 ആശുപത്രികളെ തിരഞ്ഞെടുത്ത് കിഫ്ബി 80 കോടിരൂപയുടെ ധനാനുമതി നൽകി.
- മലയോര ഹൈവേ
  3500 കോടി രൂപ അനുവദിച്ചു.
- സബ് രജിസ്ട്രാർ ഓഫീസുകൾ
  52 സബ് രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണത്തിനായി 88.65 കോടി രൂപയുടെ ധനാനുമതി.
- 20,000 കോടി രൂപയുടെ സ്ഥലമേറ്റെടുപ്പ് പദ്ധതികൾ



പൊതു വിദ്യാഭ്യാസമേഖലക്ക് മാത്രമായി 2870 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി.

* ആരോഗ്യകേന്ദ്രങ്ങളിൽ 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡുകൾ.
അംഗീകരിച്ച തുക
: 236കോടി രൂപ
ചെലവഴിച്ച തുക
: 65 കോടി രൂപ

• പൊതുമരാമത്ത് വകുപ്പ് പദ്ധതികൾ (റോഡുകൾ/പാലങ്ങൾ)
അനുവദിച്ച തുക
223 റോഡുകൾ
- 12,510.66 കോടി രൂപ
91 പാലങ്ങൾ
- 2,797.38 കോടി രൂപ
57 റെയിൽവേ മേൽപ്പാലങ്ങൾ - 1,975.52 കോടി രൂപ
1 അടിപ്പാത- 27.59 കോടി രൂപ
15 ഫ്ളൈഓവറുകൾ
- 1,133.62 കോടി രൂപ

## കെ.എസ്.എഫ്.ഇ

സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്ക് ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നിരവധി പദ്ധതികൾ കാലികമായി കെ. എസ്. എഫ്. ഇ നടപ്പാക്കി വരുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ ചിട്ടി രജിസ്റ്റർ ചെയ്യുന്ന കെ. എസ്. എഫ്. ഇ 31.01.2023 ലെ കണക്കനുസരിച്ച് പ്രതിമാസം 3168.43 കോടി രൂപയുടെ ചിട്ടി നടത്തുന്നു. 10582 കോടി രൂപയാണ് വായ്പയായി നൽകിയത്. കെ.എസ്.എഫ്.ഇ. യുടെ ആകെ നിക്ഷേപം 21091 കോടി രൂപ രൂപയാണ്.

ഏതാണ്ട് 53 വർഷത്തെ പ്രവർത്തനത്തിൽ ലാഭക്ഷമത തുടർച്ചയായി നിലനിർത്തുന്നു. ഇപ്പോൾ 35% ഡിവിഡൻഡ് വർഷംതോറും സർക്കാരിന് നൽകിയും വരുന്നു.

വിഷൻ 2025 എന്ന മാർഗദർശനരേഖ പ്രകാരം 2025 ൽ 10,0000 കോടി രൂപയുടെ വിറ്റുവരവും ഒരു കോടി ഇടപാടുകാരും 100 ശാഖകളും കെ. എസ്. എഫ്. ഇ ലക്ഷ്യം വയ്ക്കുന്നു.

## നികുതിമേഖല ചലനാത്മകമായി

ചരക്ക്സേവന നികുതിനിയമം നിലവിൽ വരുന്നതിനു മുൻപുണ്ടായി

# വിജയമുദ്രകൾ ഭാവിരേഖകൾ

- 36 ട്രഷറികളുടെ നിർമ്മാണത്തിനും 19 ട്രഷറി കെട്ടിടങ്ങളുടെ നവീകരണത്തിനുമായി 100 കോടി രൂപയുടെ ഭരണാനുമതി നൽകി.
- വാതിൽപ്പടി സേവനങ്ങളുമായി ബന്ധപ്പെട്ട് കിടപ്പുരോഗികളായ പെൻഷൻകാർക്ക് ലൈഫ് മസ്റ്ററിങ്ങ്.
- ഓൺലൈൻ സേവനസഹായത്തിനായി 10 ലൈനുകളുള്ള ടോൾ ഫ്രീനമ്പർ - 1800 425 5176.
- ഒരുലക്ഷം രൂപയ്ക്കു മുകളിൽ വരുന്ന രജിസ്ട്രേഷനുകൾക്ക് ഇ-സ്റ്റാമ്പിങ്ങ്.
- റിട്ടയർമെന്റ് ജീവിതത്തിൽ പെൻഷന് പുറമേ ജീവിതകാലം മുഴുവൻ ഉറപ്പുള്ള വരുമാനം വേണമെന്ന് ആഗ്രഹിക്കുന്ന സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, മറ്റ് സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് നിർബന്ധമല്ലാത്ത ആന്വിറ്റി പദ്ധതി 'ജീവാനന്ദം' എന്ന പേരിൽ നടപ്പിലാക്കും.
- മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസനപദ്ധതി രണ്ടാം പതിപ്പിലൂടെ ഈ വർഷം 500 പുതിയ സംരംഭങ്ങൾക്ക് വായ്പ നൽകും.
- ഭാഗ്യക്കുറികളിലൂടെ 2022-23 സാമ്പത്തിക വർഷത്തിൽ 11500.00 കോടിരൂപ വിറ്റുവരവാണ് പ്രതീക്ഷിക്കുന്നത്.
- ഭാഗ്യക്കുറി ടിക്കറ്റിൽ ഉൾപ്പെടുത്തുന്ന സുരക്ഷാക്രമീകരണങ്ങൾ വർധിപ്പിക്കും.
- ടൂറിസംമേഖലയുമായി സഹകരിച്ച് ഭാഗ്യപരീക്ഷണത്തിനായുള്ള നവീനമേഖലകൾ കണ്ടെത്തും. ഭാഗ്യപരീക്ഷണത്തിനോടൊപ്പം സമ്പാദ്യവും വളർത്തുന്ന രീതിയിൽ നിക്ഷേപ സമ്പാദ്യപദ്ധതികൾ ആവിഷ്കരിക്കും.
- ഭാഗ്യക്കുറിമേഖലയിലുള്ള അനഭിലഷണീയമായ പ്രവർത്തനങ്ങൾക്കെതിരെ നിയമനിർമ്മാണം നടത്തും.

രുന്ന നികുതിനിയമങ്ങളായ കേരളമൂല്യവർധിത നികുതി, കേന്ദ്രവിൽപനനികുതി, കാർഷികാദായനികുതി, പൊതുവിൽപനനികുതി, ആഡംബര നികുതി, സർചാർജ്, എന്നീ നിയമങ്ങൾ പ്രകാരമുള്ള കുടിശികകൾ തീർപ്പാക്കാൻ ഉദ്ദേശിച്ചുള്ള ആംനസ്റ്റി പദ്ധതി പുരോഗമിച്ചുവരുന്നു. കുടിശിക ഒരുമിച്ച് അടയ്ക്കുന്നവർക്ക് നികുതി കുടിശികയുടെ 40 ശതമാനവും തവണകളായി അടയ്ക്കുന്നവർക്ക് 30 ശതമാനവും ഇളവ് നൽകി. കോടതികളിൽ അപ്പീൽ നൽകിയിട്ടുള്ള കേസുകളും വകുപ്പ് അപ്പീൽ നൽകിയിട്ടുള്ള കേസുകളും തീർപ്പാക്കാൻ നികുതിദായകർക്ക് അവസരം നൽകി.

ഇന്ത്യയിൽ ആദ്യമായി നടപ്പിലാക്കിയ ലക്കി ബിൽ മൊബൈൽ ആപ്പ് പദ്ധതി സാധനങ്ങളും സേവനങ്ങളും വാങ്ങുമ്പോൾ ബില്ല് ചോദിച്ചു വാങ്ങാൻ പൊതുജനങ്ങളെ പ്രേരിപ്പിക്കുന്നതോടൊപ്പം കൃത്യമായ ബില്ല് നൽകാൻ വ്യാപാരികളെ നിർബന്ധിതരാക്കുകയും ചെയ്യുന്നു.

നികുതിദായകർക്ക് മെച്ചപ്പെട്ട സേവനം നൽകുക, നികുതി പിരിവ് കാര്യക്ഷമമാക്കുക, നികുതി വെട്ടിപ്പ് തടയുക, സംസ്ഥാനത്ത് ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുക, വകുപ്പിലെ പ്രൊഫഷണലിസം വർധിപ്പിക്കുക, വൈദഗ്ധ്യത്തോടെ തൊഴിൽ ചെയ്യാനുള്ള അവസരം ഒരുക്കുക എന്നിവ ലക്ഷ്യമാക്കി ടാക്സ് പേയർ സേവനവിഭാഗം, ഓഡിറ്റ് വിഭാഗം, എൻഫോഴ്സ്മെന്റ് ആന്റ് ഇന്റലിജൻസ് വിഭാഗം എന്നിങ്ങനെ വകുപ്പിന്റെ പുനഃസംഘടന 2023 ജനുവരി 10 മുതൽ പ്രാബല്യത്തിൽ വന്നു.

## എല്ലാവർക്കും സുരക്ഷയൊരുക്കി ഇൻഷ്വറൻസ്

ലൈഫ് മിഷന്റെ ഭാഗമായി വിവിധ പാർപ്പിടപദ്ധതികളിലൂടെ നിർമ്മിച്ച 2.5 ലക്ഷം ഭവനങ്ങൾക്ക് തീപിടുത്തം, പ്രകൃതിദുരന്തങ്ങൾ എന്നിവ മൂലമുള്ള നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന 'ഭവന' ഇൻഷ്വറൻസ് പദ്ധതി യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് കോ-ഇൻഷ്വറൻസ് വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നു. കൂടാതെ പുതിയ കാലഘട്ടത്തിന്റെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന "ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി" യിലൂടെ കുടുംബങ്ങളുടെയും സാമൂഹികവും സാമ്പത്തികവുമായ സുരക്ഷ ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ആയിരം രൂപ പ്രതിവർഷ പ്രീമിയം നിരക്ക് നിശ്ചയിച്ച് അപകടം മൂലമുള്ള പരിരക്ഷയ്ക്ക് 15 ലക്ഷം രൂപ വാഗ്ദത്ത തുകയും അല്ലാതെയുള്ള മരണത്തിന് സമാശ്വാസമായി അഞ്ച് ലക്ഷം രൂപയുടെ നഷ്ടപരിഹാരത്തുകയും അനുവദിക്കുംവിധം തയ്യാറാക്കിയ പദ്ധതി 2023 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

അങ്കണവാടി പ്രവർത്തകർക്കുള്ള 'അങ്കണം', കുടുംബശ്രീ ജീവനക്കാർക്കായി നടപ്പിലാക്കി വരുന്ന ഒരുമ, കർഷകർക്കുള്ള കാർഷിക കർമ്മസേന ഇൻഷ്വറൻസ്, ജീവനക്കാർക്കായുള്ള ആന്വിറ്റി, കുട്ടികൾക്കുള്ള ബാല്യസുരക്ഷ പദ്ധതി എന്നീ ഇൻഷ്വറൻസ് പദ്ധതികളും സർക്കാർ നടപ്പിലാക്കി വരുന്നു. ■




ഡോ.ആർ. ബിന്ദു

ഉന്നതവിദ്യാഭ്യാസ-സാമൂഹികനീതി വകുപ്പ് മന്ത്രി


**സാമൂഹികനീതിയിൽ കാലുറപ്പിച്ചുകൊണ്ടുള്ള ജ്ഞാനസമൂഹനിർമ്മിതി എന്ന പ്രഖ്യാപിത ലക്ഷ്യത്തിലേക്കുള്ള ഉറച്ച കാൽവയ്പ്പുകളുടേതാണ് സംസ്ഥാന ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുകളുടെ പ്രവർത്തനങ്ങൾ**

# ജ്ഞാനോന്നതിക്ക് പ്രതിജ്ഞാബദ്ധം

# തുല്യനീതിക്ക് കാവൽ



സംസ്ഥാനത്ത് ജ്ഞാനസമൂഹസൃഷ്ടിയ്ക്കും തദ്ദേശീയ സാമൂഹിക, സാമ്പത്തികഘടനയുടെ വികസനത്തിനും യോജിച്ച വിധത്തിൽ ഉന്നതവിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിനുള്ള നിർദേശങ്ങൾ രൂപവൽക്കരി ക്കുന്നതിനായി ഡോ. ശ്യാം ബി. മേനോൻ അധ്യക്ഷനായി  ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മിഷൻ രൂപവൽക്കരിച്ചു. കമ്മിഷൻ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സർവകലാശാലാ വകുപ്പുകളെ വൈജ്ഞാനിക- ഗവേഷണ പ്രവർത്തനങ്ങൾക്കായുള്ള ശ്രേഷ്ഠ കേന്ദ്രങ്ങളാക്കി (Centre of Excellence) ഉയർത്തുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. കിഫ്ബി സഹായത്തോടെ കൊച്ചി സർവകലാശാലയെ വൈജ്ഞാനിക-ഗവേഷണ പ്രവർത്തനങ്ങൾക്കായുള്ള ശ്രേഷ്ഠ സർവകലാശാലയായി ഉയർത്തുന്ന പ്രവർത്തനങ്ങൾ തുടരുകയാണ്.

കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ Let's Go Digital  പദ്ധതി ആരംഭിച്ചു. കേരളത്തിലെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും അധ്യയനം, പഠനം, വിലയിരുത്തൽ, പരീക്ഷ ഇവയെല്ലാം പൊതുവായ ഒരു ലേണിങ്ങ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ്

## സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ

നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ  (NAAC) ) മാതൃകയിൽ സംസ്ഥാന തലത്തിൽ പ്രാദേശിക വൈവിധ്യങ്ങളുടെയും പ്രത്യേകതകളുടെയും അളവുകോലുകൾ കൂടി ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തി ഗ്രേഡിങ്ങ് നല്കുന്നതിനായുള്ള സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC) ആരംഭിച്ചു.

സർവകലാശാല  ശാസ്ത്രസാങ്കേതിക രംഗത്തെ വളർച്ചയും പഠന-ഗവേഷണ പ്രവർത്തനങ്ങളും സമന്വയിപ്പിക്കുന്നത് ലക്ഷ്യമിട്ട് കേരള സർവകലാശാലയിൽ ഒൻപത് നൂതന പഠനവകുപ്പുകൾ ആരംഭിക്കുന്നു.

## കെട്ടിടങ്ങൾ/ ആധുനിക ലാബുകൾ

- ആറ്റിങ്ങൽ ഗവൺമെന്റ് കോളജിൽ ലൈബ്രറി, അക്കാദമിക് , ഹിസ്റ്ററി ബ്ലോക്ക്.
- കണ്ണൂർ കെ.എം.എം. ഗവൺമെന്റ് വിമൻസ് കോളജ് ഇൻഡോർ സ്റ്റേഡിയം
- ഐ.എച്ച്.ആർ.ഡിയുടെ കീഴിൽ എറണാകുളം മോഡൽ എഞ്ചിനീയറിങ്ങ് കോളജ് പി.ജി ബ്ലോക്ക്, പൂഞ്ഞാർ മോഡൽ പോളിടെക്നിക് കോളജിലെ പ്രധാന കെട്ടിടം, പയ്യപ്പാടി കോളജിലെ അക്കാഡമിക് ബ്ലോക്ക്
- കോളജ് ഓഫ് എഞ്ചിനീയറിങ്ങ് തിരുവനന്തപുരം ഇൻഡസ്ട്രിയൽ & പ്രൊഡക്ഷൻ എഞ്ചിനീയറിങ്ങ് ബ്ലോക്ക്
- കൊച്ചി സർവകലാശാലയിൽ: ഏഴരക്കോടി രൂപ ചെലവിൽ ആൺകുട്ടികൾക്കുള്ള ഹോസ്റ്റൽ കെട്ടിടം നിർമ്മിച്ചു.
- എം.ജി. സർവകലാശാലയിൽ ഏഴരക്കോടി ചെലവിൽ അഡ്വാൻസ്ഡ് സയൻസ് റിസർച്ച് ലബോറട്ടറി.



## ഫെല്ലോഷിപ്പുകൾ/ സ്കോളർഷിപ്പ്

മുഖ്യമന്ത്രിയുടെ വിദ്യാർഥി പ്രതിഭാ ധനസഹായ പദ്ധതി പ്രകാരം രണ്ടരലക്ഷം രൂപയിൽ കുറവ് വാർഷിക കുടുംബ വരുമാനമുള്ള, പഠനമികവ് പുലർത്തിയ ആയിരം വിദ്യാർഥികളെ തിരഞ്ഞെടുത്ത് ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും നൽകിവരുന്നു. പദ്ധതി രാജ്യത്തുതന്നെ ആദ്യമാണ്. നൂതന ഗവേഷണപ്രവർത്തനങ്ങളുടെ പ്രോത്സാഹനത്തിനായി മഹാത്മാഗാന്ധി സർവകലാശാല 100 ഗവേഷണ വിദ്യാർഥികൾക്ക് സർവകലാശാലാ ഫെല്ലോഷിപ്പുകൾ നൽകി.

## ദേശീയാംഗീകാരം

നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ്ങ് ഫ്രെയിംവർക്കിന്റെ (എൻഐആർഎഫ്) റാങ്ക് പട്ടികയിൽ രാജ്യത്തെ 100 ഒന്നാംനിര സർവകലാശാലകളുടെ പട്ടികയിൽ കേരള , എംജി, കുസാറ്റ്, കാലിക്കറ്റ് സർവകലാശാലകൾ ഇടം നേടി. 100 കോളേജുകളുടെ പട്ടികയിൽ 19 കോളേജുകൾ സ്ഥാനംപിടിച്ചു

## മുഖ്യമന്ത്രിയുടെ വിദ്യാർഥി പ്രതിഭാപുരസ്കാരം

വിവിധ സർവകലാശാലകളിൽ 2020-21 വിദ്യാഭ്യാസ വർഷത്തിൽ പഠിച്ചിറങ്ങിയ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള പ്രതിഭാധനരായ വിദ്യാർഥികൾക്ക് ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും നൽകുന്ന പദ്ധതി രാജ്യത്തു തന്നെ ആദ്യമാണ്. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് 2022 സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിയ്ക്കും നവീകരണത്തിനും ഉതകുന്ന ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നൽകുന്നു.

സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള സ്വതന്ത്രമായ പ്രവർത്തനാവകാശം നിയന്ത്രിക്കാതെ തന്നെ, ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർധിപ്പിക്കാൻ ലക്ഷ്യമിട്ട് 'സ്വാശ്രയ കോളേജ് അധ്യാപകരുടെ നിയമനവും സേവനവ്യവസ്ഥകളും' ബിൽ പാസാക്കി. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ, അധ്യാപക -രക്ഷകർത്തൃ അസോസിയേഷൻ, വിദ്യാർഥി പരാതി പരിഹാര സെൽ, കോളേജ് കൗൺസിൽ, 2013-ലെ The Sexual harassment of Women at Workplace (Prevention, Prohibition & Redressal) Act പ്രകാരമുള്ള ആഭ്യന്തര പരാതി പരിഹാരസമിതി എന്നിങ്ങനെയുള്ള സംവിധാനങ്ങളെല്ലാം സ്വാശ്രയസ്ഥാപനങ്ങളിൽ നിയമപരമായി നിർബന്ധമാക്കി.

ഇൻഡസ്ട്രി ഓൺ ക്യാമ്പസ് ഇൻ പോളിടെക്നിക്ക് - (പഠനത്തോടൊപ്പം വരുമാനം) എന്ന ആശയത്തിലൂന്നി ക്യാമ്പസുകളെ ഉൽപാദന കേന്ദ്രങ്ങളാക്കി മാറ്റി.

## സ്നേഹസാന്ത്വനം

എൻഡോസൾഫാൻ ദുരിതബാധിതർക്ക് സ്നേഹസാന്ത്വനം പദ്ധതി പ്രകാരം 6941 ഗുണഭോക്താക്കൾക്ക് ആകെ 1007 ലക്ഷം രൂപ ധനസഹായം നല്കി. കേരള സാമൂഹ്യസുരക്ഷാ മിഷൻ വഴി പെൻഷൻ കിട്ടുന്ന 5357 എൻഡോസൾഫാൻ ദുരിതബാധിതർക്ക് 1000 രൂപ നിരക്കിൽ ഒറ്റത്തവണ ധനസഹായം നൽകുന്നതിന് തീരുമാനിച്ചു.

## ഭിന്നശേഷിക്കാർക്കൊപ്പം

'തനിച്ചല്ല നിങ്ങൾ, ഒപ്പമുണ്ട് ഞങ്ങൾ' എന്ന പേരിൽ എല്ലാ ബ്ലോക്കുകളിലും 'സഹജീവനം' ഭിന്നശേഷി സഹായ കേന്ദ്രങ്ങൾ തുറന്നു. 263 ഭിന്നശേഷി ബാലകർക്ക് 'ഹസ്തദാനം' പദ്ധതിയിൽ 20,000 രൂപവീതം ആദ്യനൂറുദിനത്തിനകംതന്നെ സ്ഥിരനിക്ഷേപം നൽകി. കോവിഡ് കാല കൈത്താങ്ങായി ഭിന്നശേഷിക്കാരായ 534 ലോട്ടറി വിൽപനക്കാർക്ക് 5000 രൂപ വീതം ആദ്യ നൂറുദിനത്തിനകംതന്നെ ബാങ്കുകളിലെത്തിച്ചു.

ഭിന്നശേഷി പുനരധിവാസത്തിന് വെർച്വൽ റിയാലിറ്റി സംവിധാനം രാജ്യത്ത് ആദ്യമായി NIPMR ൽ നടപ്പാക്കി. നാഡീപ്രശ്നം കാരണം ചലനമറ്റവർക്ക് ചികിത്സ എളുപ്പമാക്കുന്ന അഡ്വാൻസ്ഡ് ന്യൂറോ ഫിസിയോതെറാപ്പി യൂണിറ്റ്, ചലനപ്രശ്നങ്ങൾ ഉള്ളവരുടെയും കായികതാരങ്ങളുടെയും ചലനക്ഷമത കൂട്ടാൻ ഇൻസ്ട്രുമെന്റഡ് മോഷൻ ആൻഡ് ഗെയ്റ്റ് അനാലിസിസ് ലാബ്, ഭിന്നശേഷിസൗഹൃദ വാഹന പദ്ധതിയായ 'വീൽ ട്രാൻസ് പ്രൊജക്ട്' എന്നിവയും ആരംഭിച്ചു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്പീച്ച് ആൻഡ് ഹിയറിങ് (നിഷ്) നേതൃത്വത്തിൽ മലയാള അക്ഷരമാലയിൽ ഏകീകൃത ആംഗ്യഭാഷാലിപി (ഫിംഗർ സ്പെല്ലിങ്) രൂപകല്പന ചെയ്തു. ■

# വിജയമുദ്രകൾ ഭാവിരേഖകൾ

- വിദ്യാഭ്യാസരംഗത്ത് നടത്താനുദ്ദേശിക്കുന്ന നവീകരണങ്ങളുമായി ബന്ധപ്പെട്ട് സർവകലാശാലകൾക്കുള്ളിൽ 30 ഓട്ടോണോമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കും.
- വിദ്യാർഥികൾക്ക് പഠനത്തോടൊപ്പം സമ്പാദ്യശീലം വളർത്തുന്നതിന് 'EARN WHILE LEARN' പദ്ധതി സർക്കാർ കോളേജുകളിൽ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭനടപടികൾ.
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്കുചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്ക് സംവിധാനം രൂപവൽക്കരിക്കുന്നതിനു നടപടികൾ.
- അധ്യാപികമാരുടെ വസ്ത്രധാരണത്തിൽ മാനേജ്മെന്റുകളുടെ ഇടപെടൽ കർശനമായി വിലക്കി.
- കലാലയങ്ങളിൽ ലിംഗനീതിയും സാമൂഹികനീതിയും ഉറപ്പാക്കാനുള്ള 'സമഭാവനയുടെ സൽക്കലാശാലകൾ' പ്രചാരണത്തിന് തുടക്കം കുറിച്ചു.
- ലൈംഗികാതിക്രമങ്ങൾ പെരുകിവരുന്ന സാഹചര്യത്തിൽ വൈകാരിക സുരക്ഷ ഉറപ്പാക്കാനുള്ള കൗൺസലിങ് കേന്ദ്രങ്ങൾ എല്ലാ ക്യാംപസുകളിലും ആരംഭിക്കാൻ നടപടികളെടുത്തു.
- കെ.ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വയംഭരണ പദവി.
- കോളജ് വിദ്യാർഥികളുടെ മാനസികാരോഗ്യ പരിപാലനം ലക്ഷ്യമിട്ട് ആരംഭിച്ച ജീവനി പദ്ധതി എല്ലാ കലാലയങ്ങളിലും.
- 18 വയസ്സുവരെയുള്ള ക്യാൻസർ രോഗികളായ കുട്ടികൾക്കുള്ള ക്യാൻസർസുരക്ഷാ പദ്ധതി. 8412 കുട്ടികൾക്ക് 300 ലക്ഷം രൂപ അനുവദിച്ചു.
- താലോലം പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷം 19364 കുട്ടികൾക്കായി 199 ലക്ഷം രൂപ ധനസഹായം നല്കി.
- ആശ്വാസകിരണം പദ്ധതി പ്രകാരം 95152 പേർക്ക് 3965 ലക്ഷം രൂപ 2021-22 സാമ്പത്തിക വർഷം അനുവദിച്ചു.
- ചൂഷണത്തിന് വിധേയരായി അമ്മമാരാകുന്നവർക്ക് സ്നേഹസ്പർശം പദ്ധതി; ധനസഹായം ഇരട്ടിയായി വർധിപ്പിച്ചു.
- വയോമിത്രം പദ്ധതിയിലൂടെ 95 പ്രോജക്ടുകളിലായി 278623 ഗുണഭോക്താക്കൾക്ക് 3994 ലക്ഷം രൂപ അനുവദിച്ചു.



- അഞ്ച് വയസ്സുവരെ പ്രായമുള്ള ശ്രവണവൈകല്യമുള്ള കുട്ടികളെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി.
- മാതാപിതാക്കളോ ഇരുവരിൽ ഒരാളോ നഷ്ടമായതോ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതോ ആയ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായത്തിന് 'സ്നേഹപൂർവം'. 935 ലക്ഷം രൂപ പദ്ധതിക്കായി അനുവദിച്ചു.
- ടൈപ്പ് വൺ പ്രമേഹം ബാധിച്ച കുട്ടികൾക്കും സമഗ്ര പരിരക്ഷ നല്കുന്ന 'മിഠായി പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷം 1200 ഗുണഭോക്താക്കൾക്കായി 144 ലക്ഷം രൂപ അനുവദിച്ചു.
- ആശയവിനിമയ സംബന്ധമായ പ്രശ്നങ്ങൾ ഉള്ളവരുടെ രോഗ നിർണയത്തിനും പുനരധിവാസത്തിനും വേണ്ടിയുള്ള നൂതന സങ്കേതിക മാർഗങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഗവേഷണശാല സ്ഥാപിച്ചു.
- ട്രാൻസ്ജെൻഡറുകൾക്ക് കരുതൽ പദ്ധതി.
- കാഴ്ചയില്ലാത്തവർക്കുള്ള സ്മാർട്ട് ഫോൺ ഉപയോഗം സംബന്ധിച്ച് പരിശീലനം നൽകുന്നതിനായി കാഴ്ച പദ്ധതി.
- ഏതു സാഹചര്യങ്ങളിലും വയോജനങ്ങൾക്ക് ബന്ധപ്പെടാൻ 'എൽഡർ ലൈൻ' ടോൾ ഫ്രീ ഹെൽപ് ലൈൻ നമ്പർ (14567) .




**ജെ. ചിഞ്ചുറാണി**
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി

# പരിപാലനം ആധുനികം
## കരുതൽ തണലിൽ കർഷകർ

മൃഗങ്ങൾക്കും അവയെ വളർത്തി ജീവനോപാധി കണ്ടെത്തുന്നവർക്കും ഒരുപോലെ സുരക്ഷയുടെ തണലൊരുക്കുകയാണ് സംസ്ഥാനസർക്കാർ. പരമ്പരാഗതരീതികൾ ഒഴിവാക്കി മേഖലയിൽ നടപ്പിലാക്കുന്ന നൂതന ആശയങ്ങൾ അനവധി. മൊബൈൽ വെറ്ററിനറി സംവിധാനം, ടോൾ ഫ്രീ നമ്പറുകൾ, മൃഗസംരക്ഷണ വകുപ്പിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന സോഫ്റ്റ് വെയർ എന്നിവ ഇവയിൽ ചിലതുമാത്രം.

രാത്രികാലങ്ങളിൽ അടിയന്തര മൃഗചികിത്സ സംവിധാനം എല്ലാ ബ്ലോക്കുകളിലും വ്യാപിപ്പിക്കുകയാണ് സർക്കാർ ലക്ഷ്യം. ആദ്യഘട്ടമെന്ന നിലയിൽ കേന്ദ്രപദ്ധതിയുടെ സഹായത്തോടെ 29 വാഹനങ്ങൾ ഏർപ്പെടുത്തി. റീബിൽഡ് കേരള പദ്ധതിയുടെ സഹായത്തോടെ രണ്ട് മൊബൈൽ ടെലിവെറ്ററിനറി യൂണിറ്റുകൾ കണ്ണൂർ, എറണാകുളം ജില്ലകളിലും മൂന്ന് മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ വയനാട്, പാലക്കാട്, പത്തനംതിട്ട ജില്ലകളിലും സ്ഥാപിച്ചു.

1962 ടോൾ ഫ്രീ നമ്പറിൽ 24 മണിക്കൂറും വീട്ടുപടിക്കൽ മികച്ച ചികിത്സ. വെറ്ററിനറി സർവകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ ഒരു കോൾ സെന്റർ 24 മണിക്കൂറും പ്രവർത്തിക്കുന്നുമുണ്ട്.

### ഇ-സമൃദ്ധ

മൃഗസംരക്ഷണവകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് ഒരൊറ്റ സോഫ്റ്റ്‌വെയർ പ്ലാറ്റ്ഫോമിലാക്കുകയാണ് 'ഇ-സമൃദ്ധ'. കേരള ഡിജിറ്റൽ സർവകലാശാലയാണ് നവീനമായ സോഫ്റ്റ്‌വെയർ ഒരുക്കുന്നത്. വകുപ്പിലെ ജീവനക്കാർക്കും, കർഷകർക്കുമായി മൊബൈൽ ആപ്ലിക്കേഷ



നും വെബ് ആപ്ലിക്കേഷനും തയ്യാറാക്കി വരികയാണ്.

ആധുനിക സേവനം എന്ന നിലയ്ക്ക് മൃഗങ്ങളിൽ റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ ടെക്നോളജി (RFID) ചിപ്പുകൾ ഘടിപ്പിക്കും. ചിപ്പിലൂടെ അതിന്റെ ജനനം മുതൽ മരണം വരെയുമുള്ള, ചികിത്സ, പ്രതിരോധ പ്രവർത്തനങ്ങൾ, കൃത്രിമ ബീജാധാനം തുടങ്ങി എല്ലാ പ്രവർത്തനങ്ങളും ട്രാക്ക് ചെയ്യാൻ കഴിയും. ഇന്ത്യയിൽ ആദ്യമായി ഇത് നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം.

പൈലറ്റ് പ്രോജക്ടായി ഏഴ് കോടി രൂപ മുതൽമുടക്കിൽ പത്തനംതിട്ട ജില്ലയിൽ ചിപ്പ് വാങ്ങുന്ന നടപടി പൂർത്തീകരിച്ചു. കുളമ്പുരോഗ വാക്സിനേഷന് ശേഷം ചിപ്പ് ഘടിപ്പിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിക്കും.

## ജൂനിയർ റസിഡന്റ് വെറ്ററിനറി ഡോക്ടർ

തിരഞ്ഞെടുക്കപ്പെട്ട മൃഗചികിത്സാ കേന്ദ്രങ്ങളിൽ പുതുതായി വെറ്ററിനറി ബിരുദം നേടിയ 41 പേരെ ജൂനിയർ റസിഡന്റുമാരായി നിയോഗിച്ചു. നിലവിൽ ഡോക്ടർമാർ ഉള്ള സ്ഥാപനങ്ങളിൽതന്നെയാണ് നിയമനം. ബിരുദധാരികൾക്ക് അനുഭവസമ്പത്തും കർഷകർക്ക് സേവനവും ലഭ്യമാക്കാൻ പദ്ധതി ഉപകരിക്കും.



## ജീവനോപാധി സഹായപാക്കേജ്

പശു -കിടാരി - ആടുവളർത്തൽ, കാലിത്തീറ്റ സബ്സിഡി, തൊഴുത്ത് നിർമ്മാണത്തിന് ധനസഹായം, ഫാം യന്ത്രവൽക്കരണത്തിന് ധനസഹായം, തീറ്റപ്പുൽകൃഷിയ്ക്ക് സഹായം, താറാവ് വളർത്തൽ പദ്ധതി, കോഴി വളർത്തൽ പദ്ധതി, ശാസ്ത്രീയ കന്നുകുട്ടി പരിപാലന പദ്ധതി തുടങ്ങിയവ നടപ്പിലാക്കി. 17443 കർഷകർക്ക് 2021-22ൽ സാമ്പത്തിക പ്രയോജനം ലഭിച്ചു.

## കുടുകളിൽ കോഴി വളർത്തൽ പദ്ധതി

നഗരപ്രദേശങ്ങളിൽ ( തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ കോർപറേഷൻ പരിധിയിൽ) ഗുണഭോക്താക്കൾക്ക് അത്യുൽപ്പാദനശേഷിയുള്ള 'ഹൈ ഇൻപുട്ട്' മുട്ടക്കോഴികളെ (BV 380) വളർത്താൻ ആനുകൂല്യം നൽകി. അഞ്ചു കോഴികൾ അടങ്ങുന്ന യൂണിറ്റിന് 5250 രൂപയും പത്തു കോഴികൾ അടങ്ങുന്ന യൂണിറ്റിന് 9500 രൂപയും സഹായം നൽകും.

## കന്നുകാലിവികസന ഗോവർദ്ധിനി പദ്ധതികൾ

ശ്ാസ്ത്രീയപരിചരണം ലഭ്യമാക്കുന്നതിനായി പശുക്കുട്ടികളെ ദത്തെടുത്ത് കന്നുകുട്ടി പരിപാലന-ഗോവർദ്ധിനി പദ്ധതികളുടെ കീഴിൽ കൊണ്ടുവരുന്നു. ഇതിന്റെ ഭാഗമായി ആരോഗ്യപരിപാലനം ഉറപ്പാക്കും. സബ്സിഡി നിരക്കിൽ തീറ്റയും ഇൻഷ്വറൻസ് പരിരക്ഷയും ശാസ്ത്രീയ പരിപാലനവുമുണ്ട്. ഒരു പശുക്കുട്ടിയ്ക്ക് 12500 രൂപ സബ്സിഡി ലഭിക്കുന്നു. 2021-22 സാമ്പത്തിക വർഷം 42747 പശുക്കുട്ടികൾക്ക് ആനുകൂല്യം ലഭിച്ചു. ഈ സാമ്പത്തിക വർഷം 64000 എണ്ണത്തിന് ആനുകൂല്യം ലഭ്യമാക്കും.

## മാതൃക മൃഗസംരക്ഷണ ഗ്രാമം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ തിരഞ്ഞെടുക്കപ്പെട്ട 14 പഞ്ചായത്തുകളിൽ മൃഗസംരക്ഷണ മേഖലയിലുള്ള പദ്ധതികൾ നടപ്പിലാക്കി മാതൃക മൃഗസംരക്ഷണ ഗ്രാമമാക്കുകയാണ്. പദ്ധതികൾക്ക് മൃഗസംരക്ഷണ വകുപ്പിന്റെ സഹായമായി ഒരു പഞ്ചായത്തിന് അഞ്ച് ലക്ഷം രൂപ ധനസഹായം നൽകും.

# കർഷകസഹായപദ്ധതികൾ

## ഗോട്ട് സാറ്റലൈറ്റ് പദ്ധതി

ഒരു ഗുണഭോക്താവിന് 25000 രൂപ ധനസഹായം. അഞ്ച് പെണ്ണാടും ഒരു മുട്ടനാടും നൽകുന്ന പദ്ധതി. 2021-22 ൽ 789 യൂണിറ്റുകൾ സ്ഥാപിച്ചു.

വ്യാവസായികാടിസ്ഥാനത്തിൽ ആട് വളർത്തൽ യൂണിറ്റുകൾ പദ്ധതിപ്രകാരം 20 ആടുകളടങ്ങുന്ന യൂണിറ്റുകൾ സ്ഥാപിക്കാൻ ഗുണഭോക്താവിന് ഒരുലക്ഷം രൂപ ധനസഹായം നൽകുന്നു. 2021-22ൽ 789 യൂണിറ്റുകൾ സ്ഥാപിച്ചു. മാംസാവശ്യത്തിനായി മുരിക്കുട്ടി വളർത്തൽ പദ്ധതിയിലൂടെ ഒരു മുരിക്കുട്ടി അടങ്ങുന്ന യൂണിറ്റൊന്നിന് 10,000 രൂപ ധനസഹായം. 2021-22ൽ 1000 യൂണിറ്റുകൾ സ്ഥാപിച്ചു.

## കേരള ചിക്കൻ

കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, കുടുംബശ്രീ മിഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി എന്നിവയുടെ സഹകരണത്തോടെ 56.2866 കോടി രൂപ ചെലവിൽ മൃഗസംരക്ഷണ വകുപ്പ് നോഡൽ ഏജൻസിയായി നടപ്പിലാക്കി വരുന്ന പദ്ധതി. 116 ഇറച്ചിക്കോഴി വളർത്തൽ ഫാമുകൾ സ്ഥാപിച്ചു. കുടപ്പനക്കുന്നിൽ കെപ്കോയുടെ ബ്രോയിലർ ബ്രീഡർ ഫാം നിർമ്മാണം പുരോഗമിക്കുന്നു. ആകെ 2500 ഓളം ഇറച്ചിക്കോഴി വളർത്തൽ ഫാമുകളാണ് ലക്ഷ്യമിടുന്നത്.

## ഗോസമൃദ്ധി ഇൻഷ്വറൻസ്

സാധാരണക്കാരായ കർഷകർ വളർത്തുന്ന അത്യുൽപാദനശേഷിയുള്ള കന്നുകാലികളുടെ മരണം അല്ലെങ്കിൽ അവയുടെ പാലുൽപാദനത്തിലുണ്ടാകുന്ന നഷ്ടം സംഭവിക്കുമ്പോൾ കൈത്താങ്ങാകാനാണ് 'ഗോസമൃദ്ധി' കന്നുകാലി ഇൻഷ്വറൻസ് പദ്ധതി. ആകെ 45,510 പശുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമായിട്ടുണ്ട്. ജനറൽ വിഭാഗത്തിനു 50% സബ്സിഡിയും, SC/ST വിഭാഗത്തിനു 70% സബ്സിഡിയും നൽകുന്നു. 2021-22 സാമ്പത്തികവർഷം അഞ്ച് കോടി രൂപ പദ്ധതിക്കായി അനുവദിച്ചു.

## ക്ഷീരവികസനം, കർഷകക്ഷേമം

ഗ്രാമീണ വിജ്ഞാനവ്യാപനപ്രവർത്തനം തീറ്റപ്പുൽക്കൃഷി, എം.എസ്.ഡി.പി., ക്ഷീരഗ്രാമം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, എന്നിവയാണ് പ്രധാന ക്ഷീരകർഷക ക്ഷേമപദ്ധതികൾ. 2021-22 ൽ 10 ക്ഷീരഗ്രാമം ഉണ്ടായിരുന്നത് 2022-23 ൽ 20 ക്ഷീരഗ്രാമം ആയി ഉയർത്തി. അതിദരിദ്രപട്ടികയിൽ ഉള്ള 140 വനിതകൾക്ക് 90% സബ്സിഡിയോടെ ഒരു പശുവിനെ നൽകുന്ന പദ്ധതി നടപ്പാക്കി.

2022-23 ൽ 480.15 ലക്ഷം രൂപ ചിലവഴിച്ച് 2180 ഹെക്ടറിലും തീറ്റപ്പുൽക്കൃഷി നടപ്പിലാക്കി. കർഷകർക്ക് കൃഷി നടപ്പിലാക്കുന്നതിന് ഇറിഗേഷൻ അസിസ്റ്റൻസ്, മെക്കനൈസേഷൻ, ചോളം കൃഷി, വാണിജ്യ അടിസ്ഥാനത്തിൽ തീറ്റപ്പുൽക്കൃഷിയും വിപണനവും തരിശുഭൂമിയിൽ പുൽക്കൃഷി എന്നീ പദ്ധതികളും നടപ്പിലാക്കി.

ക്ഷീരകർഷകക്ഷേമനിധി വഴി ഇതുവരെ 167. 34 കോടി രൂപ വിതരണം ചെയ്തു. ക്ഷീരസംഘങ്ങളെ ശാക്തീകരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പ്രവർത്തനങ്ങൾക്കായി ധനസഹായം നൽകി. ക്ഷീരസഹകരണനിയമനിർമ്മാണ ഭേദഗതി വഴി കർഷകക്ഷേമം മുൻനിർത്തിയും ക്ഷീരസഹകരണമേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുമുള്ള അനിവാര്യമായ ഭേദഗതികൾ സാധ്യമായി. 1428 കർഷകരെ കിസാൻ ക്രെഡിറ്റ് കാർഡിന്റെ പരിധിയിൽ ഉൾപ്പെടുത്തി 833. 27 ലക്ഷം രൂപ ലോൺ ലഭ്യമാക്കി. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായി ഉണ്ടാക്കിയ കരാർ പ്രകാരം പുതിയതായി 2823 കർഷകരെ കൂടി ഉൾപ്പെടുത്തി. 2022- 23ൽ ക്ഷീരവികസന

| വിജയമുദ്രകൾ | ഭാവിരേഖകൾ |
|---|---|

## വിജയമുദ്രകൾ

- മൃഗസംരക്ഷണവകുപ്പിന്റെ ചെക്ക്പോസ്റ്റുകളിൽ രോഗപരിശോധന കൂടുതൽ ഊർജിതമാക്കി.
- പ്രധാന റോഡുകൾ, ദേശീയപാതകൾ എന്നിവ കേന്ദ്രീകരിച്ച് വാഹന പരിശോധനയും, രോഗപരിശോധനയും നടപ്പിലാക്കുന്നതിന് റെൻഡർ പെസ്റ്റ് മൊബൈൽ യൂണിറ്റും റെണ്ടർ പെസ്റ്റ് വിജിലൻസ് യൂണിറ്റും പ്രവർത്തിക്കുന്നു. 404 3 ലക്ഷം രൂപ ചെലവഴിച്ചു.
- സംസ്ഥാനജന്തുരോഗ നിയന്ത്രണ പദ്ധതിക്കു കീഴിൽ കുളമ്പുരോഗ പ്രതിരോധകുത്തിവെപ്പ് യജ്ഞത്തിന്റെ മൂന്നാം ഘട്ടം ആരംഭിച്ചു. 4.35 ലക്ഷം കന്നുകാലികൾക്ക് കുത്തിവെപ്പ് നൽകി.
- കോഴി, താറാവ്, ആട്, പശു, പന്നി എന്നിവയ്ക്കുള്ള രോഗപ്രതിരോധ കുത്തിവെപ്പ് അസ്കാർഡ് പദ്ധതി വഴി നടപ്പിലാക്കിവരുന്നു.
- പേവിഷബാധ തടയുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ പ്രത്യേക കർമ്മപദ്ധതിയും നടപ്പാക്കി വരുന്നുണ്ട്.
- കന്നുകാലികളിലെ ചർമ്മമുഴ രോഗത്തിനെതിരെ 35000-ത്തോളം ഉരുക്കൾക്ക് വാക്സിൻ നൽകി.
- പക്ഷിപ്പനി നഷ്ടപരിഹാരത്തുകയിൽ മുഴുവൻ തുകയും കേരള സർക്കാർ നൽകി വരുന്നു.
- ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് &വെറ്ററിനറി ബയോളജിക്കൽസ് കഴിഞ്ഞ സാമ്പത്തിക വർഷം രണ്ട് കോടിയിലധികം വില മതിക്കുന്ന ഉൽപ്പന്നങ്ങൾ മൃഗപരിപാലന മേഖലയിൽ ഉപജീവനം കണ്ടെത്തുന്ന കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തു.
- മൃഗസംരക്ഷണ വകുപ്പിന്റെ സംസ്ഥാനതല രോഗ നിർണ്ണയ സ്ഥാപനമായ പാലോട്ടുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആനിമൽ ഡിസീസസ് പേവിഷബാധയുടെ പ്രതിരോധശേഷി മനുഷ്യരിലും മൃഗങ്ങളിലും നിർണ്ണയിക്കുന്ന RFFIT പരിശോധനരീതി കേരളത്തിൽ ആദ്യമായി നടപ്പിലാക്കി.
- പുതിയതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന ആഫ്രിക്കൻ പന്നിപ്പനി, പക്ഷിപ്പനി, ചർമ്മമുഴ രോഗം എന്നിവയുടെ രോഗനിർണ്ണയം/പ്രാഥമിക രോഗനിർണ്ണയം നടത്താനുള്ള സൗകര്യം സജ്ജമാക്കി.

## ഭാവിരേഖകൾ

- ഡയറി പ്രൊമോട്ടർമാരുടെ വേതനം 7500 ൽ നിന്നും 8000 ആക്കി. വുമൺ ക്യാറ്റിൽ കെയർ വർക്കർമാരുടെ വേതനം 6000 ത്തിൽ നിന്നും 8000 ആക്കി വർധിപ്പിച്ചു.
- മൃഗസംരക്ഷണമേഖലയിലെ കർഷകരെ ആദരിക്കുന്ന കർഷകപുരസ്കാരങ്ങൾ വിതരണം ചെയ്തു.
- ക്ഷീരവികസന വകുപ്പിന്റെ വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ സുതാര്യമായി തിരഞ്ഞെടുക്കുന്നതിനായി ക്ഷീരശ്രീ പോർട്ടൽ നടപ്പിലാക്കി.
- മിൽമയ്ക്ക് 2021-22 വർഷം 750 ലക്ഷം രൂപയും 2022 -23 വർഷം 750 ലക്ഷം രൂപയും മൂർക്കനാട് പാൽപ്പൊടി ഫാക്ടറി സ്ഥാപിക്കുന്നതിന് 3272 ലക്ഷം രൂപയും അനുവദിച്ചു.
- അധികം വരുന്ന പാൽ പാൽപ്പൊടി ആക്കി മാറ്റുന്നതിലേക്കായി മലപ്പുറത്ത് മൂർക്കനാട് 52.25 കോടി രൂപ ചെലവഴിച്ച് പാൽപൗഡർ ഫാക്ടറി സ്ഥാപിച്ചു.
- 1500 ലക്ഷംരൂപ മുതൽമുടക്കുള്ള എം.പി.ഐ.യുടെ മൂല്യവർധിത ഇറച്ചിഉൽപന്ന സംസ്കരണ പ്ലാന്റ്, ഏത്തൂർ, കൊല്ലം എന്നിവിടങ്ങളിൽ.
- കെപ്കോ നിലവിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിലെ 120 ൽ പരം ഏജൻസികളിൽ ശീതീകരിച്ച കോഴിയിറച്ചിയും, മൂല്യവർധിത ഉൽപ്പന്നങ്ങളും വിതരണം ചെയ്യുന്നു.
- കേരള ഫീഡ്സ് മൃഗസംരക്ഷണ, ക്ഷീരവികസനവകുപ്പുകളുമായി സഹകരിച്ച് 2021-22ൽ 21,078 മെട്രിക് ടൺ കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു.
- തിരുവനന്തപുരം മൃഗശാലയിൽ ചിത്രശലഭ പാർക്ക് കെട്ടിടസമുച്ചയത്തിന്റെ നിർമ്മാണം പൂർത്തികരിച്ചു.
- സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും മൊബൈൽ വെറ്ററിനറി സേവനം വ്യാപിപ്പിക്കാൻ നടപടി.
- ക്ഷീരസഹകരണസംഘങ്ങളിലെ പാൽസംഭരണം മുതൽ അക്കൗണ്ടിങ്ങ് വരെയുള്ള എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനായി ക്ഷീരശ്രീ സോഫ്റ്റ്വെയർ നിർമ്മിച്ചുവരുന്നു.

വകുപ്പ് 28 കോടി രൂപ മിൽക്ക് ഇൻസെന്റീവ് ഇനത്തിൽ കർഷകർക്ക് നൽകി. 1,97,306 ക്ഷീരകർഷകർക്ക് പ്രയോജനം ലഭിച്ചു.

ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതിയിലൂടെ 34415 ഉരുക്കളെയും 20465 കർഷക കുടുംബങ്ങളെയും ഇൻഷ്വർ ചെയ്തതിലൂടെ ക്ലെയിം ഇനത്തിൽ 17.91 കോടി രൂപ കർഷകർക്ക് ലഭിച്ചു. 2022-23 ൽ 5812 ഉരുക്കളെയും 20465 കർഷക കുടുംബങ്ങളെയും ഇൻഷ്വർ ചെയ്തതിലൂടെ പതിനൊന്നാം മാസം വരെ ക്ലെയിം ഇനത്തിൽ അഞ്ച് കോടി രൂപ കർഷകർക്ക് ലഭിച്ചു. ■




**എം. ബി. രാജേഷ്**
തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി

രാജ്യത്തെ മികവുറ്റ മാതൃകക ളാണ് നമ്മുടെ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ. വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയെ കൂടുതൽ കരുത്തു റ്റതാക്കിയും സേവനങ്ങൾ കൂടുതൽ ജനകീയമാക്കിയും തദ്ദേശസ്ഥാപനങ്ങളെ കൂടുതൽ ജനപക്ഷത്തേക്ക ചേർക്കുകയാണ് സംസ്ഥാന സർക്കാർ



# വികസനം ജനകീയമായി സേവനങ്ങൾ ആധുനികമായി

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന് ചട്ടങ്ങൾ രൂപീകരിച്ചു. ഏകീകൃത വകുപ്പ് നിയമപരമായി സ്ഥാപിതമായി. വിവിധവിഭാഗങ്ങളെ ഒരു കുടക്കീഴിലാക്കി പ്രിൻസിപ്പൽ ഡയറക്ടറേറ്റും ജില്ലകളിൽ ജില്ലാ ജോയിന്റ് ഡയറക്ടറേറ്റും നിലവിൽ വന്നു. ഏകീകൃത തദ്ദേശവകുപ്പിന്റെ ആസ്ഥാനം തിരുവനന്തപുരം നന്ദൻകോടുള്ള സ്വരാജ് ഭവനാണ്.

## ലൈഫ്

ലൈഫ് ഭവനപദ്ധതിയിൽ ഇതുവരെ 3,22,922 വീടുകളും നാല് ബഹുനില ഭവനസമുച്ചയങ്ങളും പൂർത്തീകരിച്ചു. വിവിധ സംഘടനകളുടെ സ്പോൺസർഷിപ്പ് വഴിയും ഫ്ളാറ്റുകൾ നിർമ്മിച്ചു. 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിനിലൂടെ ഇതുവരെ 23.62 ഏക്കർ ഭൂമി ഭൂരഹിത-ഭവനരഹിതർക്ക് വീട് വെക്കാനായി ലൈഫ് മിഷന് നൽകുമെന്ന് വാഗ്ദാനം ചെയ്യപ്പെട്ടു.

## തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഇതുവരെ 7.4721 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. 14.92 ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചു.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തി. ക്ഷേമനിധി ബോർഡ് രൂപീകരിച്ചു. തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് വേതനം വൈകിയാൽ നഷ്ടപരിഹാരം നൽകാൻ നിയമവ്യവസ്ഥ കൊണ്ടുവന്നു. പതിനഞ്ച് ദിവസത്തിനുള്ളിൽ വേതനം നൽകിയില്ലെങ്കിൽ വൈകുന്ന ഓരോദിവസത്തിനും 0.5 ശതമാനം നഷ്ടപരിഹാരം നൽകണം. നഷ്ടപരിഹാരത്തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കും. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ 2022 -23 ലെ ബജറ്റ് വിഹിതം 125





## തൊഴിൽസഭകൾ

കേരളത്തിന്റെ പ്രാദേശിക സംരംഭക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. തൊഴിൽ സൃഷ്ടിക്കുന്നതിനുള്ള പുതിയ ഉത്തരവാദിത്വം തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുത്തു. ഇതിനായി തൊഴിൽ സഭകൾ സംഘടിപ്പിച്ചു. സംസ്ഥാന ത്തിന്റെ ദേശീയ റാങ്കിങ്ങ് ഉയർത്തുന്നതിനും ഒരു വർഷം ഒരുലക്ഷം സംരംഭങ്ങൾ ആരംഭി ക്കുന്നതിനും ആവശ്യമായ അന്തരീക്ഷം സൃഷ്ടിച്ചു.

കോടിയായി ഉയർത്തി. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം 311 രൂപയായി വർധിപ്പിച്ചു.

## ഗ്രാമവികസനം

പ്രധാനമന്ത്രി ആവാസ് യോജന(ഗ്രാമീൺ ) പ്രകാരം 2021 -22 സാമ്പത്തികവർഷം മുതൽ 2023 ജനുവരി 23 വരെ 8364 വീടുകൾ പൂർത്തീകരിച്ചു. പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പ്രകാരം കഴിഞ്ഞ രണ്ട് വർഷങ്ങളിൽ 90.83 കിലോമീറ്റർ റോഡും ഒരു പാലവും പൂർത്തീകരിച്ചു. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പ്രകാരം രണ്ട് വർഷങ്ങളിൽ 251 കുളങ്ങളും 126 ചെക്ക് ഡാമുകളും പൂർത്തീകരിച്ചു. 2734 ഹെക്ടർ സ്ഥലത്ത് മണ്ണ് -ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി. 1164 ഹെക്ടറിൽ ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പി ച്ചു. 2,73,075 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു.

നാഷണൽ റർബൻ മിഷൻ വഴി 12 ക്ലസ്റ്ററുകളിലായി 425 പ്രവൃത്തികൾ പൂർത്തീകരിച്ചു. ഏഴ് ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിച്ചു.

## മാലിന്യമുക്തിക്ക് ശുചിത്വകേരളം

2026 ൽ കേരളത്തെ സമ്പൂർണ മാലിന്യമുക്തമാ ക്കുകയെന്ന ലക്ഷ്യത്തോടെ ശുചിത്വ മിഷനും ഹരിത കേരളമിഷനും വിപുലമായ പദ്ധതി തയ്യാറാക്കി പ്രവർത്തനം തുടങ്ങി. സംസ്ഥാനത്തെ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 30,890 ഹരിതകർമ സേനാംഗങ്ങൾ പ്രവർത്തിക്കുന്നു. ഇവർ മുഖേന 65 ലക്ഷത്തോളം വീടുകളിൽ നിന്നും അഞ്ച് ലക്ഷത്തോളം സ്ഥാപനങ്ങളിൽ നിന്നും അജൈവ പാഴ് വസ്തുക്കൾ



ശേഖരിക്കുന്നു. ക്ളീൻ കേരള കമ്പനി ഇവ പുനരുപയോ ഗിക്കാനുള്ള പദ്ധതി പ്രാവർത്തികമാക്കി. മാലിന്യസംസ്കരണത്തിൽ ജില്ലാ തല എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചു. 93 നഗരങ്ങളിലായി ഖരമാലിന്യസംസ്കരണത്തിന് 2300 കോടി രൂപയുടെ കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് പ്രവർത്തനം ആരംഭിച്ചു. ലെഗസി വേസ്റ്റ് നീക്കം ചെയ്ത് 45 ഏക്കർ ഭൂമി വീണ്ടെടുത്തു. കെട്ടിടാവശിഷ്ടങ്ങൾ കൈകാര്യം ചെയ്യുന്നതിന് വിപുലമായ പദ്ധതിക്ക് തുടക്കം കുറിച്ചു.

## അധിക തസ്തികകൾ

നഗരസഭകളിൽ എട്ട് വിഭാഗങ്ങളിലായി 354 അധിക തസ്തികകൾ സൃഷ്ടിച്ചു. നഗരങ്ങളിൽ ശുചിത്വ-മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ നിർവഹണം കാര്യക്ഷമമാക്കുന്നതിന് 99 യുവ പ്രൊഫ ഷണലുകളെ നിയമിച്ചു. സംസ്ഥാനത്തെ 505 ഗ്രാമ പഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തിക അനുവദിച്ചു.

## അതിദാരിദ്ര്യനിർമ്മാർജനം

സംസ്ഥാനത്ത് 64,006 പേർ അതിദാരിദ്ര്യം അനുഭവിക്കുന്നവരാണെന്ന് കണ്ടെത്തി. ഇവർക്കുള്ള മൈക്രോ പ്ലാനുകൾ തയാറാക്കി. അവകാശ രേഖകൾ നൽകുന്ന പ്രവർത്തനം നടന്നുവരുന്നു.

## അമൃത്

അമൃത് പദ്ധതിയുടെ ഭാഗമായി 829 പദ്ധതികളിലാ യി 1416.51 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. എല്ലാ നഗരസഭകളിലും കോർപ്പറേഷനു കളിലുമായി ആകെ 3495 .06 കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കുന്നത്. ഇതിൽ 2123 .06 കോടി രൂപയുടെ സംസ്ഥാനവിഹിതവും 1372 കോടി രൂപയുടെ കേന്ദ്ര വിഹിതവുമാണ്.

## കുടുംബശ്രീ

കഴിഞ്ഞ രണ്ട് വർഷത്തിൽ 1,75,000 പുതിയ അംഗങ്ങളെ കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ ഉൾപ്പെടുത്തി. 18 മുതൽ 40 വയസ് വരെയുള്ള സ്ത്രീകൾ ക്കായി 19,544 ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിച്ചു. ഇവയിലൂടെ 3,06,692 യുവതികൾ അംഗത്വം നേടി.

# വിജയമുദ്രകൾ ഭാവിരേഖകൾ

- ബഡ്സ് സ്കൂൾ ജീവനക്കാരുടെ ഓണറേറിയം വർധിപ്പിക്കാൻ അനുമതി നൽകി. സ്പെഷ്യൽ സ്കൂൾ ടീച്ചർക്ക് 32,560 രൂപ വരെ. പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ശമ്പളം 18,390 രൂപയായി വർധിപ്പിച്ചു.
- ശബരിമല തീർത്ഥാടനത്തിന് തീർത്ഥാടകരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 3.36 കോടി രൂപ അനുവദിച്ചു.
- വിവാഹരജിസ്ട്രേഷന് മതം നിർബന്ധമല്ലെന്ന് വ്യക്തമാക്കി പുതിയ സർക്കുലർ പുറപ്പെടുവിച്ചു.
- കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായുണ്ടാകുന്ന ദുരന്തങ്ങൾ നേരിടാൻ രാജ്യത്ത് ആദ്യമായി ഡിസാസ്റ്റർ ആൻഡ് ക്ലൈമറ്റ് ആക്ഷൻ ട്രാക്കിങ്ങ് ടൂൾ (D-CAT tool) എന്ന പുതിയ സംവിധാനത്തിന് രൂപകൽപന നൽകി പ്രവർത്തനം തുടങ്ങി.

എ ഡി എസുകൾക്ക് ഒരു ലക്ഷം രൂപ വീതം 75 കോടി രൂപ റിവോൾവിങ്ങ് ഫണ്ടായി വിതരണം ചെയ്തു. തീരദേശങ്ങളിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കായി 3.45 കോടി രൂപ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ നൽകി.

കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട് ജില്ലകളിലായി 303 ബ്രോയിലർ ഫാമുകളും 103 കേരള ചിക്കൻ ഔട്ട്ലെറ്റുകളും സ്ഥാപിച്ചു. ശരാശരി 24,000 കിലോ കോഴിയിറച്ചി ഔട്ട്ലെറ്റുകൾ വഴി വിപണനം ചെയ്യുന്നു.

നഗര പ്രദേശങ്ങളിൽ 2246 സംരംഭങ്ങൾ രൂപീകരിച്ചതിലൂടെ 3872 പേർക്ക് തൊഴിൽ നൽകി. കുടുബശ്രീയിലെ കമ്യൂണിറ്റി കൗൺസിലർമാരുടെ ഓണറേറിയം 9000 രൂപയിൽ നിന്ന് 12,000 രൂപയായി വർധിപ്പിച്ചു. വിശപ്പുരഹിത കേരളം പദ്ധതിയിൽ 1198 ജനകീയ ഹോട്ടലുകൾ ആരംഭിച്ചു. 47,256 സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ചു.

## സേവനം ഓൺലൈനിൽ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്ന സിറ്റിസൺ പോർട്ടൽ സ്ഥാപിച്ചു. 2022 ഏപ്രിൽ മുതൽ അപേക്ഷകൾ നൽകാനും പണമൊടുക്കാനും സേവനം ലഭിക്കാനും ഗ്രാമപഞ്ചായത്ത് ഓഫീസ് സന്ദർശിക്കേണ്ടതില്ല. ഇതിനായി സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഇന്റഗ്രേറ്റഡ് ലോക്കൽ ഗവണ്മെന്റ് മാനേജ്മെന്റ് സിസ്റ്റം (ILGMS) പ്രാവർത്തികമാക്കി പ്രധാന സേവനങ്ങൾ ഓൺലൈൻ വഴിയാക്കി. ഒൻപത് മാസം കൊണ്ട് 85 ലക്ഷം ഫയലുകൾ കൈകാര്യം ചെയ്തു. അതിൽ 74 ലക്ഷം ഫയലുകളും തീർപ്പാക്കി. നഗരസഭകളിലും ഓൺലൈൻ സേവന സംവിധാനം തയ്യാറായി.




## കില

കിലയുടെ നേതൃത്വത്തിൽ തളിപ്പറമ്പിൽ അന്താരാഷ്ട്ര നേതൃപഠന കേന്ദ്രത്തിന്റെ നിർമ്മാണോദ്ഘാടനം നടത്തി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആൻഡ് ലീഡർഷിപ് എന്ന പോസ്റ്റ് ഗ്രാജ്വേറ്റ് കോളേജിന് തുടക്കം കുറിച്ചു. കണ്ണൂർ സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്ത് മൂന്ന് പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ ആരംഭിച്ചു. ഇ എം എസ് സ്മാരക അധികാര വികേന്ദ്രീകരണ മ്യൂസിയം കില തൃശൂർ ക്യാമ്പസിൽ ഉദ്ഘാടനം ചെയ്തു. കിലയുടെ നേതൃത്വത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും സേവന ഗുണമേന്മക്കുള്ള ഐ എസ് ഒ സർട്ടിഫിക്കറ്റ് നേടി.

സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവല്കരണത്തിനുള്ള ലോക്കൽ ഇൻഡിക്കേറ്റർ ഫ്രെയിംവർക്ക് രൂപീകരിക്കുകയും ഡാഷ്ബോർഡ് സംവിധാനം ചിട്ടപ്പെടുത്തുകയും ചെയ്തു.

നൂതന ആശയങ്ങൾക്കും മനുഷ്യ വിഭവ വികസന മികവിനുമുള്ള മുഖ്യമന്ത്രിയുടെ Award for Innovations in Public Policy for Perosnal Management കിലയ്ക്ക് ലഭിച്ചു. അഞ്ച് ലക്ഷം രൂപയും പ്രശസ്തിപത്രവുമാണ് അവാർഡ്.

## ലഹരിവിപത്തിനെതിരെ

മയക്കമരുന്ന് വിപത്തിനെതിരെ വിപുലമായ പ്രചാരണം സംഘടിപ്പിച്ചു. 2022 ഒക്ടോബർ രണ്ട് മുതൽ 2023 ജനുവരി 26 വരെ രണ്ട് ഘട്ടങ്ങളിലായി പ്രചാരണ പ്രവർത്തനങ്ങൾ നടന്നു. "No To Drugs" ക്യാമ്പയിനിൽ ഒരു കോടിയിലധികം പേർ പങ്കെടുത്ത ലഹരിവിരുദ്ധ ശൃംഖല സംഘടിപ്പിച്ചു. മയക്കമരുന്നിനെതിരെ രണ്ട് കോടി ഗോൾ അടിച്ചു.

എക്സൈസ് സേനയെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ചെക്ക് പോസ്റ്റുകളിൽ സി സി ടി വി സംവിധാനവും പുതിയ വാഹനങ്ങളും വാങ്ങി. ■








പി. എ. മുഹമ്മദ് റിയാസ്

പൊതുമരാമത്ത്, വിനോദസഞ്ചാരം വകുപ്പ് മന്ത്രി




**പുതിയകാലം ആവശ്യപ്പെടുന്ന യാത്രാവേഗത്തിന് അനുസൃതമായ വികസനം ദേശീയ-സംസ്ഥാനപാതകളിൽ യാഥാർഥ്യമാക്കുകയാണ് പൊതുമരാമത്ത് വകുപ്പ്. വിനോദസഞ്ചാരമേഖലയിൽ പ്രകൃതിയുടെ ചായക്കൂട്ടുകളെ ലോകത്തിനാകെ ആസ്വദിക്കാൻ പാകത്തിലുള്ള സൗകര്യങ്ങളാണ് സംസ്ഥാന ടൂറിസം വകുപ്പ് ഒരുക്കുന്നത്**

# സുഗമപാതകൾ സുഖദസഞ്ചാരം

ചരിത്രത്തിലാദ്യമായി ദേശീയപാതാവികസനത്തിന് സംസ്ഥാനം കൂടി പണം നൽകുകയും പണി അതിവേഗം പുരോഗമിക്കുകയുമാണ്. പുതിയ പാലങ്ങളും പഴയവയുടെ നവീകരണവും ഉൾപ്പെടെ നടപ്പിലാക്കി. കെട്ടിട നിർമ്മാണത്തിലും ഗുണനിലവാരം ഉറപ്പാക്കി നാടിന്റെ സമഗ്രവികസനത്തിനാണ് വകുപ്പ് ചുക്കാൻ പിടിക്കുന്നത്. കരയിലും ജലത്തിലുമായി നിറയുന്ന കാഴ്ചകളിലേക്ക് ലോകോത്തര നിലവാരത്തിലുള്ള സംവിധാനങ്ങളുമായി സഞ്ചാരികളെ സ്വീകരിക്കുകയാണ് കേരളം.

## ദേശീയപാത വികസനം

ദേശീയപാതകളിൽ ഏറ്റവും പ്രധാനപ്പെട്ടത് കാസർഗോഡ് തലപ്പാടി മുതൽ തിരുവനന്തപുരം ജില്ലാ അതിർത്തിവരെയുള്ള എൻഎച്ച് 66 ആണ്. രാജ്യത്ത് മറ്റെങ്ങുമില്ലാത്തവിധം ഭൂമി ഏറ്റെടുക്കലിന്റെ 25 ശതമാനം സംസ്ഥാനം വഹിച്ച് കിഫ്ബി വഴി പണം ചെലവഴിച്ച് ദേശീയപാതാവികസനം സാധ്യമാക്കി. പരമാവധി നഷ്ടപരിഹാരം നൽകിയാണ് ഭൂമി ഏറ്റെടുത്തത്. ദേശീയപാത 66-ന്റെ വികസനത്തിനായി 1062.96 ഹെക്ടർ ഭൂമിയും ഏറ്റെടുത്തുകഴിഞ്ഞു. 5,580 കോടി രൂപയാണ് സംസ്ഥാനം സ്ഥലം ഏറ്റെടുക്കലിനായി ഇതുവരെ നൽകിയത്. ആകെയുള്ള 21 റീച്ചിലും പ്രവൃത്തി ആരംഭിച്ചു. 45 മീറ്റർ വീതിയിലേക്ക് റോഡുകൾ മാറുന്നുവെന്ന യാഥാർഥ്യം നമ്മുടെ വികസന പദ്ധതികൾക്കാകെ വേഗം കൂട്ടി. അരൂർ-തുറവൂർ എലിവേറ്റഡ് ഹൈവേ നിർമ്മാണം ഉടൻ ആരംഭിക്കും. 2025-ഓടെ ദേശീയപാത വികസനപ്രവൃത്തി പൂർത്തിയാക്കുകയാണ് ലക്ഷ്യം.

## തിരുവനന്തപുരം ഔട്ടർ റിങ്ങ്  റോഡ്

സംസ്ഥാനത്തിന്റെ അഭിമാനപദ്ധതിയായ തിരുവനന്തപുരം ഔട്ടർ റിങ്ങ് റോഡ് പദ്ധതിക്ക് കേന്ദ്ര അംഗീകാരം നേടിയെടുക്കാനായത് ഈ സർക്കാരിന്റെ നേട്ടമാണ്. വിഴിഞ്ഞം മുതൽ പാരിപ്പള്ളി വരെ നീളുന്ന തിരുവനന്തപുരം ഔട്ടർ റിങ്ങ് റോഡ് തലസ്ഥാനത്തിന്റെ വാണിജ്യ പുരോഗതി കൂടി ലക്ഷ്യമിട്ടാണ് നടപ്പാക്കുന്നത്.

## ഭാരത് മാല പദ്ധതി

ഭാരത് മാല പരിയോജന പദ്ധതിയിൽ ഉൾപ്പെടുത്തി 895 കിലോ മീറ്റർ വരുന്ന ഏഴ് റോഡുകളുടെ നവീകരണത്തിനു പദ്ധതി തയ്യാറായിക്കഴിഞ്ഞു. കൂടാതെ 11  തുറമുഖ കണക്ടിവിറ്റി റോഡുകളുടെ പദ്ധതി രേഖയും തയ്യാറായി വരുന്നു. മേലെചൊവ്വ- മട്ടന്നൂർ കുട്ടുപുഴ റോഡ് ഉൾപ്പെടെ 12 റോഡുകൾകൂടി ദേശീയ പാതാനിലവാരത്തിലേക്ക് വികസിപ്പിക്കാൻ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.



## കുതിരാൻ ടണൽ

രണ്ടാം പിണറായി സർക്കാരിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നായിരുന്നു കുതിരാൻ ടണലിന്റെ പ്രവൃത്തി പൂർത്തീകരണം. ദേശീയപാതാ അതോറിറ്റിയും സംസ്ഥാന സർക്കാരും ഒറ്റക്കെട്ടായി നീങ്ങി തടസ്സങ്ങൾ ഒഴിവാക്കി പ്രവൃത്തി വേഗത്തിലാക്കി ഒന്നും രണ്ടും ടണലുകൾ നിശ്ചയിച്ച സമയത്ത് തന്നെ തുറന്നു കൊടുക്കാൻ സാധിച്ചു.

## മലയോര ഹൈവേ

മലയോരനിവാസികളുടെ ഗതാഗതസൗകര്യം വർധിക്കുന്നതിനൊപ്പം മലയോരത്തിന്റെ സമ്പദ്ഘടനക്കും വലിയ മാറ്റം ഉണ്ടാക്കാൻ സാധിക്കുന്ന മലയോര ഹൈവേയുടെ മുഴുവൻ റീച്ചുകൾക്കും അനുമതി നേടാനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലെത്തി കഴിഞ്ഞു.

കാസർഗോഡ് നന്ദാരപടവ് മുതൽ തിരുവനന്തപുരം പാറശ്ശാല വരെ 1251 കിലോമീറ്റർ ദൂരത്തിൽ നിർമ്മിക്കുന്ന മലയോര ഹൈവേ വികസന പദ്ധതിക്ക് 3,500 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. 155.39 കിലോമീറ്റർ ഹൈവേ ഇതിനകം യാഥാർഥ്യമായി. 609.61 കിലോമീറ്റർ പാതയ്ക്ക് സാമ്പത്തികാനുമതിയും 454.78 കിലോമീറ്ററിന് സാങ്കേതികാനുമതിയുമായി.

## തീരദേശ ഹൈവേ

തിരുവനന്തപുരം പൂവാർ മുതൽ കാസർഗോഡ് കുഞ്ചത്തൂർ വരെ കേരളത്തിന്റെ തീരദേശത്തോട് ചേർന്ന് 623 കിലോമീറ്റർ ദൂരത്തിൽ നീണ്ടുകിടക്കുന്നതാണ് തീരദേശ ഹൈവേ പദ്ധതി. 14 മീറ്റർ വീതിയുള്ള പാതയുടെ നിർമ്മാണത്തിന് 6,500 കോടി രൂപ നിർമ്മാണച്ചെലവ് കിഫ്ബിയാണ് വഹിക്കുന്നത്.

അന്തർദേശീയ നിലവാരത്തിൽ സൈക്കിൾ പാതയോടു കൂടിയ തീരദേശ ഹൈവേ പദ്ധതിയുടെ ഡിപിആർ അവസാന ഘട്ടത്തിലാണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ഭൂമി ഏറ്റെടുക്കൽ നടപടികളും പുരോഗമിക്കുന്നുണ്ട്. മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ വിവിധ സ്ഥലങ്ങളിൽ തീരദേശ ഹൈവേ നിർമ്മാണത്തിന് സാമ്പത്തികാനുമതി ലഭിച്ചു. മലപ്പുറം പടിഞ്ഞാറേക്കര പാലം മുതൽ ഉണ്യാൽ ജംഗ്ഷൻ വരെയുള്ള 15 കിലോമീറ്റർ ഹൈവേ നിർമ്മാണം പുരോഗതിയിലാണ്. നിലവിലുള്ള ദേശീയപാതകളും സംസ്ഥാനപാതകളും തീരദേശ ഹൈവേയുടെ ഭാഗമാക്കിയും പുതിയ നിർമ്മാണങ്ങൾ നടത്തിയും മൂന്ന് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കുന്നത്.

## ലെവൽ ക്രോസ് ഇല്ലാത്ത കേരളം

ലെവൽ ക്രോസുകളില്ലാത്ത കേരളം എന്നത് പിണറായി സർക്കാരിന്റെ സ്വപ്നമാണ്. സംസ്ഥാന ചരിത്രത്തിൽ ആദ്യമായി പത്ത് റെയിൽവെ മേൽപ്പാലങ്ങളുടെ നിർമ്മാണം ഒന്നിച്ച് പുരോഗമിക്കുകയാണ്.

കിഫ്ബി ഫണ്ട് ഉപയോഗിച്ച് 67 റെയിൽവെ മേൽപ്പാലങ്ങളും ബജറ്റ് ഫണ്ട് ഉപയോഗിച്ച് അഞ്ച് മേൽപ്പാലങ്ങളുമാണ് നിർമ്മിക്കുന്നത്.

## പിഡബ്ല്യുഡി ഫോർ യു

പൊതുമരാമത്ത് വകുപ്പ് റോഡുകളുമായി ബന്ധപ്പെട്ട പരാതികൾ ജനങ്ങൾക്ക് എളുപ്പത്തിൽ വകുപ്പിനെ അറിയിക്കാനും വേഗത്തിൽ അത് പരിഹരിക്കാനുമുള്ള ആധുനിക സംവിധാനമായ 'പിഡബ്ല്യുഡിഫോർ യു' ആപ്പിന് മികച്ച സ്വീകാര്യതയാണ് ലഭിക്കുന്നത്. കൂടാതെ നിർദേശങ്ങളും പരാതികളും മന്ത്രിയോട് നേരിട്ട് അറിയിക്കാൻ അവസരമൊരുക്കുന്ന "RING ROAD" പരിപാടിയിലൂടെ ഇതു വരെ ലഭിച്ച 277 പരാതികളിൽ 101 എണ്ണം പരിഹരിച്ചു. ജനങ്ങൾക്ക് ടോൾ ഫ്രീ നമ്പറിലൂടെ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പരാതികളും അഭിപ്രായങ്ങളും അറിയിക്കാനും അന്വേഷണങ്ങൾക്കുമായി രൂപവൽക്കരിച്ച

| വിജയമുദ്രകൾ | ഭാവിരേഖകൾ |
|---|---|

## വിജയമുദ്രകൾ

- പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആക്സലറേറ്റ് പി.ഡബ്ല്യു.ഡി.
- "പോട്ട് ഹോൾ ഫ്രീ കേരള' എന്ന ലക്ഷ്യത്തിന്റെ ഭാഗമായി നടപ്പിലാക്കികൊണ്ടിരിക്കുന്ന 'ഡി. എൽ.പി പരസ്യപ്പെടുത്തൽ..
- 12,332 കിലോമീറ്റർ റോഡ് റണ്ണിംഗ് കോൺട്രാക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി.
- കാലാവസ്ഥാവ്യതിയാനത്തിന് അനുസരിച്ച് റോഡ് നിർമ്മാണം സാധ്യമാക്കാൻ ആറ് പുതിയ സാങ്കേതികവിദ്യകൾ കൂടി ഉൾപ്പെടുത്തി.
- പിഡബ്ല്യുഡി'. പദ്ധതികൾ ആരംഭിക്കുന്നതു മുതൽ അവസാനിക്കുന്നതു വരെ ഓരോ ഘട്ടവും സംബന്ധിച്ചുള്ള വിവരങ്ങൾ "തൊട്ടറിയാം പിഡബ്ല്യുഡി" ഓൺലൈനിൽ ലഭ്യമാണ്.
- കാർഷിക സംസ്കൃതി കൂടി വിനോദസഞ്ചാര മേഖലയുടെ ഭാഗമാകുന്ന അഗ്രി ടൂറിസം നെറ്റ് വർക്കിൽ 494 യൂണിറ്റുകൾ ആരംഭിച്ചു. ഇന്ത്യയിൽ ആദ്യമാണ് ഇത്തരമൊരു പദ്ധതി.
- ടൂറിസം സ്ട്രീറ്റ് പദ്ധതി ആദ്യഘട്ടമായി 10 ഇടങ്ങളിൽ നടപ്പിലാക്കുന്നു.
- അന്തർദേശീയ കയാക്കിങ്ങ് മത്സരമായ മലബാർ റിവർ ഫെസ്റ്റിവലിൽ 100 അന്തർദേശീയ കയാക്കർമാരും 200 ദേശീയ കയാക്കർമാരും പങ്കെടുത്തു.
- 2022 ലെ ബിനാലെ കൂടുതൽ സജീവമാക്കി നടത്താനായി എയർ ഇന്ത്യയുമായി ചേർന്ന് വിമാനത്തിൽ ബിനാലെ പെയിന്റിങ്ങ് സൃഷ്ടിച്ചതും ശ്രദ്ധേയമായി.
- സഞ്ചാരികൾക്കു ആവശ്യമായ വിവരങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കാൻ ഉതകുന്ന വാട്സ്ആപ് ചാറ്റ്ബോട്ട് 'മായ' യുടെ പ്രവർത്തനം ആരംഭിച്ചു.

## ഭാവിരേഖകൾ

- 2022 ൽ രണ്ട് കോടിയോളം ആഭ്യന്തര സഞ്ചാരികളും മൂന്നര ഇരട്ടിയോളം വിദേശസഞ്ചാരികളും കേരളത്തിലെത്തി.
- ജലസാഹസിക ടൂറിസത്തിന്റെ ഭാഗമായി ജില്ലകളിലെ ഓരോ ബീച്ചുകളിൽ ഫ്ളോട്ടിങ്ങ് ബ്രിഡ്ജ് ആരംഭിക്കും. ബേപ്പൂർ, മുഴപ്പിലങ്ങാടി ബീച്ചുകളിൽ തുടങ്ങി.
- രാജ്യത്ത് തന്നെ ആദ്യമായി പിണറായി സർക്കാർ ഡിസൈൻ പോളിസി രൂപവൽകരിക്കുകയാണ്.
- ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതി, മുസിരിസ് ഹെറിറ്റേജ് പദ്ധതി, തലശ്ശേരി ഹെറിറ്റേജ് പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- കേരള ടൂറിസത്തിന്റെ അതിജീവനം സാധ്യമാക്കി ഈ സർക്കാർ ആരംഭിച്ച കാരവൻ ടൂറിസത്തിന് മികച്ച പ്രതികരണമാണ് ലഭിക്കുന്നത്.
- ബേപ്പൂരിൽ വൈക്കം മുഹമ്മദ് ബഷീറിന്റെ സ്മാരകനിർമ്മാണം പുരോഗമിക്കുന്നു
- ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഉടമസ്ഥതയിലുള്ള ആദ്യ സൊസൈറ്റിയായി ഉത്തരവാദിത്ത ടൂറിസം മിഷനെ മാറ്റുകയും ചെയ്തു. മിഷന്റെ കീഴിലായി സ്ത്രീ സൗഹൃദ വിനോദസഞ്ചാരപദ്ധതി ആരംഭിച്ചു. 2800 വനിതകൾ ഇതിനകം പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- മലബാറിന്റെ ടൂറിസം സാധ്യതകൾ പുറംലോകത്തിനു പരിചയപ്പെടുത്തുന്നതിനായി ദേശീയ-അന്തർദേശീയ തലത്തിൽ പ്രവർത്തിക്കുന്ന 500 ടൂർ ഓപ്പറേറ്റർക്കായുള്ള 'ഫാം ടൂ മലബാർ 500' പദ്ധതി നടപ്പിലാക്കി വരുന്നു.

പരാതി പരിഹാര സെൽ കൂടുതൽ വിപുലീകരിച്ച് ജനകീയമാക്കി. ഇതുവരെ 3289 പരാതികളാണ് ടോൾ ഫ്രീ നമ്പർ വഴി ലഭിച്ചത്. 1010 പരാതികൾ പരിഹരിച്ചു. 2279 എണ്ണം തുടർനടപടികളിലാണ്.

## തദ്ദേശസ്ഥാപനത്തിൽ ഒരു വിനോദസഞ്ചാരകേന്ദ്രം

ഒരു തദ്ദേശസ്ഥാപനത്തിൽ കുറഞ്ഞത് ഒരു വിനോദസഞ്ചാര കേന്ദ്രം എന്ന പദ്ധതി പ്രകാരം ആദ്യഘട്ടമായി 50 കോടി രൂപയാണ് ചെലവഴിക്കുക. ഇതുവരെ ഒൻപത് ഡെസ്റ്റിനേഷനുകൾക്ക് അനുമതി നൽകിക്കഴിഞ്ഞു. ■





പി.പ്രസാദ്
കൃഷി വകുപ്പ് മന്ത്രി

കേരളത്തിന്റെ കാർഷികസമൃദ്ധി വേരറ്റുപോകാതെ കാത്തുസൂക്ഷിക്കുന്നതിന് നവീനവും ശാസ്ത്രീയവുമായ രീതികൾ അവലംബിക്കുകയാണ് കൃഷിവകുപ്പ്. കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും സാമ്പത്തിക ഭദ്രത നേടുന്നതിനും കർഷകക്ഷേമം ഉറപ്പാക്കുന്നതിനും സർക്കാരിന് കഴിഞ്ഞു

# കാർഷികസമൃദ്ധിക്കായ് പുതുവഴികളിലേക്ക്



ഞങ്ങളും കൃഷിയിലേക്ക് തുടങ്ങിയ പദ്ധതികളിലൂടെ കാർഷികമേഖലയുടെ ഉന്നമനത്തിന് പുതിയ പാതകൾ സർക്കാർ തെളിച്ചുനൽകി. കൃഷിയിൽ നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും പഴയകാല അറിവുകൾ വീണ്ടെടുക്കുന്നതിനും പുതിയ വിത്തിനങ്ങൾ അവതരിപ്പിക്കുന്നതിലും വകുപ്പ് എന്നും മുന്നിലാണ്. പുതുതലമുറയെ കൃഷിയിലേക്ക് ആകർഷിക്കുന്നതിന് വൈഗ പോലുള്ള കാർഷിക പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുക, കൃഷിയിൽ നിന്ന് മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുക തുടങ്ങിയവയും മുന്നേറ്റത്തിന്റെ ജീവനാഡികളായി. സ്മാർട്ട് കൃഷിഭവൻ, മൂല്യവർധിത കൃഷിമിഷൻ, കുട്ടനാട് വികസന ഏകോപന കൗൺസിൽ എന്നിവയും എടുത്തുപറയത്തക്ക നേട്ടങ്ങളാണ്

## ഞങ്ങളും കൃഷിയിലേക്ക്

സമൂഹത്തെ കൃഷിമുറ്റത്തേക്കിറക്കുക, പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കൽ, സുരക്ഷിത ഭക്ഷണം എന്നിവ ലക്ഷ്യമിട്ട ജനകീയ പദ്ധതിയാണ് 'ഞങ്ങളും കൃഷിയിലേക്ക്'. വ്യക്തികൾക്കുപുറമെ കുടുംബങ്ങൾ, യുവാക്കൾ, സ്ത്രീകൾ, രാഷ്ട്രീയ, സന്നദ്ധസംഘടനകൾ, മതസംഘടനകൾ, സ്കൂളുകൾ, കോളജുകൾ തുടങ്ങി സമൂഹത്തിലെ മുഴുവൻ വിഭാഗങ്ങളും ഇതിൽ പങ്കാളികളാകുന്നു. ഒരു സെന്റ് മുതൽ ഒരു ഹെക്ടർ വരെയുള്ള സ്ഥലത്ത് കൃഷിയിറക്കാം.

തരിശുഭൂമികൾ പരമാവധി കൃഷിയോഗ്യമാക്കും. പദ്ധതിയിൽ ഉൾപ്പെടുന്ന കർഷകർക്കെല്ലാം കിസാൻ ക്രെഡിറ്റ് കാർഡ് ലഭ്യമാക്കും. മൂല്യവർധിത സംരംഭങ്ങൾക്ക് പ്രത്യേക പ്രോത്സാഹനം ലഭിക്കും. എല്ലാവിധ സാങ്കേതിക സഹായവും ലഭ്യമാക്കാൻ കൃഷിഭവനുകൾ കേന്ദ്രീകരിച്ച് പ്രത്യേക സംവിധാനങ്ങളും ഉണ്ടാവും.

കൃഷിയിലേക്കുള്ള താൽപര്യം ജനിപ്പിക്കാനും കാർഷികസംസ്കാരം വീണ്ടെടുക്കാനുമുള്ള വിവിധ പ്രചാരണ പരിപാടികൾ കൂടി ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുക,. എല്ലാ വ്യക്തികളിലും കാർഷിക സംസ്കാരം ഉണർത്തുക, അതുവഴി സ്ഥായിയായി നിലനിൽക്കുന്ന ഒരു കാർഷിക മേഖല കേരളത്തിൽ സൃഷ്ടിച്ചെടുക്കുക എന്ന സന്ദേശമാണ് 'ഞങ്ങളും കൃഷിയിലേക്ക്' എന്ന ബൃഹദ്പദ്ധതി വിഭാവനം ചെയ്യുന്നത്.

## കൃഷിദർശൻ

കൃഷി മന്ത്രിയും കൃഷിവകുപ്പിലെ സംസ്ഥാനതല ഉദ്യോഗസ്ഥരും സംസ്ഥാനത്തെ കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് കർഷകരോട് സംവദിച്ച് പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യുന്ന കൃഷിദർശൻ സംസ്ഥാനത്തു നടപ്പിലാക്കി വരുന്നു. ഈ പരിപാടിയിലൂടെ കർഷകരും കൃഷിവകുപ്പുമായുള്ള ബന്ധം കൂടുതൽ ദൃഢമാക്കുന്നുമുണ്ട്.

കർഷകരുമായി സംവദിക്കുന്നതിനു പുറമെ കൃഷി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ കർഷക ഭവന സന്ദർശനവും സംഘടിപ്പിക്കുന്നു. ഈ പരിപാടിയുടെ ഭാഗമായി കൃഷിക്കൂട്ടങ്ങളുടെ സംഗമവും നടത്തുന്നു.



## വിജയമുദ്രകൾ ഭാവിരേഖകൾ

- കാർഷികമേഖലയിലെ പദ്ധതികളുടെ ജനകീയ വിലയിരുത്തലുകൾക്കായി സോഷ്യൽ ഓഡിറ്റ് പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു. കോട്ടയം ജില്ലയിൽ കുരോപ്പട കൃഷിഭവനിലാണ് സോഷ്യൽ ഓഡിറ്റ് ആരംഭിച്ചത്. ആദ്യഘട്ടത്തിൽ 14 ജില്ലകളിൽ നിന്നായി 14 കൃഷിഭവൻ പ്രദേശങ്ങളിൽ സോഷ്യൽ ഓഡിറ്റ് നടത്താനാണ് പദ്ധതിയിട്ടിട്ടുള്ളത്.
- 14 കൃഷിഭവനുകൾകൂടി സ്മാർട്ട് ആക്കുന്നതിൻ നബാർഡിന് 21 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചു.
- കൃഷിക്കാരുടെ വരുമാനം, കാർഷികോൽപാദനക്ഷമത, ഉൽപന്നസംസ്കരണം, ഉൽപന്നങ്ങളുടെ വില, മൂല്യവർധിത പ്രവർത്തനങ്ങളിൽ നിന്നും മറ്റ് അനുബന്ധ മേഖലയിൽ നിന്നുമുള്ള വരുമാനങ്ങൾ എന്നിവയിൽ വർധനവ് വരുത്തുന്നതിനായി മൂല്യവർധിത കൃഷി മിഷൻ രൂപീകൃതമായി.
- RIDF-27 ൽ ഉൾപ്പെടുത്തി 14 കൃഷി ഭവനുകൾ സ്മാർട്ട് ആക്കുന്നതിന് 31.50 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ ഉൾപ്പെടുത്തി 28 കൃഷിഭവനുകൾ സ്മാർട്ട് ആക്കുന്നതിന് 10 കോടി രൂപയും അനുവദിച്ചു.

അസംരക്ഷിത വനമേഖലയിലും ഭൂനികുതി രസീതോ പാട്ടക്കരാറോ ഇല്ലാതെ കൃഷിചെയ്യുന്ന അസംഖ്യം കർഷകരുടെ ചിരകാല ആവശ്യമായിരുന്ന അവർക്കും കാർഷിക ആനുകൂല്യങ്ങളെല്ലാം ലഭ്യമാക്കണമെന്നത്. ഒല്ലൂക്കര കൃഷിദർശൻ വേദിയിൽ ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചു

രണ്ടാമത് കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്കിൽ സംഘടിപ്പിച്ച കൃഷിദർശൻ പരിപാടിയോടനുബന്ധിച്ചു നടന്ന കർഷക അദാലത്തിൽ വന്ന 36 പരാതികളിൽ 21 എണ്ണം തീർപ്പാക്കി.

വെജിറ്റബിൾ ഡെവലപ്മെന്റ് പ്രോഗ്രാം പദ്ധതിയിൽ ജലസേചനത്തിന് 50% ധനസഹായം നൽകാനും ഒരു യൂണിറ്റിന് പരമാവധി 10,000 രൂപയായി നിജപ്പെടുത്തി പമ്പ്സെറ്റിന്റെ കുതിരശക്തി നോക്കാതെ ധനസഹായം അനുവദിക്കാനും മാർഗനിർദേശം പുതുക്കി. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സംയോജിത കൃഷി പ്രോജക്ടുകളിൽ കൃഷി ഉദ്യോഗസ്ഥരെ നിർവഹണ ഉദ്യോഗസ്ഥർ ആയി നിയമിക്കുന്നതിന് അനുമതി നൽകി.

### വികസന സമീപനം

കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റായി കണക്കാക്കി ലഭ്യമായ വിഭവശേഷി ശാസ്ത്രീയമായി പരമാവധി ഉപയോഗപ്പെടുത്തുക വഴി സംസ്ഥാനത്തിന്റെ ഉൽപാദനത്തിൽ ഗണ്യമായ വർധന ഉണ്ടാക്കുന്നതിനും കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ഈ വർഷം കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിൻ തുടക്കമിടുന്നു. ഈ പരിപാടി നീർത്തടാടിസ്ഥാനത്തിൽ ആസൂത്രിതമായി സംഘടിപ്പിക്കും. വികസനത്തിന്റെ അടിസ്ഥാന യൂണിറ്റായി കണക്കാക്കപ്പെടുന്ന ഓരോ കൃഷിയിടവും തദ്ദേശഭരണസംവിധാനത്തിന്റെ പിന്തുണയോടെ കൃഷിഭവനുകൾ മുഖേന തിരഞ്ഞെടുക്കും. ഓരോ പഞ്ചായത്തിലും കുറഞ്ഞത് 25 യൂണിറ്റുകൾ വികസിപ്പിക്കും.

### കുട്ടനാട് വികസന ഏകോപന കൗൺസിൽ

കുട്ടനാടിന്റെ സമഗ്രവികസനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനും വിവിധ വകുപ്പുകളെ ഏകോപിക്കുന്നതിനും കുട്ടനാട് വികസന ഏകോപന കൗൺസിൽ പ്രവർത്തിച്ചു വരുന്നു.

കുട്ടനാട്ടിലെ നെൽപ്പാടങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പദ്ധതികളുടെ പൊതുവായ ആസൂത്രണവും നടത്തിപ്പും ഉറപ്പാക്കുക, സമഗ്ര ജലമാനേജ്മെന്റ് നടപ്പിലാക്കുക, നെൽക്കൃഷിയെ വെള്ളപ്പൊക്കത്തിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള സമഗ്ര പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുക, കാലം തെറ്റിയ മഴയും, വെള്ളപ്പൊക്കത്തിനും അനുയോജ്യമാകും വിധം കാർഷികകലണ്ടറും കൃഷിരീതിയും നടപ്പിലാക്കുക, വിളനാശവും അടിസ്ഥാനസൗകര്യങ്ങളുടെ നാശനഷ്ടങ്ങളും പരമാവധി കുറയ്ക്കുന്നതിനുള്ള പദ്ധതികൾ കണ്ടെത്തി നടപ്പിലാക്കുക, കുട്ടനാട്ടിലെ കാർഷിക പ്രവർത്തനങ്ങൾ യന്ത്രവൽക്കൃതമാക്കുക. അതിനാവശ്യമായ യന്ത്രങ്ങൾ സമാഹരിക്കുക എന്നിവയാണ് കൗൺസിലിന്റെ ലക്ഷ്യങ്ങൾ.

### പച്ചത്തേങ്ങ/ കൊപ്ര സംഭരണം

കേരകർഷകരോടൊപ്പം എന്നും നിലനിന്നിട്ടുള്ള സർക്കാർ നാളികേരത്തിന്റെ സംഭരണവില 27 രൂപയിൽ നിന്നും 32 രൂപയായി വർധിപ്പിച്ചു. വിവിധ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ, കേരഫെഡ് എന്നിവയുടെ 145 സംഭരണകേന്ദ്രങ്ങൾ മുഖാന്തരവും 22 സഞ്ചരിക്കുന്ന സംഭരണവാഹനങ്ങൾ വഴിയും ആകെ 167 സംഭരണ കേന്ദ്രങ്ങൾവഴി പച്ചത്തേങ്ങ സംഭരിക്കുന്നു. ഇതോടൊപ്പം 84 സംഭരണ കേന്ദ്രങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഇത്തരം കേന്ദ്രങ്ങൾ വഴി 17,626 കർഷകരിൽ നിന്നും 6,206.23 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിക്കുകയും 19.71 കോടി രൂപയോളം കർഷകർക്ക് നൽകുകയും ചെയ്തു. സംഭരണം തുടരുകയുമാണ്. 50,000 മെട്രിക് ടൺ കൊപ്ര സംഭരിക്കാനാണ് നാഫെഡ് ലക്ഷ്യം. ■



കെ, രാധാകൃഷ്ണൻ
പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗ വികസനം
ദേവസ്വം- പാർലമെന്ററികാര്യം വകുപ്പ് മന്ത്രി

# ഉന്നതിക്ക് ചിറകുകളേകി പുരോഗതിക്ക് പടവുകൾ പാകി



പുതു തലമുറ കോഴ്സുകൾക്കും സി എ, സി എസ്, ഐ സി ഡബ്യു എ തുടങ്ങിയ പ്രഫഷണൽ കോഴ്സുകൾക്കും പട്ടിക വിഭാഗം വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചു.

ഐ ഐ എം, ഐ ഐ ടി, കൽപ്പിത സർവകലാശാലകൾ എന്നിവിടങ്ങളിൽ പഠിക്കുന്ന വിദ്യാർഥികൾക്കും ഇനി മുതൽ സ്കോളർഷിപ്പ് ലഭിക്കും. പട്ടികജാതി, പട്ടികവർഗ വിദ്യാർഥികൾക്ക് ഫീസൊന്നും അടയ്ക്കാതെ പ്രവേശനം ലഭ്യമാക്കുന്ന ഫ്രീ ഷിപ്പ് കാർഡുകൾ അടുത്ത അധ്യയന വർഷം മുതൽ ലഭ്യമാകും.

ലംപ്സം ഗ്രാന്റ്, സ്റ്റൈപൻഡ്, പോക്കറ്റ് മണി എന്നിവയെല്ലാം സ്റ്റേറ്റ് അക്കാദമിക് അലവൻസ് എന്ന പേരിൽ ഒറ്റത്തവണയായി നൽകുവാൻ തീരുമാനമായിട്ടുണ്ട്. വിദൂര-ഓൺലൈൻ-പാർട്ട്ടൈം-ഈവനിങ്ങ് കോഴ്സുകൾക്കും ഈ സർക്കാർ സ്കോളർഷിപ്പ് ലഭ്യമാക്കി.

എം.ഫിൽ, പി.എച്ച്.ഡി. കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർഥികൾക്ക് വകുപ്പ് നൽകുന്ന സ്കോളർഷിപ്പ് ആനുകൂല്യത്തിന് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 33 വയസ്സിൽ നിന്നും

വിദ്യാഭ്യാസത്തിലൂടെ സാമൂഹിക പുരോഗതി എന്ന ലക്ഷ്യത്തിലൂന്നിയാണ് പട്ടികജാതി, പട്ടികവർഗ, പിന്നാക്കവിഭാഗവികസന വകുപ്പ് പ്രവർത്തിക്കുന്നത്. ഭൂമിയും വീടും ലഭ്യമാക്കൽ, തൊഴിൽ, അടിസ്ഥാനസൗകര്യ വികസനം, ആരോഗ്യം തുടങ്ങിയ മേഖലകളിലെ പട്ടികവിഭാഗ-പിന്നാക്കവിഭാഗ ജനതയുടെ ഉയർച്ചയും വകുപ്പ് ലക്ഷ്യമിടുന്നു

40 വയസ്സായും സ്കോളർഷിപ്പ് ആനുകൂല്യം ലഭിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 40-ൽനിന്നും 45 വയസ്സായും ഉയർത്തി.

## വിദേശ വിദ്യാഭ്യാസം

ലോകത്തിന്റെ ഏതു കോണിലുമുള്ള പുതിയ വിദ്യാഭ്യാസ സമ്പ്രദായങ്ങളും അവസരങ്ങളും എസ്.സി, എസ്.ടി, ഒബിസി വിദ്യാർഥികൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതി പ്രകാരം രണ്ടാം പിണറായി സർക്കാർ അധികാരത്തിലെത്തിയ ശേഷം 390 പേർക്ക് വിദേശ പഠന സ്കോളർഷിപ്പ് നൽകാനായി. പി.ജി പഠനത്തിന് പട്ടികവിഭാഗം വിദ്യാർഥികൾക്ക് 25 ലക്ഷം രൂപ വരെയും പിന്നാക്ക വിഭാഗം വിദ്യാർഥികൾക്ക് 10 ലക്ഷം രൂപ വരെയും ഗ്രാന്റ് നൽകുന്നു. വിംഗ്സ് പദ്ധതി പ്രകാരം ഇതുവരെ ആറ് പേർക്ക് സ്കോളർഷിപ്പ് അനുവദിച്ചു 150 പട്ടികവർഗ വിഭാഗം കുട്ടികൾക്ക് എയർപോർട്ട്-എയർലൈൻ മാനേജ്മെന്റ് കോഴ്സുകളിൽ പരിശീലനം നൽകി ജോലി ലഭ്യമാക്കി.

## വരുമാനദായകമായ തൊഴിൽ

പ്രൊഫഷണൽ കോഴ്സുകൾ പാസ്സായവരെ സർക്കാർ സംവിധാനത്തിൽ തൊഴിൽ പരിശീലനത്തിനും നൈപുണ്യവികസനത്തിനും പ്രവൃത്തി പരിചയത്തിനുമായി ഓണറേറിയം നൽകി വിവിധ വകുപ്പുകൾക്ക് കീഴിൽ രണ്ട് വർഷ കാലയളവിലേക്ക് നിയമിക്കുന്നതിനുള്ള നടപടി ആരംഭിച്ചു. ഐ.ടി.ഐ./പോളിടെക്നിക്/ബി.ടെക് യോഗ്യതയുള്ള 500 പട്ടിക വിഭാഗക്കാർക്ക് അക്രഡിറ്റഡ് എഞ്ചിനീയർമാരായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിയമനം നൽകി. ഇവരിൽ 300 പേർ പട്ടികജാതിക്കാരും 200 പേർ പട്ടികവർഗക്കാരുമാണ്. MSW യോഗ്യതയുള്ള 60 പട്ടികജാതി വിഭാഗക്കാരെ പട്ടികജാതി വികസന വകുപ്പിലും 54 പേരെ പട്ടികവർഗ വികസന വകുപ്പിലും സോഷ്യൽ വർക്കർമാരായി നിയമിച്ചു. അപ്രന്റീസ് ക്ലർക്കുമാരായി 380 പേർക്ക് നിയമനം നൽകി.

പട്ടികജാതി പ്രൊമോട്ടർമാരായി 1216 പേരെയും പട്ടികവർഗ പ്രൊമോട്ടർമാരായി 1182 പേരെയും ചേർത്ത് 2,398 പ്രമോട്ടർമാരെ തദ്ദേശസ്ഥാപനാടിസ്ഥാനത്തിൽ നിയമിച്ചു. പട്ടികവർഗവിഭാഗത്തിലെ 500 പേരെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. എക്സൈസ് ഗാർഡ് തസ്തികയിൽ 200 പട്ടികവിഭാഗക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഭൂമിയും പാർപ്പിടവും

തിരുവനന്തപുരം ചെറ്റച്ചലിൽ 20 വർഷമായി നടന്നുവരുന്ന ഭൂസമരം അവസാനിപ്പിക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. ചെങ്ങറയിലും ഇടുക്കിയിലെ ചിന്നക്കനാലിലും പാലക്കാട് മുതലമടയിലും വയനാട്ടിലെ മരിയനാട്, മല്ലികപ്പാറ എന്നിവിടങ്ങളിലും ഭൂപ്രശ്നം പരിഹരിക്കുന്നതിനായി പട്ടികജാതി പട്ടികവർഗ വികസന വകുപ്പ്, റവന്യൂ-വനം വകുപ്പുകളുമായി ചേർന്ന് നടപടികൾ ആരംഭിച്ചു.

ഭൂരഹിതരായ 4020 പട്ടികജാതി കുടുംബങ്ങൾക്ക് 2021-22 ൽ 158.60 കോടി രൂപ ചെലവിട്ട് ഭൂമി വാങ്ങി



നൽകി. ഈ വർഷം 5,000 പേർക്കു കൂടി ഭൂമി വാങ്ങി നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി 180 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2022-23 ൽ ഇതേവരെ 71.71 കോടി രൂപ ചെലവഴിച്ച് 1840 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകി. വനാവകാശ നിയമപ്രകാരം 1369 പേർക്കും ലാൻഡ് ബാങ്ക് പദ്ധതി യിൽ ഉൾപ്പെടുത്തി 198 പേർക്കും നിക്ഷിപ്ത വനഭൂമി വിതരണത്തിലൂടെ 80 പേർക്കും ഉൾപ്പെടെ ആകെ 1647 പേർക്കും 1752.25 ഏക്കർ ഭൂമി വിതരണം ചെയ്തു.

പട്ടികജാതി പട്ടികവർഗവികസനവകുപ്പിന്റെ ധനസഹായത്തോടെ ഭൂമി വാങ്ങുന്നതിന് ഗുണഭോക്താക്കൾ നൽകേണ്ടിയിരുന്ന രജിസ്ട്രേഷൻ ഫീസ് പൂർണ്ണമായും ഒഴിവാക്കി.

പട്ടികജാതിയിലെ ദുർബല വിഭാഗക്കാരായ അരുന്ധതീയർ, ചക്ലിയൻ, നായാടി, കള്ളാടി, വേടൻ എന്നീ വിഭാഗങ്ങൾക്ക് പാർപ്പിടമൊരുക്കാൻ 7.5 ലക്ഷം രൂപവരെ നൽകും. തൊഴിൽസംരംഭത്തിന് അഞ്ച് ലക്ഷം രൂപവരേയും നൽകും. ഭവനനിർമ്മാണം, കുടുംബാംഗങ്ങളുടെ ചികിത്സ, കുട്ടികളുടെ വിദ്യാഭ്യാസം, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്കായി പട്ടികജാതിക്കാർക്ക് ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ലഭ്യമായ ഭൂമി പണയപ്പെടുത്താൻ അനുമതി നൽകി. ഭൂരഹിത പുനരധിവാസ പദ്ധതിക്ക് അപേക്ഷ നൽകുന്നതിനുള്ള പ്രായപരിധി 55ൽ നിന്നും 70 ആയും വരുമാനപരിധി 50,000 രൂപയിൽ നിന്നും ഒരുലക്ഷം രൂപയുമാക്കി ഉയർത്തി.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021-22ൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 278 കോടി രൂപയും പട്ടികവർഗവിഭാഗത്തിൽപ്പെട്ടവർക്ക് 140 കോടി രൂപയും ചേർത്ത് ആകെ 418 കോടി രൂപ ലൈഫ് മിഷന് കൈമാറി. 2022-23ൽ പട്ടികജാതിവികസനവകുപ്പ് 300 കോടി രൂപയും പട്ടികവർഗവികസന വകുപ്പ് 140 കോടി രൂപയും ലൈഫ് മിഷന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

പട്ടികജാതിക്കാർക്കായി അനുവദിച്ചതും 10 വർഷങ്ങളായി പൂർത്തിയാകാതെ കിടന്നതുമായ 4,978 ഭവനങ്ങൾ പൂർത്തിയാക്കാൻ ഭവന പൂർത്തീകരണപദ്ധതിവഴി സാധിച്ചു. പട്ടികവർഗക്കാരുടെ സങ്കേതങ്ങൾക്ക് പുറത്തുള്ള ഭവനനിർമ്മാണസഹായം ആറ് ലക്ഷമാക്കി ഉയർത്തി.

വീടുകളുടെ അറ്റകുറ്റപ്പണി, പൂർത്തീകരണം, നവീകരണം എന്നിവയ്ക്കായി ആരംഭിച്ച SAFE പദ്ധതി പ്രകാരം പട്ടികജാതി വിഭാഗക്കാർക്ക് രണ്ടുലക്ഷം രൂപവരെയും ദുർബല വിഭാഗക്കാർക്ക് 2.5 ലക്ഷം രൂപവരേയും പട്ടികവർഗക്കാർക്ക് 2.5 ലക്ഷം രൂപവരേയും അനുവദിക്കുന്നു. അംബേദ്കർ ഗ്രാമ/ഊര് വികസന പദ്ധതിയിൽ 2012-13 മുതൽ 2018-19 വരെയുള്ള പ്രവൃത്തികളുടെ 90% പ്രവൃത്തികളും പൂർത്തീകരിച്ചു. 2021-22 വർഷം 49,75,93,342/ രൂപ ചെലവഴിച്ചു. 202 പുതിയ കേന്ദ്രങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു.



വയനാട്ടുനിന്നും ബീറ്റ്ഫോറസ്റ്റ് പോലീസ് ഓഫീസർമാരായി നിയമനം ലഭിച്ചവരിൽ ചിലർ

## വൈദ്യുതി-ഇന്റർനെറ്റ് കണക്ടിവിറ്റി-റോഡ്

19 പട്ടികവർഗ കോളനികളിൽ വൈദ്യുതി എത്തിക്കുകയും ഇന്റർനെറ്റ് കണക്ടിവിറ്റി ഇല്ലാത്ത 1284 കോളനികളിൽ 1083 എണ്ണത്തിലും കണക്ടിവിറ്റി ലഭ്യമാക്കുകയും ചെയ്തു. ദീർഘകാലമായി ഇടമലക്കുടി നിവാസികളുടെ ആവശ്യമായിരുന്ന ഇടമലക്കുടിയിലേക്കുള്ള റോഡ് നിർമ്മാണത്തിന് 13.70 കോടി രൂപയും ഇന്റർനെറ്റ് കണക്ടിവിറ്റിക്ക് 4.31 കോടി രൂപയും അനുവദിച്ചു.

പട്ടികജാതിക്കാരുടെ വീടുകളിൽ സോളാർ വൈദ്യുതി ലഭ്യമാക്കി ഹരിത വരുമാനമാർഗം എത്തിക്കുന്നതിന് പട്ടികവർഗ വികസന വകുപ്പിൽ നിന്നും 4.20 കോടി രൂപ അനർട്ടിന് കൈമാറി. അഗളി-ചാളയൂരിൽ മൂന്ന് സൗരോർജപ്ലാന്റ് സ്ഥാപിച്ചതുവഴി ഇന്നേവരെ ആറ് ലക്ഷം രൂപയുടെ വരുമാനം ഊരുകൂട്ട സമിതിക്ക് ലഭിച്ചിട്ടുണ്ട്.

## എബിസിഡി പദ്ധതി

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പാക്കിയ ഒരു പദ്ധതിയാണ് എബിസിഡി (Akshaya Big Campaign for Document Digitalisation). പട്ടികവർഗ വിഭാഗക്കാരുടെ ആധികാരിക രേഖകൾ എക്കാലത്തേക്കുമായി ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുകയും വിവിധ കാരണങ്ങളാൽ മതിയായ രേഖകൾ ഇല്ലാത്തവർക്കും നഷ്ടപ്പെട്ടവർക്കും സർക്കാർ

## വിജയമുദ്രകൾ ഭാവിരേഖകൾ

- മാതാപിതാക്കൾ നഷ്ടപ്പെട്ട പട്ടികവർഗകുട്ടികൾക്കുള്ള കൈത്താങ്ങ് പദ്ധതി സഹായം 2000 ആയി ഉയർത്തി.
- പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം 1,25,000 രൂപയായി വർധിപ്പിച്ചു; പട്ടികവർഗവിഭാഗക്കാർക്ക് 1.5 ലക്ഷം രൂപയായി ഉയർത്തി.
- മിശ്രവിവാഹിതരായ 2134 പേർക്ക് കുടിശികയുണ്ടായിരുന്ന 16,00,50,000 രൂപ അനുവദിച്ചു. പുതുതായി 2881 പേർക്ക് 21,60,75,000 രൂപയും പട്ടികവർഗവിഭാഗത്തിലെ മിശ്രവിവാഹിതരായ 70 പേർക്ക് 40,25,000 രൂപയും അനുവദിച്ചു.
- പട്ടികവർഗവിഭാഗത്തിലെ 60 കഴിഞ്ഞ എല്ലാവർക്കും മുഖ്യമന്ത്രിയുടെ ഓണസമ്മാനമായി 1000 രൂപവീതം നൽകിവരുന്നു.
- ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബത്തിന് ധനസഹായകുടിശിക 4,29,50,000 രൂപയും അഞ്ച് പട്ടികവർഗ കുടുംബങ്ങൾക്ക് 7,50,000 രൂപയും അനുവദിച്ചു. 2125 പട്ടികജാതി കുടുംബങ്ങൾക്കായി 40,72,00,000 രൂപയും പട്ടികവർഗ വിഭാഗത്തിലെ 61 കുടുംബങ്ങൾക്കായി 1,08,75,000 ലക്ഷം രൂപയും അനുവദിച്ചു.
- മെഡിക്കൽ അനുബന്ധ കോഴ്സുകൾക്ക് പഠിക്കുന്ന പിന്നാക്കവിഭാഗ വിദ്യാർഥിനികളിൽ പിതാവോ മാതാവോ രണ്ടുപേരുമോ നഷ്ടപ്പെട്ടാൽ 50,000 രൂപവരെ സാമ്പത്തിക സഹായം.
- 500 പട്ടിക വിഭാഗക്കാർക്ക് അക്രഡിറ്റഡ് എഞ്ചിനീയർമാരായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിയമനം നൽകി.
- എല്ലാ ഐ.റ്റി.ഐകളിലും നിലവിലുള്ള ട്രേഡുകളിൽ പുതുതലമുറ കോഴ്സുകൾ കൂട്ടിച്ചേർത്തു.
- 8-ാംക്ലാസ്സ് മുതൽ 12-ാംക്ലാസ്സുവരെയുള്ള പട്ടികജാതി വിദ്യാർഥികൾക്കായി 9122 പഠനമുറികൾ പൂർത്തീകരിച്ചു. പട്ടികവർഗവിഭാഗത്തിന് 322 സാമൂഹ്യപഠനമുറികളും പൂർത്തിയാക്കി. അഞ്ചാം ക്ലാസ്സ് മുതലുള്ള വിദ്യാർഥികൾക്കും കേന്ദ്രീയവിദ്യാലയങ്ങളിലെ പട്ടികജാതിവിദ്യാർഥികൾക്കും

  പഠനമുറി ആനുകൂല്യം അനുവദിക്കാൻ തീരുമാനിച്ചു.
- കേരളത്തിലെ മുഴുവൻ പട്ടികജാതി/വർഗ കുടുംബങ്ങളുടേയും സർവെ പൂർത്തീകരിച്ച് വിലയിരുത്തി മൈക്രോ ലെവൽ പ്ലാനിങ്ങ് നടപ്പാക്കും.
- വൈദ്യുതി, ഇന്റർനെറ്റ്, ഗതാഗത സൗകര്യം എന്നിവയില്ലാത്ത പട്ടികവർഗകോളനികളിൽ എല്ലാത്തരം കണക്ടിവിറ്റിയും ഒരു വർഷത്തിനകം എത്തിക്കും.
- പഠനമുറികൾ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന പദ്ധതിക്കായി ഈ വർഷം സംസ്ഥാന സർക്കാർ 2.08 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. രണ്ട് വർഷത്തിനകം  പദ്ധതി കേരളമാകെ വ്യാപിപ്പിക്കും.
- ഗോത്രവർഗ സ്വാതന്ത്ര്യസമര പോരാളികളുടെ മ്യൂസിയം സ്ഥാപിക്കുന്നതിന് വയനാട് സുഗന്ധഗിരിയിൽ 20 ഏക്കർ സ്ഥലം അനുവദിച്ചു.

  നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചു.
- പട്ടികവർഗവികസനവകുപ്പിലും ജ്വാല

  (ജസ്റ്റിസ് വെൽഫയർ ആന്റ് ലീഗൽ അസിസ്റ്റൻസ് ) നടപ്പാക്കുന്നു.
- ശബരിമല തീർഥാടകർക്കും പൊതുജനങ്ങൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന ഏഴ് ഇടത്താവളങ്ങൾ 118 കോടി രൂപയുടെ കിഫ്ബി സഹായത്തോടെ പൂർത്തിയാകുന്നു. കഴക്കൂട്ടം, നിലയ്ക്കൽ, എരുമേലി, ചെങ്ങന്നൂർ, ചിറക്കര, മണിയംകോട്, ശുകപുരം എന്നിവിടങ്ങളിലാണ് ഇടത്താവളങ്ങൾ.

ആനുകൂല്യങ്ങൾ ലഭിക്കാതെ പോകുന്ന സാഹചര്യം ഒഴിവാക്കുകയുമാണ് പ്രധാന ലക്ഷ്യങ്ങൾ.

### ആരോഗ്യം

മുൻവർഷങ്ങളിലായി 835 പട്ടികജാതി വിഭാഗക്കാർക്ക് നൽകുവാനുണ്ടായിരുന്ന ചികിത്സാധനസഹായ കുടിശികത്തുക 95,29,000 രൂപയും 27 പട്ടികവർഗവിഭാഗക്കാർക്ക് നൽകുവാനുണ്ടായിരുന്ന 16,80,000 രൂപയും കൊടുത്തുതീർത്തു. കൂടാതെ ഈ സർക്കാർ വന്നതിനുശേഷം 25,655 പട്ടികജാതിക്കാർക്കായി 57,07,76,687 രൂപയും 86,567 പട്ടികവർഗക്കാർക്കായി 35,05,24,400 രൂപയും ചികിത്സ ധനസഹായം അനുവദിച്ചു. ജനനി ജന്മരക്ഷാ പദ്ധതിയിൽ മുൻകാലങ്ങളിലെ കുടിശിക തീർത്തുനൽകി. പദ്ധതിക്കായി 26.50 കോടി രൂപ 2021-22 വർഷം ചെലഴിച്ചു.

ഗർഭിണികളുടെയും, കൗമാരപ്രായക്കാരുടേയും പോഷണ നിലവാരം പരിശോധിക്കുന്നതിന് യൂണിസെഫ് സഹായത്തോടെ പ്രത്യേക പദ്ധതി ആവിഷ്കരിച്ചു. പട്ടികജാതി വിദ്യാർഥികൾക്കുള്ള ഹെൽത്ത് കാർഡ് വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

### എൻ ഊര് ഗോത്രപൈതൃക ഗ്രാമം

ആദിവാസി വിഭാഗങ്ങൾക്ക് മികച്ച വരുമാനമൊരുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച എൻ ഊര് വയനാട് ജില്ലയിലെ ഏറ്റവും പ്രധാന വിനോദ സഞ്ചാര കേന്ദ്രമായി മാറിയിട്ടുണ്ട്. കേരളത്തിലെ മറ്റ് പട്ടികവർഗസങ്കേതങ്ങളിലും സമാനമായ പദ്ധതികൾ ആലോചിച്ചുവരുന്നു. ■



പി.രാജീവ്
വ്യവസായ വകുപ്പ് മന്ത്രി

**സാമൂഹികവികസനമാതൃകയിൽ കേരളത്തിന്റെ സമ്പന്നമായ പാരമ്പര്യം ദേശീയ, അന്തർദേശീയതലങ്ങളിൽ അംഗീകരിക്കപ്പെട്ടതാണ്. ആരോഗ്യം, വിദ്യാഭ്യാസം, ലിംഗസമത്വം എന്നിവയുമായി ബന്ധപ്പെട്ട സുസ്ഥിര വികസന ലക്ഷ്യങ്ങൾ തേടുന്നതിലും അവ നിറവേറ്റുന്നതിലും കേരളം എന്നും മുന്നിലാണ്. ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടതും അഭിനന്ദനം അർഹിക്കുന്നതുമായ ഈ നേട്ടങ്ങളുടെ തുടർച്ചയായും ഉത്തരവാദിത്വമുള്ള വ്യാവസായിക നിക്ഷേപകേന്ദ്രമെന്ന നിലയിലും മാറാൻ കേരളം ഒരുങ്ങുകയാണ്**



# ഉയരുന്നു
## നവ വ്യവസായകേരളം

പൊതുമേഖലാ സ്ഥാപനങ്ങളെ ആധുനികീകരിച്ചും സംരംഭങ്ങളുടെ എണ്ണത്തിൽ വലിയ വർധനവുണ്ടാക്കിയും ബിസിനസ് ആരംഭിക്കുന്നതിനുള്ള കടമ്പകൾ ലഘൂകരിച്ചും സംരംഭകരോട് നേരിട്ട് ഇടപെട്ട് ലോകോത്തര വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചും കേരളം മുന്നേറുകയാണ്. പരമ്പരാഗതമേഖലകളെ ശക്തിപ്പെടുത്തുന്നതിലൂടെ സംസ്ഥാനം സവിശേഷമായ വ്യവസായമാതൃകയും സൃഷ്ടിക്കുന്നു.

### കേരളാ പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ്

വെള്ളൂരിൽ കേരളാ പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ് വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദനം തുടങ്ങി. മംഗളം, ദി ഹിന്ദു പത്രങ്ങൾ ഇവിടെ നിർമ്മിച്ച പേപ്പറിൽ പ്രിന്റ് ചെയ്തു. 3000 കോടി രൂപ വിറ്റുവരവുള്ള സ്ഥാപനമായി വികസിപ്പിക്കുകയാണ് ലക്ഷ്യം. പുനരുദ്ധാരണപ്രവർത്തന ങ്ങളുടെ ആദ്യ രണ്ട് ഘട്ടങ്ങൾ പൂർത്തിയായി.

### കേരള റബ്ബർ ലിമിറ്റഡ്

കേരള റബ്ബർ ലിമിറ്റഡിന് വെള്ളൂരിൽ തറക്കല്ലിട്ടു. ആയിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനൊപ്പം റബ്ബർ കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടാനും സംരംഭം കാരണമാകും.

### കെ.ഇ.എൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ്

ബി.എച്ച്.ഇ.എൽ ന് ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിൽ ഉണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാർ വാങ്ങി, പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റിയാണ് കെൽ-ഇ.എം.എലിന്റെ പ്രവർത്തനം. 77 കോടിയോളം രൂപ ചെലവഴിച്ചാണ് സ്ഥാപനം ഏറ്റെടുത്തത്.

### സംരംഭകവർഷം പദ്ധതി

വിവിധ വകുപ്പുകളുടെ സഹകരണത്തോടെയാണ് സംരംഭക വർഷം പദ്ധതി. 2022-23 സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷം സംരംഭങ്ങൾ ലക്ഷ്യമാക്കി പ്രവർത്തിച്ചപ്പോൾ 245 ദിവസങ്ങൾക്കുള്ളിൽ അത്രയെണ്ണം തുടങ്ങാനായി. 1,30,000 സംരംഭങ്ങൾക്കാണ് തുടക്കമായത്. 7,900 കോടി രൂപയുടെ നിക്ഷേപവും 2,81,333 തൊഴിലവസരങ്ങളുമുണ്ടായി.

### ലൈസൻസുകൾ അതിവേഗം

വ്യവസായ സംരംഭങ്ങൾക്ക് അംഗീകാരപത്രം നൽകുന്ന ഓൺലൈൻ ഏകജാലക സംവിധാനമായ കെ-സ്വിഫ്റ്റിന്റെ പുതിയ പതിപ്പ് തുടങ്ങി. 21 വകുപ്പുകളിലായി 90-ലധികം സേവനങ്ങൾ പോർട്ടലിലൂടെ നൽകിവരുന്നു. കൂടുതൽ വകുപ്പുകളുടെ സേവനം കെ-സ്വിഫ്റ്റിൽ ഉൾപ്പെടുത്തും.

### ഏഴ് ദിവസത്തിനുള്ളിൽ അനുമതി

50 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ളതും അല്ലാത്തതുമായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ വിവിധ ലൈസൻസുകൾ, ക്ലിയറൻസുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ നൽകുന്നതിനുള്ള അപേക്ഷകൾ ഏഴ് ദിവസത്തിനുള്ളിൽ തീർപ്പാക്കുകയാണ്.

## പരാതിപരിഹാര സംവിധാനം

വ്യവസായമേഖലയെ ക്രിയാത്മകമായി രൂപപ്പെടുത്തുന്നതിന്റെ ഭാഗമാണ് പരാതിപരിഹാര സംവിധാനം. സിവിൽ കോടതിയുടെ അധികാരമുള്ള സംവിധാനമാണിത്. അഞ്ച് കോടി രൂപ വരെ മുടക്കിയുള്ള വ്യവസായങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാതലത്തിലും അതിനു മുകളിൽ മുതൽമുടക്കുള്ളവ സംസ്ഥാനതലത്തിലും ഇതുവഴി പരിഹരിക്കാം. ഓരോ ജില്ലയിലും പരാതി പരിഹാര സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

## 'മീറ്റ് ദി മിനിസ്റ്റർ'

**നിക്ഷേപകരുടെ പ്രശ്നങ്ങൾ മനസിലാക്കുന്നതിനായി 13 ജില്ലകളിൽ നടന്ന 'മീറ്റ് ദി മിനിസ്റ്റർ' പരിപാടിയിലൂടെ ലഭിച്ച 1516 പരാതികളിൽ 1137 പരാതികളും പരിഹരിച്ചു.**

## 'മീറ്റ് ദി ഇൻവെസ്റ്റർ'

100 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപ സന്നദ്ധതയുള്ള സംരംഭങ്ങളും സ്ഥാപനങ്ങളുമായി വ്യവസായ മന്ത്രിയും ഉന്നത ഉദ്യോഗസ്ഥരും നടത്തുന്ന ആശയ വിനിമയ വേദിയാണ് 'മീറ്റ് ദി ഇൻവെസ്റ്റർ'. 7,000 കോടി രൂപ നിക്ഷേപമുള്ള 19 പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്.

## ലോകോത്തര നിക്ഷേപക പദ്ധതികൾ

- **കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി**

**കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി വ്യവസായവത്ക്കരണവും പുരോഗതിയും കൈവരിക്കുന്നതിനായുള്ള പ്രത്യേക പദ്ധതിയാണ്. 10,000 കോടി രൂപയുടെ നിക്ഷേപവും. 22,000 ത്തോളം നേരിട്ടും 80,000 ത്തോളം പരോക്ഷവുമായ തൊഴിൽ അവസരങ്ങളുമാണ് പ്രതീക്ഷിക്കുന്നത്.**

**•ബയോ 360° -ലൈഫ് സയൻസസ് പാർക്ക്**

കേരളത്തിലെ ആദ്യത്തെ ലൈഫ് സയൻസസ് പാർക്കാണ് ബയോ 360° . ബയോടെക്നോളജി, നാനോടെക്നോളജി, ലൈഫ് സയൻസസ് മേഖലകളിൽ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങൾ, സയൻസ്-ടെക് അക്കാദമികൾ, കമ്പനികൾ എന്നിവയുടെ ക്ലസ്റ്ററായിരിക്കും ഇത്.

## സ്വകാര്യ വ്യവസായ പാർക്കുകൾ

കേരളത്തിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നതിനായാണ് 'സ്വകാര്യ വ്യവസായ പാർക്ക്' പദ്ധതി. നാല് പാർക്കുകൾക്ക് നിർമ്മാണമാരംഭിക്കുന്നതിന് അനുമതി നൽകി. 10 ഏക്കറിലധികം ഭൂമി ഉള്ള വ്യക്തികൾ, സ്വകാര്യ കമ്പനികൾ, സഹകരണ സംഘങ്ങൾ തുടങ്ങിയവർക്ക് സർക്കാർ സഹായത്തോടെ വ്യവസായ പാർക്കുകൾ തുടങ്ങാം. പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ ഒരു ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി മൂന്ന് കോടി രൂപ വരെ നൽകും.

കൊച്ചിയിൽ കിൻഫ്ര അന്താരാഷ്ട്ര എക്സിബിഷൻ - കം- കൺവെൻഷൻ സെന്ററിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ചേർത്തല മെഗാ സീ ഫുഡ് പാർക്ക് സജ്ജമാണ്. കാക്കനാട്ട് 66.87 ഏക്കർ സ്ഥലത്ത് ഇലക്ട്രോണിക്സ്, അനുബന്ധ യൂണിറ്റുകൾ



ക്കായി ഒരു ഇലക്ട്രോണിക് മാനുഫാക്ചറിങ് ക്ലസ്റ്റർ ഡിസംബറോടെ പൂർത്തീകരിക്കും.

## പൊതുമേഖല സ്ഥാപനങ്ങൾ ഉയരങ്ങളിലേക്ക്

**41 പൊതുമേഖല സ്ഥാപനങ്ങൾ 384.68 കോടി രൂപയുടെ പ്രവർത്തനലാഭം കൈവരിച്ചു. 23 പൊതുമേഖല സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു. മറ്റ് പൊതുമേഖല സ്ഥാപനങ്ങൾ നഷ്ടം കുറച്ച് വരികയാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 245.6% വർധനവാണ് പ്രവർത്തന ലാഭത്തിൽ ഉണ്ടായത്.. ഏറ്റവും ഉയർന്ന പ്രവർത്തന ലാഭം (332.2 കോടി രൂപ) കൊല്ലം ചവറയിലെ കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് (കെ .എം. എം. എൽ) കൈവരിച്ചു.**

**50 വർഷം പൂർത്തിയാക്കുന്ന വർഷം തന്നെ കെൽട്രോൺ സ്ഥാപനത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ വിറ്റുവരവും പ്രവർത്തനലാഭവും രേഖപ്പെടുത്തി. 2021-22ൽ 521.48 കോടി രൂപയുടെ വിറ്റുവരവിൽ കമ്പനി 39.10 കോടി രൂപ ലാഭം നേടി.**

## പരമ്പരാഗത മേഖലകളുടെ ശക്തിപ്പെടുത്തൽ

**കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന് 2021-22 സാമ്പത്തിക വർഷം 226 കോടി രൂപയുടെ വിറ്റുവരവ് നേടാനായി. 200 കോടി രൂപയുടെ കയർ ഉൽപന്നങ്ങൾ കയറ്റുമതി ചെയ്തു. നൂതനമായ ഉൽപന്നങ്ങളും ഡിസൈനുകളും വികസിപ്പിക്കുന്നതിനായി ഉൽപന്ന വികസന കേന്ദ്രവും സ്ഥാപിച്ചു. 875 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 1.68 ലക്ഷം ചതുരശ്രമീറ്റർ കയർഭൂവസ്ത്രം പദ്ധതികൾക്കായി വിനിയോഗിക്കാമെന്ന ധാരണ പത്രം ഒപ്പിട്ടു. കൊൽക്കത്തയിൽ കയർ ഫെഡ് സ്വന്തമായി ഷോറൂം തുറന്നു. തൊഴിലാളികളുടെ അടിസ്ഥാന ശമ്പളം 667 രൂപയാക്കി ഉയർത്തി.**

## വിജയമുദ്രകൾ ഭാവിരേഖകൾ

- സംസ്ഥാന സർക്കാർ പുതിയ വ്യവസായ നയം പുറത്തിറക്കി. കേരളത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്താണ് നയരൂപീകരണം.
- ഇന്ത്യയിലെ ആദ്യത്തെ ഗ്രഫീൻ ഇന്നവേഷൻ സെന്റർ 86.41 കോടി രൂപ ചെലവിൽ എറണാകുളത്ത് ആരംഭിക്കുന്നു. ടാറ്റ സ്റ്റീൽ ആണ് പദ്ധതിയിലെ പ്രധാന വ്യവസായ പങ്കാളി.
- ചെലവ് കുറയ്ക്കൽ, മൂല്യവർധനവ്, സാങ്കേതിക നവീകരണം, എം. എസ്. എം. ഇകളുടെ നൈപുണ്യ നവീകരണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാമിന് വ്യവസായ വാണിജ്യ വകുപ്പ് തുടക്കമിട്ടു.
- വ്യവസായ, കയർ വകുപ്പുകളുടെയും വിവിധ ഏജൻസികളുടെയും സ്ഥാപനങ്ങളുടെയും പരാതികൾ നിരീക്ഷിക്കാൻ കേന്ദ്രീകൃത ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.
- 2021-22 വർഷം 538 സ്ത്രീതൊഴിലാളികളെ പുതിയതായി കശുവണ്ടി മേഖലയിലേയ്ക്ക് കൊണ്ടുവരാനായി.
- സംരംഭകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ടെക്നോളജി ക്ലിനിക്ക്, സംശയങ്ങൾക്ക് മറുപടി നൽകാൻ ടോൾ ഫ്രീ സൗകര്യമായ ഇൻവെസ്റ്റ് കേരള ഹെൽപ് ഡെസ്ക്.
- ക്വാറി, ക്രഷർ, ധാതുസംഭരണത്തിനുള്ള ഡിപ്പോകളുടെയും സകലവിവരങ്ങളും ഒറ്റനോട്ടത്തിൽ ലഭ്യമാകുന്ന 'ഡാഷ്ബോർഡ്'.
- പലവിധ അനുമതികൾക്കായി പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് വകുപ്പിന്റെ ആസ്ഥാനത്തും ജില്ലാ ഓഫീസുകളിലും പ്രത്യേക അദാലത്തുകൾ.
- ഖനനാനുമതി ഓൺലൈനായി പോർട്ടലിലൂടെ അനുവദിക്കുന്നതിന് തയ്യാറാക്കിയ നാല് മൊഡ്യൂളുകൾ ലോഞ്ച് ചെയ്തു.
- വീട് പണിയുന്നതിന് മണ്ണ് മാറ്റുന്നതിനുള്ള അനുമതി നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ പ്രത്യേക അദാലത്തുകൾ.
- വ്യവസായങ്ങൾ രൂപവത്കരിക്കുന്നതിനായുള്ള നിയമങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കുന്നതിന് വിദഗ്ധസമിതി തയ്യാറാക്കിയ റിപ്പോർട്ടിൽ നിയമങ്ങളിൽ സമൂലമായ മാറ്റത്തിനാണ് ശുപാർശ.
- നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി വ്യാവസായിക സംരംഭങ്ങളിലെ പരിശോധനകൾ സുതാര്യമാക്കുന്നതിനായി കേന്ദ്രീകൃത പരിശോധനാ സംവിധാനമാണ് കെ-സിസ്.
- . 2021-22 സാമ്പത്തിക വർഷം 1,600 കോടി രൂപയുടെ സ്വകാര്യ നിക്ഷേപങ്ങൾ. 22,000 തൊഴിലവസരങ്ങളും കിൻഫ്രവഴി.
- 2022 വർഷം മെയ് വരെ 146.86 ഏക്കറാണ് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി നീക്കിവച്ചത്.
- ടാറ്റ എലക്സി പദ്ധതിക്കായി കഴക്കൂട്ടം കിൻഫ്ര പാർക്കിൽ 9 നിലകളിലായി 2.17 ലക്ഷം ചതുരശ്രഅടി വിസ്തീർണത്തിൽ കെട്ടിടം. 2500 പേർക്ക് നേരിട്ടും 1500 പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാകും.
- യു.എസ്. കമ്പനിയായ വെൻഷ്വർ 1500 കോടി രൂപയുടെ നിക്ഷേപം നടത്തും. സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും മാസ്റ്റർ പ്ലാൻ. 9467.35 കോടി രൂപയുടെ 405 പദ്ധതികൾ വിഭാവനം ചെയ്യുന്നു.
- കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ, കാപെക്സ് ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള അഞ്ചുവർഷത്തെ ഗ്രാറ്റുവിറ്റി വിതരണം ചെയ്തു.

**ഖാദി ഉൽപന്നങ്ങൾ ആഗോള ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി 'കേരള ഖാദി' എന്ന പ്രത്യേക ബ്രാൻഡ് പുറത്തിറക്കി. യുവതലമുറയെ ആകർഷിക്കുന്ന നൂതന വസ്ത്ര ശൈലികൾ വികസിപ്പിച്ചെടുത്തു. ഒരു ലക്ഷം സംരംഭങ്ങളുടെ ഭാഗമായി 7,000 പുതിയ സംരംഭങ്ങൾ തുടങ്ങും.**

സ്വകാര്യ കശുവണ്ടി വ്യവസായത്തിനായുള്ള പുനരുജ്ജീവന പാക്കേജിന്റെ ഭാഗമായി സർക്കാർ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിർദ്ദേശിച്ചു. 10 കോടി രൂപ വരെയുള്ള വായ്പകളുടെ പലിശ പൂർണമായും എഴുതിത്തള്ളും. രണ്ടു കോടി രൂപ വരെ വായ്പയായി എടുത്തിട്ടുള്ള സംരംഭകർക്ക് മൂലധനത്തിന്റെ പകുതി തിരികെ നൽകും. രണ്ടു കോടി മുതൽ 10 കോടി രൂപ വരെ വായ്പയെടുത്തവർ അവരുടെ വായ്പയുടെ 60% തിരിച്ചടയ്ക്കണം. ഈ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഭാഗമായി ഏകദേശം 500 കോടി രൂപ എഴുതിത്തള്ളും. കൈത്തറി മേഖലയുടെ സാധ്യതകളും പ്രശ്നങ്ങളും പഠിച്ച് റിപ്പോർട്ട് നൽകാൻ വിദഗ്ധസമിതിയും നൂതനമായ ഡിസൈൻ ആശയങ്ങൾ കൊണ്ടുവരുന്നതിന് ബ്രാൻഡിങ്ങും.

### കേരളം ആഗോളതലത്തിലേക്ക്

2022ൽ ദുബായിൽ നടന്ന വേൾഡ് എക്സ്പോയിൽ കേരള സർക്കാരും ഇന്ത്യൻ പവലിയനിൽ സാന്നിധ്യമായി. ഇത് സംസ്ഥാനത്ത് പുത്തൻ വ്യവസായ നിക്ഷേപങ്ങൾക്ക് വലിയ ചാലക ശക്തിയായി മാറി. അന്താരാഷ്ട്ര നിക്ഷേപകരെ ഉൾപ്പെടുത്തി നിക്ഷേപ ഉച്ചകോടി അനുബന്ധമായി നടത്തി. മുരുളിയ, ടൈസ്റ്റാർ, വെൻഷ്വർ പോലുള്ള കമ്പനികൾ എക്സ്പോയിലൂടെ കേരളത്തിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ചു. ■






സജി ചെറിയാൻ

മത്സ്യബന്ധനം-സാംസ്കാരികം-യുവജനകാര്യം
വകുപ്പ് മന്ത്രി


# കടലോര ജനതയ്ക്കൊപ്പം





**കേരളത്തിന്റെ സൈന്യം എന്ന് പ്രളയകാല രക്ഷാപ്രവർത്തന പശ്ചാത്തലത്തിൽ കേരളത്തിന്റെ മുഖ്യമന്ത്രി വിശേഷിപ്പിച്ച മത്സ്യബന്ധന സമൂഹത്തിന്റെ ഉന്നമനത്തിനായി ഒട്ടേറെ പദ്ധതികളാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നത്. കടലും കായലും ഉപജീവനത്തിനായി ആശ്രയിക്കുന്നവർക്ക് അതത് തൊഴിൽമേഖലയുടെ പ്രത്യേകതകൾക്ക് അനുസൃതമായാണ് പദ്ധതികൾ**

സമുദ്രമത്സ്യ ഉൽപാദനത്തിൽ (6.01 ലക്ഷം മെട്രിക് ടൺ) 2021-22 ൽ കേരളം രാജ്യത്ത് രണ്ടാം സ്ഥാനത്തെത്തി. 2022-23 മൂന്നാം പാദത്തിൽ കടലിൽനിന്നുള്ള മത്സ്യ ഉൽപാദനം 5.44 ലക്ഷം മെട്രിക് ടൺ ആയിട്ടുണ്ട്. 2022-23 ൽ മത്സ്യവിഭവസംരക്ഷണത്തിനും, മത്സ്യത്തൊഴിലാളിയുടെ സുരക്ഷ ഉറപ്പാക്കുന്നതിനും 32.4 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം 609 Mounting Type GPS കൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യും. ഇതിനുപുറമെ, അപകടത്തിൽ പെടുന്ന മത്സ്യതൊഴിലാളികളെ രക്ഷിക്കുന്നതിനു 74 ലൈഫ് ഗാർഡുകൾ ഉൾപ്പടെ 11 റെസ്ക്യൂബോട്ടുകളും സുസജ്ജമാണ്. 15 ഹാർബറുകളിലായി 100 റെസ്ക്യൂ സ്ക്വാഡുകളെയും നിയോഗിച്ചിട്ടുണ്ട്.

കടലിൽ അപകടത്തിൽപെടുന്ന മത്സ്യത്തൊഴിലാളികൾക്ക് പ്രാഥമികശുശ്രൂഷ ഉറപ്പാക്കി വേഗം കരയിൽ എത്തിച്ച് തുടർചികിത്സ ഉറപ്പാക്കുന്നതിന് രാജ്യത്താദ്യമായി അത്യാധുനിക സംവിധാനങ്ങളോടെ വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ കേന്ദ്രങ്ങളായി മൂന്ന് മറൈൻ ആംബുലൻസുകൾ മികച്ച രീതിയിൽ പ്രവർത്തിച്ച് വരുന്നു.

പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിനായി പ്രാപ്തരാക്കുന്നതിന് 10 ആഴക്കടൽ മത്സ്യബന്ധന യൂണിറ്റുകൾ നൽകുന്ന പദ്ധതി പുരോഗമിച്ചുവരുന്നു. 15 കോടി രൂപ അടങ്കൽതുക വരുന്ന പ്രസ്തുത കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതി (PMMSY))യിൽ 3.06 കോടി രൂപ
അധിക സബ്സിഡിയായി സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്.ഇതിനുപുറമെ PMMSY 2021–22 പദ്ധതിയിലുൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 100 എഫ്.ആർ.പി യാനങ്ങൾ നൽകുന്ന 500 ലക്ഷം രൂപയുടെ പദ്ധതിയും 399.6 ലക്ഷം രൂപയുടെ സാഗർമിത്ര പദ്ധതിയും നടപ്പിലാക്കി വരുന്നു.

കടലിൽ നിന്ന് പിടിച്ചെടുക്കുന്ന മത്സ്യം കേടുകൂടാതെ കരയിൽ എത്തിക്കുന്നതിന് 2022-23 ൽ 800 മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ഐസ് ബോക്സ് വിതരണം ചെയ്യുന്ന ഒരു കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

## ഉൾനാടൻ മേഖല

മത്സ്യകൃഷിയിലൂടെ മത്സ്യോൽപ്പാദനം കൂട്ടുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച "സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി"പദ്ധതി പ്രകാരം കുളങ്ങളിലെ മത്സ്യകൃഷി 6554.34 ഹെക്ടറിലായി വ്യാപിപ്പിച്ചു. ഇതിനു പുറമെ 2,367 കൂട് മത്സ്യകൃഷി യൂണിറ്റുകൾ, 690 റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം യൂണിറ്റുകൾ, ബയോഫ്ളോക്ക് കൃഷിക്കായി 3,173 യൂണിറ്റുകൾ, 5,208 പടുതാകുളത്തിലെ മത്സ്യകൃഷി യൂണിറ്റുകൾഎന്നിവ സജ്ജമാക്കി. തദ്ദേശീയ മത്സ്യങ്ങളുടെ ഉൽപാദനത്തിനായി വരാൽ, കരിമീൻ മത്സ്യ ഇനങ്ങളുടെ 200 യൂണിറ്റുകൾ





സ്ഥാപിച്ചു. മത്സ്യകൃഷിയിലൂടെ 37,521 മെട്രിക് ടൺ ഉൽപ്പാദനം നേടാനായി.

## അടിസ്ഥാന സൗകര്യ- മാനവശേഷി വികസനം

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന്റെ ഭാഗമായി നിർമ്മിച്ച വീടുകളുടെയും ഫ്ളാറ്റുകളുടെയും പൂർത്തീകരണവും, നവീകരണവും, മാതൃക മത്സ്യഗ്രാമത്തിന്റെ നിർമ്മാണം, തീരദേശ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് 42,47,03,032/ രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചു. വിഴിഞ്ഞം പദ്ധതി മേഖലയിൽ, കാലാവസ്ഥാവ്യതിയാനം മൂലം ഉണ്ടായ തീരശോഷണത്താൽ വീടുകൾ നഷ്ടപ്പെട്ട് ക്യാമ്പുകളിലും വാടക വീടുകളിലും കഴിയുന്ന 284 കുടുംബങ്ങൾക്ക് പ്രതിമാസം 5500/ രൂപ നിരക്കിൽ വാടക നൽകുന്നതിന് 187.44 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## പുനർഗേഹം-യാഥാർഥ്യമാക്കുന്ന ഭവനസ്വപ്നം

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളെയും സുരക്ഷിതമേഖലയിൽ പുനരധിവസിപ്പിക്കുന്ന സംസ്ഥാന സർക്കാരിന്റെ ബൃഹത് പദ്ധതിയാണ് പുനർഗേഹം. ആകെ 8791 ഗുണഭോക്താക്കൾ മാറിത്താമസിക്കുന്നതിന് സമ്മതിക്കുകയും ഇവരെ പുനരധിവസിപ്പിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. തിരുവനന്തപുരം ജില്ലയിൽ കാരോട് (128) ബീമാപള്ളി (20), കൊല്ലം ജില്ലയിൽ QSS കോളനി (114), മലപ്പുറം ജില്ലയിൽ പൊന്നാനി (128) ഭവന സമുച്ചയങ്ങൾ ഉൾപ്പെടെ 390 ഭവനങ്ങൾ ഗുണഭോക്താക്കൾക്ക് കൈമാറി. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 400 ഫ്ളാറ്റുകളുടെ നിർമ്മാണം ഒന്നരവർഷത്തിനുള്ളിൽ പൂർത്തീകരിച്ചു ഗുണഭോക്താക്കൾക്ക് കൈമാറാൻ ഉദ്ദേശിക്കുന്നു.

തലസ്ഥാന ജില്ലയിലെ കടകംപള്ളി വില്ലേജിൽ192 ഫ്ളാറ്റുകളും പൊന്നാനിയിൽ രണ്ടാംഘട്ടമായി 100 ഫ്ളാറ്റുകളും മലപ്പുറം ജില്ലയിലെ ഉണ്ണ്യാലിൽ 16 ഫ്ളാറ്റുകളും കാസർഗോഡ് ജില്ലയിലെ കോയിപ്പാടി വില്ലേജിൽ144 ഫ്ളാറ്റുകളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.


## സാമൂഹിക, സാമ്പത്തിക, സാംസ്കാരിക ഉന്നമനം

2022-23ൽ 130 മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകി വരുന്നു. എസ്.എസ്.എൽ.സി, പ്ലസ് ടു കോഴ്സുകളിൽ പഠിക്കുന്ന തീരദേശത്തെ മത്സ്യത്തൊഴിലാളി വിദ്യാർഥികൾക്കായി അവരുടെ തുടർവിദ്യാഭ്യാസത്തിനും വിദ്യാഭ്യാസ പുരോഗതിക്കും മാനസികാരോഗ്യ ഉന്നമനത്തിനും ഈ കാലയളവിൽ 30 കരിയർ ഗൈഡൻസ് പ്രോഗ്രാം സംഘടിപ്പിക്കുകയും 3000 വിദ്യാർഥികൾക്കു പദ്ധതിയുടെ പ്രയോജനം ലഭ്യമാകുകയും ചെയ്തു.

മാതാപിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളി വിദ്യാർഥികളെ ബിരുദം വരെ ദത്തെടുക്കുന്ന പദ്ധതി പ്രകാരം ഈ കാലയളവിൽ 24 വിദ്യാർഥികളെ ദത്തെടുത്തു. 18,26,500/ രൂപയുടെ ധനസഹായം നൽകി. കുട്ടികളുടെ കായികശേഷി വർധിപ്പിക്കുന്നതിന്റെ ഭാഗമായി പോർട്ട്സ് ഫൗണ്ടേഷൻ കേരളയുമായി ചേർന്ന് 10 റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ ഉൾപ്പെടെ 14 സ്കൂളുകളുടെ കായിക അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് 3.5 കോടി രൂപയുടെ പദ്ധതിക്ക് കരാറിൽ ഏർപ്പെടാൻ ധാരണയായിട്ടുണ്ട്. ■

# വിജയമുദ്രകൾ ഭാവിരേഖകൾ

- പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾക്ക് എഞ്ചിൻ സബ്സിഡി നൽകുന്ന പദ്ധതി പ്രകാരം 100 മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിന് പരമാവധി 30,000/ രൂപ നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു
- മത്സ്യബന്ധന വലകൾക്ക് സബ്സിഡിയായി 200 മത്സ്യത്തൊഴിലാളികൾക്ക് യൂണിറ്റിന് പരമാവധി 10,000/ രൂപ നൽകിവരുന്നു.
- വിഴിഞ്ഞം, മുനമ്പം, ബേപ്പൂർ എന്നീ ഹാർബറുകൾ കേന്ദ്രീകരിച്ച് LED Display Board സ്ഥാപിക്കുന്ന തിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- മണ്ണെണ്ണ ഇതര ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിൻ വിതരണം ചെയ്യുന്നതിനു ള്ള പൈലറ്റ് പദ്ധതി നടപ്പാക്കിവരുന്നു.
- മത്സ്യബന്ധനയാനങ്ങളുടെ ഇൻഷ്വറൻസ് പദ്ധതി പ്രകാരം 3285 യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള നടപടികൾ പുരോഗ മിക്കുന്നു.
- പരമ്പരാഗത മത്സ്യബന്ധനത്തിന് ഉപയോഗിക്കു ന്ന 14,332 എഞ്ചിനുകൾക്ക് 2022 ൽ മണ്ണെണ്ണ പെർമിറ്റ് അനുവദിച്ചു. ഈ വർഷം നാളിതു വരെ 15 കോടി രൂപ സബ്സിഡി ഇത്തരത്തിൽ വിതരണം ചെയ്തു.
- 2022-23 സാമ്പത്തിക വർഷം സമ്പാദ്യ സമാശ്വാസ പ്രകാരം 2636.25 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതമായി ഗുണഭോക്താക്കൾക്ക് നൽകി.
- 13706.14 ഹെക്ടറിൽ ഒരു നെല്ലും ഒരു മീനും പദ്ധതി പുരോഗമിക്കുന്നു. 2346.40 ഹെക്ടറിൽ ഒരു നെല്ലും ഒരു ചെമ്മീനും പദ്ധതി പുരോഗമിക്കുന്നു
- 2022-23 സാമ്പത്തിക വർഷം 12 റിസർവോയറു കളിലായി തദ്ദേശീയമത്സ്യങ്ങളെ ഉൾപ്പെടെ 67.91 ലക്ഷം മത്സ്യകുഞ്ഞുങ്ങൾ നിക്ഷേപിച്ചു.
- സംസ്ഥാനത്തെ എട്ട് ജില്ലകളിലായി മത്സ്യസംര ക്ഷണകേന്ദ്രങ്ങളും കക്ക സംരക്ഷണകേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യവി കസന പദ്ധതിയിൽ ഉൾപ്പെടുത്തി 10455.21 ലക്ഷം രൂപയുടെ 11 പദ്ധതികൾ പൂർത്തീകരിച്ചു, നാല് പദ്ധതികൾ നടപ്പിലാക്കുന്നു, ആറ് പദ്ധതികളുടെ നടപടികൾ പുരോഗമിക്കുന്നു.
- മത്സ്യഫെഡ് മുഖേന 200 ലക്ഷം രൂപയുടെ 20 'ഫിഷ്മാർട്ടുകൾ' പദ്ധതി പൂർത്തീകരിച്ചു.
- 1155 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 410 ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു. • 2022 ഏപ്രിൽ മുതൽ ഇതുവരെ 65.27 കോടി രൂപയുടെ വിറ്റുവരവ് സാഫ് യൂണിറ്റുകൾക്ക് ഉണ്ടായിട്ടുണ്ട്.
- കേരളത്തിന്റെ ഔദ്യോഗിക സംഘം കൃഷി, മത്സ്യബന്ധനം, ടൂറിസം മേഖലകളിലെ സാധ്യത കൾ പഠനവിധേയമാക്കുന്നതിന് വിയറ്റ്നാമും നോർവെയും സന്ദർശിച്ചിരുന്നു.
- കാവിൽ മുഖേന അഞ്ച് ലക്ഷം അലങ്കാര മത്സ്യ ങ്ങൾ വിപണനം ചെയ്തു.
- സമുദ്ര മത്സ്യബന്ധനത്തിന്റെ ഫലപ്രദമായ നടത്തിപ്പിനും നിരീക്ഷണത്തിനും ത്രിതല സംവിധാ നമായി ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചു
- പി.എം.എം.എസ്.വൈ പദ്ധതി നടപ്പാക്കുന്നതിനെ ന്റഭാഗമായി 253 റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം യൂണിറ്റുകൾ, 462 ബയോഫ്ളോക് യൂണിറ്റുകൾ എന്നിവ സ്ഥാപിച്ച് മത്സ്യകൃഷി പുരോഗ മിക്കുന്നു.
- ബേപ്പൂർ ഫിഷറീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്ന തിനായി 220 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.
- ആലപ്പുഴ വളഞ്ഞവഴിയിൽ ആറ്റുകൊഞ്ച് ഉൽപ്പാദ നത്തിനായി 176.2 ലക്ഷം രൂപയുടെ ഹാച്ചറി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- എറണാകുളം തേവരയിൽ അക്വാട്ടിക് അനിമൽ ഹെൽത്ത് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- മത്സ്യബന്ധന ഹാർബറുകളുടെ ശരിയായ നടത്തിപ്പിനും പരിപാലനത്തിനും നിരീക്ഷണത്തി നുമായി സംസ്ഥാനത്തെ 21 മത്സ്യബന്ധന ഹാർബറുകളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റി രൂപീകരിച്ചു.
- സംസ്ഥാനത്തെ കടലും തീരപ്രദേശവും പ്ലാസ്റ്റിക് മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ആരംഭിച്ച 'ശുചിത്വ സാഗരം സുന്ദര തീരം' പദ്ധതി യുടെ ഒന്നാം ഘട്ടബോധവത്കരണ പ്രചാരണം നടന്നുവരുന്നു.
- കേരള മത്സ്യസംഭരണവും വിപണനവും ഗുണനില വാര പരിപാലനവും ആക്ട് 2021 രൂപീകരിച്ചു.
- കലാരംഗത്ത് പ്രാഗത്ഭ്യം തെളിയിച്ചവരിൽ കലാകാരന്മാർക്ക 15000 രൂപ ഫെലോഷിപ്പ് ആയി നൽകുന്നു. ഇതുവരെ 925 കലാകാര ന്മാർക്ക് ഫെലോഷിപ്പ് നൽകിയിട്ടുണ്ട്. ആകെ 6.34 കോടി രൂപ പദ്ധതിക്കായി ചെലവാക്കി യിട്ടുണ്ട്.
- സിനിമാരംഗത്ത് വനിതകളെയും പട്ടികജാതി, പട്ടികവർഗവിഭാഗത്തിൽ പെടുന്ന സംവിധായക രെയും പ്രോത്സാഹിപ്പിക്കുന്നതിനു പരമാവധി 1.5 കോടിരൂപ വീതം സാമ്പത്തികസഹായം. ആകെ മൂന്ന് കോടി രൂപ ചെലവഴിച്ചു.
- നവോത്ഥാനനായകരുടെ പേരിൽ സാംസ്കാരി കസമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതിക്കായി ജില്ലകൾതോറും 50 കോടിരൂപ അനുവദിച്ചു.
- ലളിതകലാ അക്കാദമിയുടെ കീഴിൽ കിളിമാനൂ രിൽ രാജാ രവിവർമ ആർട്ടിസ്റ്റ്സ് റസിഡൻസി സ്റ്റുഡിയോ ആരംഭിച്ചു.
- ലിംഗവിവേചനം വർധിക്കുന്ന സാഹചര്യത്തിൽ 2022 ൽ ആരംഭിച്ച ബോധവൽക്കരണ ക്യാമ്പയി നായ സമത്തിലൂടെ ഒട്ടനവധി പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നു.



വി. ശിവൻകുട്ടി
പൊതുവിദ്യാഭ്യാസം-തൊഴിൽ വകുപ്പ് മന്ത്രി

# പൊതുവിദ്യാലയങ്ങൾ സജീവമായി തൊഴിലിടങ്ങൾ മാതൃകയായി

എല്ലാ വിദ്യാർഥികൾക്കും ഓൺലൈൻ പഠനം സുഗമമാക്കുന്നതിന് ഓൺലൈൻ ഡിജിറ്റൽ പഠനം കൂടുതൽ കാര്യക്ഷമമാക്കി. ഫസ്റ്റ് ബെൽ 2.0 ഡിജിറ്റൽ ക്ലാസുകൾ പൊതുവിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ മാറ്റം കൊണ്ട് വന്നു. ഓൺലൈൻ പഠനം എല്ലാ വിദ്യാർഥികളിലേക്കുമെത്തിച്ചു. വിദ്യാകിരണം പദ്ധതി വഴി 47613 ലാപ്ടോപ്പുകളും ഹൈടെക് പദ്ധതി വഴി 16500 ലാപ്ടോപ്പുകളും രണ്ടു വർഷത്തിനുള്ളിൽ നൽകി. 45710 ഡിജിറ്റൽ ഉപകരണങ്ങൾ മലയോര പിന്നാക്ക മേഖലകളിൽ വിതരണം ചെയ്തു.

## ഭിന്നശേഷി കുട്ടികൾക്ക് പിന്തുണ

ഭിന്നശേഷി വിദ്യാർഥികളുടെ പഠന പിന്തുണയ്ക്കായി സ്പെഷ്യൽ എഡ്യുക്കേറ്റർമാരുടെ സേവനം ഉറപ്പാക്കി. കാഴ്ചപരിമിതരായ അധ്യാപകരും വിദ്യാർഥികളും നേരിടുന്ന വായന പ്രതിസന്ധിക്ക് പരിഹാരമായി ശ്രുതിപാഠം ഓഡിയോ ലൈബ്രറി പൂർത്തിയാക്കി. ഭിന്നശേഷി കുട്ടികൾ, കുടുംബാംഗങ്ങൾ, അധ്യാപകർ, സാമൂഹിക സാംസ്കാരിക പ്രവർത്തകർ എന്നിവരെ കൂട്ടിയോജിപ്പിച്ച് ഓൺലൈൻ പ്ലാറ്റ്ഫോമിൽ ജാലക

പൊതുവിദ്യാഭ്യാസത്തിന്റെ സ്വീകാര്യത കുത്തനെ ഉയർത്താൻ കഴിഞ്ഞതാണ് പ്രധാന നേട്ടം. ഭൗതികസാഹചര്യവികസനം, ആധുനികീകരണം, മികവുറ്റ അധ്യാപനം എന്നിവയിലൂടെയാണ് വിശ്വാസ്യത ഉറപ്പിച്ചത്. പൊതുവിദ്യാഭ്യാസത്തിന്റെ സാർവത്രികമായ സ്വീകാര്യത, വിദ്യാഭ്യാസമേഖലയിലെ ഭരണനിർവഹണം, വിദ്യാഭ്യാസ ത്തിന്റെ ഗുണമേന്മ, ഫലപ്രാപ്തി എന്നിവയിൽ കേരളം പുലർത്തുന്ന സ്ഥിരതയും കാര്യക്ഷമതയും മറ്റൊരു കേരളമാതൃകയായി മാറിയിട്ടുണ്ട്

ങ്ങൾക്കപ്പുറം പദ്ധതി നടപ്പിലാക്കി.

പൊതുവിദ്യാലയങ്ങളിൽ ഭിന്നശേഷി വിദ്യാർഥികൾക്ക് അധികപിന്തുണയ്ക്കായി 1486 സ്പെഷ്യൽ കെയർ സെന്ററുകൾ.

## പാഠ്യപദ്ധതി

പൊതുവിദ്യാഭ്യാസ മേഖലയെ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ പാഠ്യപദ്ധതി പരിഷ്കരണത്തിന് തുടക്കം കുറിച്ചു. പദ്ധതി പരിഷ്കരണ സമിതി നിലവിൽ വരികയും മാതൃഭാഷാപഠനത്തിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കുകയും ചെയ്തു.

## മാതൃകാതൊഴിലിടം

മികച്ച തൊഴിലാളി തൊഴിലുടമ ബന്ധങ്ങൾ, കുറയുന്ന തൊഴിൽ കേസുകളും തർക്കങ്ങളും, വിവേചനരഹിത സ്ത്രീസൗഹൃദ തൊഴിലിടങ്ങൾ തുടങ്ങി സുസ്ഥിര വികസനത്തിന്റെ മാനകമായ മികച്ച തൊഴിലിടസംസ്കാരത്തിലേക്കുള്ള മാറ്റത്തിന്റെ വഴിയിലാണ് കേരളം.

നാടിന്റെ വികസന സ്വപ്നങ്ങൾക്ക് ചിറക് പകരുന്ന തരത്തിൽ തൊഴിൽമേഖല മാറ്റത്തിന്റെ പാതയിലാണ്. കേരളം വികസനസൗഹൃദ തൊഴിലിട സംസ്കാരത്തിലേക്ക് മാറിക്കഴിഞ്ഞു.

## കേരള സവാരി

രാജ്യത്തെ ആദ്യത്തെ സർക്കാർ ഓൺലൈൻ ടാക്സി സർവീസായ കേരള സവാരിയിലൂടെ ചൂഷണമില്ലാത്ത വരുമാന മാർഗം മോട്ടർ തൊഴിലാളികൾക്ക് ഉറപ്പാക്കുവാൻ കഴിഞ്ഞു. സംസ്ഥാനത്തെ ഓട്ടോ -ടാക്സി ശൃംഖലകളെ ബന്ധിപ്പിച്ച് സർക്കാർ നടപ്പിലാക്കുന്ന കേരളസവാരിയിൽ സുരക്ഷിതവും തർക്കരഹിതവുമായ യാത്ര അംഗീകൃത നിരക്കിൽ പൊതുജനങ്ങൾക്ക് നൽകുന്നതിനൊപ്പം മോട്ടോർ തൊഴിലാളികൾക്കും അതേനിരക്ക് ലഭിക്കുന്നത് ഉറപ്പാക്കുന്നു.

പദ്ധതിയുടെ ആദ്യഘട്ടം തിരുവനന്തപുരം നഗരസഭാപരിധിയിലാണ് നടപ്പിലാക്കിയത്. കേരളസവാരി ആപ് പ്ലേസ്റ്റോറിൽ നിന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്യാം.

## കൂലിയിൽ ഒന്നാമത്

രാജ്യത്ത് തൊഴിലാളികൾക്ക് ഏറ്റവും കൂടിയ കൂലി ലഭിക്കുന്ന സംസ്ഥാനമെന്ന റിസർവ് ബാങ്കിന്റെ അംഗീകാരം കേരളം സ്വന്തമാക്കി. പ്രതിദിനം ശരാശരി 837.30 രൂപ ലഭിക്കുന്ന കേരളത്തിലെ തൊഴിലാളികൾക്കാണ് നിർമ്മാണമേഖലയിൽ ഏറ്റവും കൂടുതൽ കൂലി ലഭിക്കുന്നത്. 59 തൊഴിൽ



മേഖലകളിൽ ഇതിനോടകം കുറഞ്ഞ വേതനം നിശ്ചയിച്ചതും ഈ രംഗത്തെ മികച്ച നേട്ടങ്ങളിലൊന്നാണ്. രണ്ടാം പിണറായി സർക്കാർ നിലവിൽ വന്ന ശേഷം 11 മേഖലകളിൽ കുറഞ്ഞ വേതനം പുതുക്കിനിശ്ചയിച്ചു. ആദ്യമായി മാധ്യമമേഖലയിലും ടി എം ടി സ്റ്റീൽ മേഖലയിലും കുറഞ്ഞ വേതനം നിശ്ചയിച്ചു.

## തർക്കപരിഹാരത്തിൽ റെക്കോർഡ് നേട്ടം

പരാതിപരിഹാരത്തിൽ റിക്കോർഡ് നേട്ടമാണ് തൊഴിൽവകുപ്പ് കൈവരിച്ചത്. 3534 തൊഴിൽതർക്കങ്ങൾ പരിഹരിച്ചു. ഓണത്തോടനുബന്ധിച്ച് എല്ലാ ബോണസ് തർക്കങ്ങളും സമയബന്ധിതമായി പരിഹരിച്ച് തൊഴിലാളികൾക്ക് അർഹമായ ബോണസ് ആനുകൂല്യങ്ങൾ ഉറപ്പാക്കി. ലഭിച്ച 325 തർക്ക പരാതികളും യുദ്ധകാലാടിസ്ഥാനത്തിലാണ് തീർപ്പാക്കിയത്.

## വിവരസാങ്കേതികവിദ്യ

കംപ്ലെയ്ന്റ് മാനേജ്മെന്റ് മൊഡ്യൂൾ, അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം, കേരള അതിഥി പോർട്ടലും മൊബൈൽ ആപ്പും തൊഴിൽ സേവ മൊബൈൽ ആപ് എന്നിവ വികസിപ്പിച്ചെടുത്തു. സംസ്ഥാനത്തെ 58,99,659 അസംഘടിത മേഖല/കുടിയേറ്റ തൊഴിലാളികളെ ഇ-ശ്രം പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ കഴിഞ്ഞു.

## അതിഥി തൊഴിലാളികൾ

അതിഥി തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസ സൗകര്യമുള്ള വാടക കെട്ടിടം ലഭ്യമാക്കുന്ന പദ്ധതിയാണ് 'ആലയ് 2.0 അതിഥി തൊഴിലാളികൾക്ക് ഈ പോർട്ടലിൽ പ്രവേശിച്ച് അനുയോജ്യമായ കെട്ടിടങ്ങൾ തിരഞ്ഞെടുക്കാം. നിലവിൽ 1500 ഓളം പേർ പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

അതിഥി തൊഴിലാളികൾക്ക് ഹോസ്റ്റലുകളുടെ രൂപത്തിൽ സുരക്ഷിതവും ശുചിത്വമുള്ളതുമായ വാടക താമസസൗകര്യം പ്രദാനം ചെയ്യുന്നതിന് നടപ്പിലാക്കിയ അപ്നാഘർ പദ്ധതിയുടെ ആദ്യഘട്ടം 2022 മേയിൽ പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ കോഴിക്കോട് കിനാലൂരിൽ 520 അതിഥി തൊഴിലാളികൾക്ക് താമസിക്കാനുള്ള അപ്നാഘർ ഹോസ്റ്റലും കളമശ്ശേരിയിൽ 49,000 ചതുരശ്ര അടിയിൽ 534 കിടക്കകളോടുകൂടിയ ഹോസ്റ്റലുമാണ് ഉയരുന്നത്. കിനാലൂരിൽ 180 കിടക്കകളുള്ള ആദ്യഘട്ടം പൂർത്തിയായി.

അതിഥി തൊഴിലാളികൾക്കും സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയ രാജ്യത്തെ ഏകസംസ്ഥാനമാണ് കേരളം. അതിഥി തൊഴിലാളികളുടെ ആരോഗ്യ പരിരക്ഷയും രജിസ്ട്രേഷനും ഉറപ്പാക്കുന്നതിനുള്ള ആവാസ് പദ്ധതിയുടെ നടത്തിപ്പിനായി എല്ലാ ജില്ലകളിലും ശ്രമിക് ബന്ധു ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചു കഴിഞ്ഞു.

## തൊഴിലിടങ്ങളിലെ സ്ത്രീസുരക്ഷ

തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് അടിയന്തരപരിഹാരം കണ്ടെത്തുന്നതിനുള്ള കോൾ സെന്റർ സംവിധാനമാണ് സഹജ. രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെ പ്രവർത്തിക്കും.
ടോൾഫ്രീ നമ്പർ : 18 00 4 2 5 55 2 15.

## ഗാർഹികതൊഴിലാളികൾക്ക് സമാശ്വാസം; തോട്ടം മേഖലയ്ക്ക് കൈത്താങ്ങ്

തോട്ടം മേഖലയിലെ തൊഴിലാളികളുടെ പെൻഷൻ പ്രായം കൂട്ടി അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷാപദ്ധതിയിൽ ഗാർഹിക തൊഴിലാളികളെ അംഗമാക്കുന്ന പദ്ധതിക്ക് തുടക്കമായി. അംഗങ്ങളാകുന്ന ഗാർഹിക തൊഴിലാളികൾക്ക് റിട്ടയർമെന്റ് ആനുകൂല്യം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, അവശതാ പെൻഷൻ, വിദ്യാഭ്യാസാനുകൂല്യം,ചികിത്സാ സഹായം, മരണാനന്തര ആനുകൂല്യം, അപകടാനുകൂല്യം തുടങ്ങിയവയ്ക്കുള്ള അർഹതയുണ്ട്. മറ്റ് പെൻഷനുകൾ ഇല്ലെങ്കിൽ ക്ഷേമപെൻഷനും യോഗ്യത അംഗത്വ



# വിജയമുദ്രകൾ ഭാവിരേഖകൾ

- 10475 അധ്യാപിക തസ്തികയിൽ പുതിയ നിയമനങ്ങൾ.
- 162 സ്പെഷ്യൽ ടീച്ചേഴ്സിനെ നിയമിച്ചു.
- 4 ലക്ഷം അമ്മമാർക്ക് സൈബർ സുരക്ഷാ പരിശീലനം.
- ഹയർ സെക്കൻഡറി-എസ്.എസ്.എൽ.സി വിജയ ശതമാനത്തിൽ വർധന.
- ഇ -ക്യൂബ് ഇംഗ്ലീഷ് ലാംഗ്വേജ് ലാബ് എല്ലാ പ്രൈമറി സ്കൂളിലും.
- 120 ലധികം സ്കൂൾ കെട്ടിടങ്ങൾ പൂർത്തിയാക്കി.
- ഹയർസെക്കൻഡറിയിൽ പുതിയ പരീക്ഷ മാനുവൽ.
- ഹയർസെക്കൻഡറിയിൽ 2356 പുതിയ അധ്യാപക നിയമനങ്ങൾ.
- വി.എച്ച്.എസ്.ഇ പാസായ വിദ്യാർഥികൾക്ക് തൊഴിൽ മേളകൾ; 3000 ത്തോളം ഉദ്യോഗാർഥികൾക്ക് തൊഴിലും.
- 25 വർഷങ്ങളായി ഏക അധ്യാപക വിദ്യാലയങ്ങളിൽ ജോലി നോക്കിയിരുന്ന 344 വിദ്യ വോളന്റിയർമാരെ സർക്കാർ സ്കൂളുകളിൽ പി ടി സി എം ടി / സി എം തസ്തികളിൽ നിയമിച്ചു.
- ഖാദർ കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കാൻ കർമ്മ സമിതി.
- സ്കൂളുകൾ ലിംഗ സമത്വം എന്ന ആശയം മുൻനിർത്തി 18 ബോയ്സ് ഗേൾസ് സ്കൂളുകൾ മിക്സഡ് സ്കൂളുകൾ ആക്കി.
- PSC യിലൂടെഹയർസെക്കൻഡറിയിൽ 2356 പുതിയ അധ്യാപക നിയമനങ്ങൾ നൽകി
- തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനും ക്ഷേമത്തിനുമായി ഒൻപത് നിയമഭേദഗതികൾ പാസ്സാക്കി. വിവിധ ബോർഡുകളുടെ നിയമങ്ങൾ ഭേദഗതി ചെയ്ത് അംശാദായം വർധിപ്പിച്ചു.
- ഓണത്തിന് തൊഴിലാളികൾക്ക് തൊഴിൽ വകുപ്പ് 52,34,06,872 രൂപയുടെ ആനുകൂല്യങ്ങൾ നൽകി.
- അസംഘടിതമേഖലയിലുള്ളവർക്കും താഴ്ന്നവരുമാനക്കാരുമായ തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന ജനനി പദ്ധതിയുടെ ഒന്നാം ഘട്ടം ഇടുക്കി അടിമാലിയിൽ പൂർത്തിയായി; കൈമാറിയത് 217 അപാർട്ട്മെന്റുകൾ.
- 545 പേർക്ക് വിവിധ രാജ്യങ്ങളിൽ ODEPC നിയമനം ലഭ്യമാക്കി.
- 540 നഴ്സുമാർ യു.കെ.യിൽ ജോലിയിൽ പ്രവേശിച്ചു.
- ബെൽജിയം, ജർമ്മനി എന്നിവിടങ്ങളിലേക്ക നഴ്സുമാരുടെ റിക്രൂട്ട്മെന്റ് ആരംഭിച്ചു. അറോറ പദ്ധതി പ്രകാരം 22 നഴ്സുമാർ പരിശീലനം പൂർത്തിയാക്കി ജോലിയിൽ പ്രവേശിച്ചു. രണ്ടാമത് ബാച്ചിൽ 38 നഴ്സുമാർക്ക് പരിശീലനം നൽകിവരുന്നു,
- കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസുമായി ചേർന്ന് സൗദി അറേബ്യയിലെ റിയാദ്, യു.എ.ഇ.യിലെ ദുബായ്, അബുദാബി എന്നിവിടങ്ങളിൽ എംപ്ലോയർ മീറ്റ് സംഘടിപ്പിച്ചു. അൻപതിലേറെ കമ്പനികൾ ഒഡെപെക് മുഖേന റിക്രൂട്ട്മെന്റ് നടത്തുന്നതിന് താൽപര്യം പ്രകടിപ്പിച്ചു. പത്തു കമ്പനികളുമായി കരാറിലേർപ്പെടുന്നതിനുള്ള ഒപ്പിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 13288 നിയമനങ്ങൾ നടത്തി. സ്ഥിരം നിയമനം ലഭിച്ചവർ 3252, താൽകാലിക നിയമനം ലഭിച്ചവർ 10036.
- വ്യാവസായിക പരിശീലന വകുപ്പിന്റെ നേതൃത്വത്തിൽ 14 ജില്ലകളിലും നോഡൽ ഐ.ടി.ഐകളിലും നടത്തിയ ജോബ് ഫെയറിൽ 2097 പേർക്ക് നിയമനം.
- ഐ.ടി.ഐകളിലെ പഠനത്തോടൊപ്പം തൊഴിൽ പരിശീലനം ലഭ്യമാക്കുന്ന ഒ. ജെ. ടി ((On Job Training) ) സിലബസ്സിന്റെ നിർബ്ബന്ധിത ഭാഗമാക്കി.
- അപ്രന്റിസ്ഷിപ്പ് നൽകുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് സാമ്പത്തികസഹായം നൽകുന്ന കേരള സ്റ്റേറ്റ് അപ്രന്റിഷിപ്പ് പ്രമോഷൻ പദ്ധതി നടപ്പാക്കി.
- സർക്കാർ ഐ. ടി. ഐ കളിൽ പഠിക്കുന്ന 32000 വിദ്യാർഥികൾക്ക് കാമ്പസിനകത്തും പുറത്തും ഇൻഷ്വറൻസ് പരിരക്ഷ.
- 14 ജില്ലകളിലും സ്റ്റേറ്റ് ജോബ് പോർട്ടൽ മുഖേന തൊഴിൽ മേളകൾ സംഘടിപ്പിച്ചു. 3233 ഉദ്യോഗാർഥികൾക്ക് വിവിധ കമ്പനികളിൽ തൊഴിലായി.
- കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് കേരളത്തിലെ ചെറുപ്പക്കാരുടെ തൊഴിൽശേഷി വികസിപ്പിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തി ഇന്ത്യയിലും വിദേശത്തും ജോലി കിട്ടാൻ പ്രാപ്തരാക്കുന്ന ദൗത്യമാണ് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെയ്സ്) ഏറ്റെടുത്തിരിക്കുന്നത്.

കാലയളവിൽ 10000 രൂപവരെ ചികിത്സാസഹായവും ലഭിക്കും.

തോട്ടം മേഖലകളിലെ തൊഴിലാളികൾക്ക് തൊഴിൽ സ്ഥലത്തോ, അതിന് സമീപത്തോ വീട് വച്ചു നൽകുന്ന പദ്ധതിക്കു തുടക്കമായി. ഓൺ യുവർ ഓൺ ഹൗസിങ്ങ് സ്കീം മുഖേന മൂന്നാറിൽ കെ ഡി എച്ച് 'വില്ലേജിൽ ഒൻപത് വീടുകളുടെ നിർമ്മാണവും, കുളത്തുപ്പുഴ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിനു വേണ്ടി ഇരട്ട ഭവന മാതൃകയിൽ ആറ് വീടുകളുടെ നിർമ്മാണവും പൂർത്തിയാക്കി. 34 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് കഴിഞ്ഞ ഓണക്കാലത്ത് ഓണക്കിറ്റ് നൽകി .ചെറുകിട തോട്ടം തൊഴിലാളി ക്ഷേമ ബോർഡിന് 63,41,558/ രൂപ സർക്കാർ ഗ്രാന്റ് അനുവദിച്ചു. ■



വി. എൻ. വാസവൻ
സഹകരണം-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി

# കരുതലും സാന്ത്വനവുമേകി സഹകരണമേഖല

**അവശ്യഘട്ടങ്ങളിലെ കൈത്താങ്ങായി ജനങ്ങളുടെ ജീവിതത്തിൽ ആശ്വാസകരമായ ഇടപെടലുകൾ നടത്തി കരുത്താവുകയാണ് സഹകരണ വകുപ്പ്**



സഹകാരികളുടെ അകമഴിഞ്ഞ പിന്തുണയോടെ ധനകാര്യ സ്ഥാപനങ്ങളുടെ മുന്നേറ്റത്തിൽ വലിയ പങ്കുവഹിക്കാനായി. ആരോഗ്യരംഗത്ത് സഹകരണ ആശുപത്രികൾ സാധാരണക്കാരുടെ കുറഞ്ഞ ചെലവിലുള്ള ചികിത്സയെന്ന പ്രതീക്ഷയ്ക്കൊത്താണ് പ്രവർത്തിക്കുന്നത്. വിവിധ തൊഴിൽ മേഖലകളിലും സഹകരണ പ്രസ്ഥാനം മായാത്ത മുദ്രകൾ പതിപ്പിച്ചിട്ടുണ്ട്. കൺസ്യൂമർഫെഡ് വഴി വിലക്കുറവിന്റെ വിപണി ഒരുക്കി വിലക്കയറ്റം തടയാനായി.

കാർഷികമേഖലയ്ക്ക് നൽകുന്ന പ്രോത്സാഹനം, സഹകരണ സ്ഥാപനങ്ങളിലൂടെ നൽകുന്ന സഹായം, തൊഴിൽമേഖലയ്ക്ക് നൽകുന്ന ശ്രദ്ധ എന്നിവ സഹകരണ വകുപ്പിനെ ജനങ്ങളോട് ചേർത്തുനിർത്തുന്നു. സഹകരണ രംഗത്ത് വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്ന കേരള ബാങ്ക്, കെയർഹോം പദ്ധതി, സഹകരണ എക്സ്പോ, പുനർജനി പദ്ധതി എന്നിവ വകുപ്പിന്റെ നേട്ടങ്ങളാണ്.

## കേരള ബാങ്ക്

സഹകരണ രംഗത്ത് വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്ന വായ്പ സഹകരണ സംഘങ്ങളുടെ ത്രിതല സംവിധാനത്തിൽ നിന്നും ദ്വിതല സംവിധാനത്തിലേക്ക് മാറ്റി. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തനം ആധുനിക രീതിയിൽ മാറ്റുന്നതിന്റെ ഭാഗമായി സ്പെഷ്യൽ റൂൾ അംഗീകരിച്ചു.

## കെയർ ഹോം

14 ജില്ലകളിലും ലൈഫ് മിഷൻ നിർദേശിച്ച സ്ഥലത്ത് ഭവനസമുച്ചയം നിർമ്മിച്ച് നൽകുന്നത് ലക്ഷ്യംവച്ചാണ് കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടം ആസൂത്രണം ചെയ്തിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറി.

## സാന്ത്വന പരിചരണത്തിന് കോപ്പ് കെയർ

സഹകരണ ആശുപത്രികളുടെ നേതൃത്വത്തിലാണ് പാലിയേറ്റീവ് കെയർ പദ്ധതി (കോപ്പ് കെയർ). വാർധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവർക്കും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാസൗകര്യവും പരിചരണവും ലഭിക്കുന്ന സംവിധാനമാണിത്. പദ്ധതിയിൽ അംഗങ്ങളാകുന്നതിനായി നിശ്ചിത തുക സംഘത്തിൽ ഒടുക്കി രജിസ്റ്റർ ചെയ്യണം.

## യുവജന സഹകരണ സംഘങ്ങൾ

സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ യുവാക്കളെ




ആകർഷിക്കുന്നതിന് യുവസംരംഭകർക്കും സേവന ദാതാക്കൾക്കുമായി വിവിധ ജില്ലകളിലായി 30 യുവജന സഹകരണ സംഘങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾക്കായി പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ ഓരോ സംഘത്തിനും 10 ലക്ഷം രൂപ വീതം നൽകി.

പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലെ യുവജന ങ്ങൾക്കായി എല്ലാ ജില്ലയിലുമായി 14 പട്ടികജാതി/ പട്ടികവർഗ യുവജനസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു.

## സമാശ്വാസ നിധി

കേരള സഹകരണ അംഗസമാശ്വാസ നിധി വഴി ഗുരുതരരോഗബാധിതർക്കും അപകടകടത്തിൽ കിടപ്പിലാ യവർക്കും മാതാപിതാക്കൾ മരിച്ചുപോയ സാഹചര്യ ത്തിൽ എടുത്ത വായ്പകൾക്ക് ബാധ്യതപ്പെട്ട പ്രായപൂർ ത്തിയാകാത്ത കുട്ടികൾക്കുമായി ഇതുവരെ 66 കോടി രൂപ വിതരണം ചെയ്തു.

## അശരണരായ സഹകാരികൾക്ക് സാന്ത്വനം

നിരാലംബരായ സഹകാരികൾക്ക് രോഗശുശ്രൂ ഷയ്ക്കും ചികിത്സയ്ക്കുമായി ധനസഹായം നൽകുന്നതു കൂടാതെ സഹകാരികൾ മരിച്ചാൽ അവരുടെ കുടുംബ ത്തിന്/ആശ്രിതർക്ക് ധനസഹായം നൽകുന്ന സഹകാരി സാന്ത്വനം പദ്ധതി പ്രകാരം 26 അപേക്ഷക ളിലായി 7,25,000 രൂപ വിതരണം ചെയ്തിട്ടുണ്ട്.

## കൺസ്യൂമർഫെഡിന്റെ വിപണി ഇടപെടൽ

വിലക്കയറ്റം പിടിച്ചു നിർത്തുന്നതിലാണ് കൺസ്യൂമർഫെഡ് മുഖ്യപങ്ക് വഹിച്ചത്. 2022 ഓണം വിപണിയോടനുബന്ധിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ സർക്കാർ സബ്സിഡിയോടെ 1685 വിപണികളിലായി നൽകി.

## പുനർജ്ജനി പദ്ധതി

പട്ടികജാതി പട്ടികവർഗ സഹകരണസംഘങ്ങളെ സ്വയംപര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹക രണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്രപദ്ധതി 'പുനർജ്ജനി'യിലൂടെ 30 സംഘങ്ങളുടെ പ്രോജക്ടുകൾ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കും.

## വിജയമുദ്രകൾ ഭാവിരേഖകൾ

- കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം നൽകുന്ന മരണാനന്തര ധനസഹായം പരമാവധി മൂന്ന് ലക്ഷം രൂപയായും ചികിത്സാധനസഹായം പരമാവധി 1.25 ലക്ഷം രൂപയായും വർധിപ്പിച്ചു.
- നിക്ഷേപ ഗ്യാരന്റി ഫണ്ട് തുക നിലവിലെ പരിരക്ഷയായ രണ്ട് ലക്ഷത്തിൽ നിന്നും അഞ്ച് ലക്ഷം രൂപയായി വർധിപ്പിക്കുന്നതിന് അനുമതി നൽകി.
- സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾ ഫലപ്രദമായി വിനിയോഗിക്കുക, സംഘങ്ങൾ തയ്യാറാക്കുന്ന പദ്ധതികൾ വിശകലനം ചെയ്യുക, പ്രതിസന്ധിയിലാകുന്ന സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുവാൻ പദ്ധതി തയ്യാറാക്കുക എന്നീ ലക്ഷ്യങ്ങളോടെ കേരള സഹകരണ സംഘം (നിക്ഷേപ പ്രോത്സാഹന) പുനരുദ്ധാരണ പദ്ധതി
- നെൽ കർഷകരുടെ സംഭരണ, വിപണന പ്രശ്നങ്ങൾ പരിഹരിക്കാൻ പാലക്കാട് ഒഴികെയുള്ള ജില്ലകൾ പ്രവർത്തന മേഖലയാക്കി കേരള പാഡി പ്രൊക്യൂർമെന്റ് പ്രൊസസിങ്ങ് ആന്റ് മാർക്കറ്റിങ്ങ് സഹകരണ സംഘം (കാപ്കോസ്) നിലവിൽ വന്നു.
- 2021-22 സാമ്പത്തിക വർഷം നവകേരളീയം കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 469113 വായ്പക്കാർക്ക് 482450 വായ്പകളിലായി 843.57 കോടി രൂപയുടെ ഇളവ് അനുവദിച്ചു
- സഹകരണ സംഘം ജീവനക്കാരുടെ സേവന വേതനവ്യവസ്ഥകൾ പരിഷ്കരിച്ചു
- സംസ്ഥാന സഹകരണ ബാങ്കിന്റെയും 13 ജില്ലാ സഹകരണ ബാങ്കുകളുടെയും കോർ ബാങ്കിങ് നടപടികൾ ഏകീകരിച്ച് എല്ലാ ഡിജിറ്റൽ ബാങ്കിങ് സേവനങ്ങളും ലഭ്യമാക്കുന്നതിനായി പ്രമുഖ സിസ്റ്റം ഇന്റഗ്രേറ്റിങ്ങ് സേവനദാതാക്കളായ വിപ്രോയുമായി കരാറിൽ ഏർപ്പെട്ടു.
- കേരള ബാങ്കിന്റെയും പ്രാഥമിക സംഘങ്ങളുടെയും നിക്ഷേപ വായ്പാ പദ്ധതികളുടെ വൈവിധ്യവൽക്കരണത്തിനും നൂതനപദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുമായി 80 ലക്ഷം രൂപയുടെ നബാർഡ് ധനസഹായത്തോടെ ബിസിനസ്സ് ഡൈവേഴ്സിഫിക്കേഷൻ-പ്രോഡക്ട് ഇന്നവേഷൻ സെൽ പ്രവർത്തനം ആരംഭിച്ചു.
- എറണാകുളം മറൈൻഡ്രൈവ് മൈതാനത്ത് 2022 ഏപ്രിൽ 18 മുതൽ 25 വരെ 8 ദിവസങ്ങളിലായി സഹകരണ എക്സ്പോ നടത്തി. ശീതീകരിച്ച 60000 ചതുരശ്ര അടിയിലുള്ള 210 സ്റ്റാളുകൾ ആകർഷകമായി.
- കോട്ടയത്ത് സാഹിത്യപ്രവർത്തക സഹകരണസംഘം നടപ്പിലാക്കുന്ന അക്ഷരം മ്യൂസിയം നിർമ്മാണപ്രവർത്തനങ്ങൾക്കായുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.
- മത്സ്യത്തൊഴിലാളിമേഖലയിൽ സഹകരണ മേഖലവഴി ലളിതമായ നടപടിക്രമങ്ങളിലൂടെ വായ്പ ലഭ്യമാക്കുന്നതിന് സ്നേഹതീരം വായ്പപദ്ധതി
- സഹകരണ ഉൽപന്നങ്ങളെ ഒരൊറ്റ ബ്രാൻഡിനു കീഴിലാക്കി പൊതു ട്രേഡ്മാർക്കോടെ വിപണയിലെത്തിക്കുന്നതിന് coopkerala എന്ന ട്രേഡ് മാർക്ക് രൂപകല്പന ചെയ്തു. സഹകരണ സംഘങ്ങളുടെ ഉൽപന്നങ്ങളുടെ ഗുണനിലവാരം വിലയിരുത്തി ആദ്യഘട്ടമെന്ന നിലയിൽ 12 സംഘങ്ങളുടെ 28 ഉൽപന്നങ്ങൾക്ക് coopkerala സർട്ടിഫിക്കറ്റ് നൽകി.
- സഹകരണ സർവീസ് ബോർഡിന്റെ
- പരീക്ഷാസംവിധാനം പൂർണ്ണമായും ഓൺലൈൻ സംവിധാനമാക്കുന്നതിനാവശ്യമായ നടപടികളായി.
- പ്രാഥമികസഹകരണസംഘങ്ങളുടെ നേതൃത്വത്തിൽ തിരുവനന്തപുരം, എറണാകുളം, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇൻഡോർ ഫുട്ബോൾ / ക്രിക്കറ്റ് / ബാഡ്മിന്റൺ ടർഫ് സജ്ജമാക്കി.

### സംഘങ്ങളിലൂടെ കാർഷികവികസനം

സഹകരണസംഘങ്ങൾ മുഖേന 14 ജില്ലകളിലായി 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുന്ന പദ്ധതി. 410 സംഘങ്ങൾ 608.24 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചു. 5554 തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചു.

### സഹകരണമേഖലയിലൂടെ തൊഴിൽസൃഷ്ടി

കേരള സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ സഹകരണ അപ്പക്സ് ഫെഡറേഷനുകൾ, മറ്റ് സഹകരണ സംഘങ്ങൾ എന്നിവയിലൂടെ തൊഴിലധിഷ്ഠിത സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾ. ചെറുകിട പദ്ധതികൾക്കായി വായ്പകൾ അനുവദിച്ചുകൊണ്ട് വിവിധ പദ്ധതികൾ വഴി 64666 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. പ്രത്യക്ഷമായി സഹകരണ മേഖലയിൽ 1365 പേർക്ക് സ്ഥിരം തൊഴിലും സഹകരണ വകുപ്പിൽ 397 പേർക്കു നിയമനവും നൽകി. ഭിന്നശേഷിവ്യക്തികൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണ സൗഹൃദം പദ്ധതിയിലൂടെ 508 വായ്പകളിലായി 4.25 കോടി രൂപ വിതരണം ചെയ്തു.■




വീണാ ജോർജ്

ആരോഗ്യം വനിതാ-ശിശുവികസന വകുപ്പ് മന്ത്രി


**ആരോഗ്യ മേഖല വളരെയേറെ വെല്ലുവിളികൾ നേരിട്ട വർഷമാണ് 2022. കോവിഡിനോടൊപ്പം തന്നെ മങ്കിപോക്സ്, മറ്റ് പകർച്ചവ്യാധികൾ, പ്രളയാനന്തര വെല്ലുവിളികൾ എന്നിവയേയും അതിജീവിക്കാൻ കേരളത്തിനായി. കോവിഡ് വ്യാപനം ലോകത്ത് ഏറ്റവുമധികം ബാധിച്ച മൂന്നാം തരംഗത്തിൽ ജനങ്ങളുടെ ജീവനും ജീവനോപാധിയും സംരക്ഷിച്ചു കൊണ്ടുള്ള മാതൃകാപരമായ പ്രതിരോധമാണ് സംസ്ഥാനമൊരുക്കിയത്**



# ആശുപത്രികൾ സുസജ്ജം

## സേവനങ്ങളിൽ ആധുനികച്ചുവടുകൾ

ഓരോ പൗരന്റെയും ആരോഗ്യ പരിപാലനത്തിനും ക്ഷേമത്തിനുമായി ഒട്ടേറെ പ്രവർത്തനങ്ങൾ ആണ് സർക്കാർ നടപ്പിലാക്കി വരുന്നത്. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കുന്നു.

സ്ത്രീകളുടെ സുരക്ഷവുമായി ബന്ധപെട്ടു കനൽ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി. തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള ആദ്യ പോഷ് കംപ്ലയൻസ് പോർട്ടൽ നിലവിൽ വന്നു. ഗാർഹികപീഡനത്തിനിരയാകുന്നവർക്കുള്ള പ്രൊവൈഡിങ്ങ് സെന്ററുകൾ, ഷെൽട്ടർ ഹോമുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിച്ച് ഉണർവ് പദ്ധതിയും നടപ്പിലാക്കി വരുന്നു. എറണാകുളത്ത് "എന്റെ കൂട്" പദ്ധതി നടപ്പിലാക്കി.

കോവിഡ് മൂന്നാം തരംഗം മുൻകൂട്ടി കണ്ടുതന്നെ ആരോഗ്യ വകുപ്പ് പ്രവർത്തനങ്ങൾ തുടങ്ങി. പരമാവധി പേർക്ക് വാക്സിൻ നൽകിയും ആരോഗ്യ പ്രവർത്തകരെ സുസജ്ജമാക്കിയും ജനങ്ങളുടെ സഹകരണത്തോടും കോവിഡിനെ പ്രതിരോധിക്കാനായി.

### ജീവിതശൈലീരോഗനിർണ്ണയത്തിൽ പുതിയ ചുവടുവയ്പ്പ്

ജനങ്ങളുടെ ജീവിതശൈലിരോഗങ്ങൾ ഗണ്യമായി കുറയ്ക്കാൻ പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു. 73 ലക്ഷത്തിലധികം പേരെ ആരോഗ്യ പ്രവർത്തകർ വീടുകളിലെത്തി സ്ക്രീനിങ്ങ് നടത്തി.

### ആശുപത്രികൾ മികവിലേക്ക്

ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ജനങ്ങൾക്ക് മികച്ച ചികിത്സാസൗകര്യം ഉറപ്പാക്കി. ആശുപത്രികളിലെ ഐസിയു, വെന്റിലേറ്റർ സംവിധാനം തുടങ്ങിയവ വർധിപ്പിച്ചു. ഒരുവർഷംകൊണ്ട് ആകെ 724 ഐസിയു കിടക്കകളും 878 ഓക്സിജൻ കിടക്കളും സജ്ജമാക്കി. പുതുതായി 939 വെന്റിലേറ്ററുകൾ സ്ഥാപിച്ചു. കൂടാതെ സംസ്ഥാനത്ത് ഓക്സിജൻ സ്വയംപര്യാപ്തത ഉറപ്പാക്കി. സർക്കാർ സ്വകാര്യമേഖലകളിലായി നിലവിൽ 1920.14 മെട്രിക് ടൺ ലിക്വിഡ് ഓക്സിജൻ സംഭരണ ശേഷിയുണ്ട്.

# വനിത ശിശുവികസനം

## പോഷകബാല്യം

കുട്ടികൾക്ക് വേണ്ടി 61.5 കോടി രൂപയുടെ പോഷക ബാല്യം പദ്ധതി നടപ്പിലാക്കി വരുന്നു. ബാല്യകാലത്തിൽ തന്നെ പെൺകുട്ടികളിൽ ആത്മവിശ്വാസവും ധൈര്യവും വളർത്താൻ ധീര പദ്ധതി നടപ്പിലാക്കി. പോസ്കോ അതിജീവിതരായ കുട്ടികളുടെ മാനസികാഘാതം ലഘൂകരിച്ച് പിന്തുണ നൽകുന്നതിന് പോക്സോ സർവൈവറേസ് പ്രൈമറി അസസ്മെന്റ് പ്രോജക്ട് നടപ്പിലാക്കി വരുന്നു.

## ഭക്ഷ്യസുരക്ഷ

സംസ്ഥാനത്തു ഭക്ഷ്യസുരക്ഷ ഉറപ്പാക്കുവാനുള്ള ശക്തമായ നടപടികളുമായി മുൻപോട്ടു പോകുകയാണ് സർക്കാർ. ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന എല്ലാ ജീവനക്കാർക്കും ഹെൽത്ത് കാർഡ് നിർബന്ധമാക്കി. എല്ലാപേർക്കും നല്ല ഭക്ഷണം എന്ന ലക്ഷ്യത്തോടെ ഭക്ഷ്യ പരിശോധനയുടെ ഭാഗമായി ആറു മൊബൈൽ ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ സജ്ജമാക്കി. ഇതിനു പുറമെ ഓപ്പറേഷൻ ഷവർമ, ഓപ്പറേഷൻ മത്സ്യ, ഓപ്പറേഷൻ ജാഗറി, ഓപ്പറേഷൻ ഹോളിഡേ തുടങ്ങിയ ക്യാമ്പയിനുകളിലൂടെ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തി, കർശന നടപടികൾ സ്വീകരിച്ചു വരുന്നു.



സംസ്ഥാന വനിതാ വികസന കോർപറേഷൻ പത്തനംതിട്ട കണ്ണങ്കരയിൽ ആരംഭിച്ച വനിതാ മിത്ര കേന്ദ്രവും ഡേ കെയർ സെന്ററും

## ആരോഗ്യകേന്ദ്രങ്ങൾ

സംസ്ഥാനത്തെ മുഴുവൻ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും (പിഎച്ച്സി) കുടുംബാരോഗ്യ കേന്ദ്രങ്ങളായി (എഫ്എച്ച്സി) മാറ്റുന്നതിന്റെ ഭാഗമായി 597 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി. 4261 സബ് സെന്ററുകളെ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളായി ഉയർത്തി വരുന്നു.

## അർബുദചികിത്സാരംഗത്ത് മുന്നേറ്റം

നിലവിലുള്ള റീജിണൽ ക്യാൻസർ സെന്ററുകളെയും മെഡിക്കൽ കോളേജുകളെയും ശാക്തീകരിക്കുന്നതിനു പുറമെ കേരള ക്യാൻസർ രജിസ്ട്രി പ്രവർത്തനമാരംഭിച്ചു.

രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനായും ജനങ്ങളെ ബോധവൽകരിക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തുടനീളം സ്പെഷ്യൽ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു.

25 ആശുപത്രികളിൽ ക്യാൻസർ ചികിത്സയ്ക്കുള്ള സൗകര്യമൊരുക്കി. മലബാർ ക്യാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആന്റ് റിസർച്ച് ആയി പ്രഖ്യാപിച്ചതിനു പുറമെ ആർസിസിയിലും എംസിസിയിലും നൂതന ചികിത്സാ സംവിധാനങ്ങൾ കൊണ്ടുവന്നു. റെറ്റിനോ ബ്ലാസ്റ്റോമയടക്കമുള്ള സമഗ്രചികിത്സാസംവിധാനത്തിന് ആദ്യമായി എംസിസിയിൽ തുടക്കമായി. കുട്ടികളിലെ കണ്ണിന്റെ ക്യാൻസറിന് എംസിസിയിൽ നൂതന ചികിത്സക്കും ആർസിസിയിൽ സർക്കാർ മേഖലയിലെ ആദ്യ ലൂട്ടീഷ്യം ചികിത്സക്കും തുടക്കമായി.

## വീടുകളിൽ സൗജന്യ ഡയാലിസിസ്

ആശുപത്രികളിൽ പോകാൻ കഴിയാത്ത രോഗികൾക്ക് വീട്ടിൽ തന്നെ സൗജന്യമായി ഡയാലിസ് ചെയ്യാൻ കഴിയുന്ന പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി 12 ജില്ലകളിൽ ആരംഭിച്ചു. പദ്ധതി സംസ്ഥാന വ്യാപകമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## ജില്ല- ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി

വിവിധ ജില്ല- ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നു. കാസർഗോഡ് ആദ്യ ആൻജിയോപ്ലാസ്റ്റി, ആൻജിയോഗ്രാം സൗകര്യങ്ങൾ ലഭ്യമാക്കി.

രാജ്യത്ത് ആദ്യമായി ജില്ലാതല ആശുപത്രിയിൽ ഹൃദയ ശസ്ത്രക്രിയയും ഹൃദയം തുറക്കാതെ വാൽവ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും നടത്തി വിജയിപ്പിച്ചു.

കൂടാതെ വിവിധ ആശുപത്രികളുടെ വികസനത്തിന് 5.82 കോടി രൂപയും ആശുപത്രികളെ ദേശീയഗുണനിലവാരത്തിലേക്ക് ഉയർത്താൻ കർമ്മപദ്ധതിയും തയ്യാറാക്കി വരുന്നു.

# വിജയമുദ്രകൾ ഭാവിരേഖകൾ

- സൗജന്യ സട്രോക്ക് ചികിത്സാസംവിധാനം 10 ജില്ലകളിൽ യാഥാർഥ്യമാക്കി.
- ഏറ്റവും കുറവ് മാതൃ, ശിശുമരണമുള്ള സംസ്ഥാനം.
- ദേശീയ സാമൂഹിക പുരോഗതി റിപ്പോർട്ടിൽ ആരോഗ്യ പരിചരണത്തിലും പോഷകാഹാരത്തിലും കേരളം മുന്നിൽ.
- മാതൃശിശു സൗഹൃദ ആശുപത്രി ഇനിഷ്യേറ്റീവ് രാജ്യത്ത് ആദ്യം.
- ഇന്ത്യയിൽ ആദ്യമായി വൺ ഹെൽത്ത് പദ്ധതി നടപ്പിലാക്കി.
- ആന്റി ബയോഗ്രാം പുറത്തിറക്കുന്ന രാജ്യത്തെ ആദ്യസംസ്ഥാനം.
- സർക്കാർ ആശുപത്രികളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യാഥാർഥ്യമാക്കി. (മെഡി. കോളേജുകളിൽ 12.17 കോടിയിൽ നിന്നും 25.42 കോടിയാക്കി).
- ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്, മെഡിക്കൽ പ്രാക്ടീഷ്യനേഴ്സ്, പകർച്ചവ്യാധി പ്രതിരോധം എന്നീ ബില്ലുകൾ യാഥാർഥ്യമാക്കി.

## എസ്.എം.എ. ക്ലിനിക്

അപൂർവ രോഗമായ സ്പൈനൽ മസ്കുലർ അട്രോഫി (എസ്.എം.എ) അസുഖത്തിന് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം എസ്എടി ആശുപത്രിയിൽ ക്ലിനിക് ആരംഭിച്ചു. എസ്.എം.എ. രോഗികളുടെ സ്പൈൻ സർജറിയ്ക്ക് ആദ്യസംവിധാനം നിലവിൽവന്നു. എസ്എംഎ രോഗത്തിന് സർക്കാർതലത്തിൽ സൗജന്യമായി മരുന്ന് നൽകുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനം കേരളമാണ്.

## ആദിവാസി മേഖലയ്ക്ക് കരുതൽ

ആദിവാസി മേഖലകളിലെ സമഗ്ര ആരോഗ്യ വികസന പ്രവർത്തനങ്ങൾക്കായി 11.78 കോടി അനുവദിച്ചു. ഇടുക്കിയിലെ ഇടമലക്കുടി, ചട്ടമൂന്നാർ എന്നീ ആശുപത്രികളിൽ തസ്തിക അനുവദിച്ച് പ്രവർത്തന മാരംഭിക്കാൻ നടപടി സ്വീകരിച്ചു.

ഗോത്രമേഖലയിലെ ആശുപത്രികളുടെ വികസനവുമായി ബന്ധപെട്ട 199 ആന്റി റാബിസ് ക്ലിനിക്കുകൾക്ക് അനുമതി നൽകുകയും സിക്കിൾസെൽ രോഗികൾക്ക് 108 ആംബുലൻസ് സേവനം ലഭ്യമാക്കുകയും ചെയ്തു. കോട്ടത്തറ ആശുപത്രിയുടെ വികസനവുമായി ബന്ധപെട്ട ലെവൽ 3 ആംബുലൻസ് സേവനവും ലഭ്യമാക്കി. കോട്ടത്തറ ആശുപത്രിയിൽ ആദ്യ സ്തനാർബുദ ശസ്ത്രക്രിയ വിജയകരമായി നടത്തി.

ദീർഘകാലാടിസ്ഥാനത്തിൽ ആദിവാസി സമൂഹത്തിന്റെ ആരോഗ്യസംരക്ഷണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ അട്ടപ്പാടിക്കായി സ്പെഷ്യൽ ഇന്റർവെൻഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

## ഇ- സഞ്ജീവനി

ആരോഗ്യ സ്ഥാപനങ്ങളിലുള്ള തിരക്ക് കുറയ്ക്കുന്നതിനായ് ആരംഭിച്ച ഇ- സഞ്ജീവനി, ഡോക്ടർ ടു ഡോക്ടർ സേവനങ്ങൾ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചു. ഇ- സഞ്ജീവനി വഴി എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കി. ത്രിതല ഹബ്ബ് ആന്റ് സ്പോക്ക് സംവിധാനത്തിനും അനുമതി നൽകി.


## മെഡിക്കൽ കോളേജുകളുടെ സേവനനിലവാരം ഉയർത്തി

കേരളത്തിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തി. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആദ്യമായി ക്യാൻസർ രോഗികൾക്ക് നൂതന റേഡിയേഷൻ നൽകുന്ന ഉപകരണമായ ലിനാക് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. മെഡിക്കൽ കോളേജുകളുടെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന് ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. പൈലറ്റടിസ്ഥാനത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രത്യേക ടീമിനെ നിയോഗിച്ചു. ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ കോഴിക്കോട് ഗവ. മെഡിക്കൽ കോളേജുകളിൽ കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി ആരംഭിച്ചു. ഈ സർക്കാർ വന്ന ശേഷം കുറഞ്ഞ നാൾകൊണ്ട് 26 സ്പെഷ്യാലിറ്റി സീറ്റുകൾക്കും ഒൻപത് സൂപ്പർ സ്പെഷ്യാലിറ്റി സീറ്റുകൾക്കും അനുമതി നേടി. മെഡിക്കൽ രംഗത്ത് 1330 സീറ്റുകളും നഴ്സിങ്ങിന് 832 സീറ്റുകളും വർധിപ്പിച്ചു.

## ആയുഷ് മേഖല

ആയുഷ് വിഭാഗങ്ങൾക്ക് ആരോഗ്യ മേഖലയിൽ കൂടുതൽ പ്രാധാന്യം നല്കുന്നതിന്റെ ഭാഗമായി 97.77 കോടി രൂപയുടെ വികസനപദ്ധതികൾക്ക് അംഗീകാരം നൽകി. ആയുഷ് മേഖലയിൽ ഇ- ഹോസ്പിറ്റൽ സംവിധാനം നടപ്പിലാക്കി. 280 ആയുഷ് ഡിസ്പെൻസറികളെ കൂടി ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളാക്കി ഉയർത്തി. ഇതോടെ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകൾ ആകെ 520 ആയി.

കണ്ണൂരിലെ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബി മുഖേന 114 കോടി രൂപ അനുവദിച്ചു. ഈ പദ്ധതിയുടെ ആദ്യഘട്ടമായ ഗവേഷണ ആശുപത്രി, മാനുസ്ക്രിപ്റ്റ് സെന്റർ എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾ ദ്രുതഗതിയിയിലാണ്. ആറ് കേന്ദ്രങ്ങളിൽ സ്ത്രീകളുടെ പരിപൂർണ്ണ ആരോഗ്യത്തിന് വേണ്ടിയുള്ള സിദ്ധ ചികിത്സാ പദ്ധതിയായ 'മഗിളർ ജ്യോതി' ആരംഭിച്ചു. ഹോമിയോപ്പതി ചികിത്സയുടെ ഭാഗമായി ഹോമിയോപ്പതി വകുപ്പിന് കീഴിൽ വിവിധ ശാസ്ത്രീയ ഗവേഷണങ്ങൾക്ക് ഹാർട്ട് പദ്ധതി ആരംഭിച്ചു. ■


Date of Publication: 01.04.2023
RNI No.2014/58028 Price: 12.00
To go with the flow, along slow-moving canals, to find deep journeys in little country boats, to catch the drift of conversations under quaint log bridges, and discover close-knit lives on distant islands.
HUMAN by NATURE
kerala
God's Own Country
keralatourism.org
Printed and Published by H. Dineshan IAS, Director, Information Public Relations Department on behalf of Government of Kerala and Printed at Orange Printers Pvt Ltd, Thiruvananthapuram, Kerala.
Published from Information Public Relations Department,
Govt of Kerala, Government Secretariat, Thiruvananthapuram-695001.
Editor: H. Dineshan IAS